2009 സെപ്റ്റംബർ
ഹി.ശ 1388 - തബൂക്ക്
1430 റമസാൻ - ശവ്വാൽ
പുസ്തകം 81 ലക്കം 9
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

സ്ഥാപിതം
1925

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീക

## ഉള്ളടക്കം


4 യുഗശബ്ദം

5 മുഖക്കുറിപ്പ്

ലേഖനം

6 ദൈവത്വത്തെ വികലമാക്കുന്ന ദൈവസങ്കല്പം
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

7 സത്യസന്ധരായി ജീവിക്കുക അത് ജീവിതാഭിവൃദ്ധിയുണ്ടാക്കും
ഖലീഫത്തുൽ മസീഹ് V

13 നബി(സ) തിരുമേനിയുടെ വിട്ടുവീഴ്ചയും മാപ്പും
മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

15 അധികാരശക്തിയുടെ പ്രയോഗം പ്രവാചകന്മാരുടെ മാർഗ്ഗമല്ല
ഏ.എം. മുഹമ്മദ് സലിം

18 മഹാത്മാക്കൾക്കെതിരെയുള്ള പീഡനം
മുഹമ്മദ് ഉമർ

21 എച്ച് വൺ എൻ വൺ രോഗം ഒരു വൻദുരന്തമായി മാറുമോ....?
ഏ.ക്യു. മഹ്ദി

25 വാഗ്ദത്ത മസീഹ് ഖിലാഫത്തിന്റെ പുനഃസ്ഥാപകൻ
ഫരീദ് അഹ്മദ് യു.കെ.

28 ശൈഖ് അബ്ദുൽ ഖാദിർ ജീലാനി (റഹ്)യുടെ ഉപദേശങ്ങൾ
എം. നദീം സിദ്ധീക്ക്

29 പ്രബോധനത്തിനുള്ള മറുപടി - 2
മുഹമ്മദ് സലിം, കൊടുങ്ങല്ലൂർ

33 അല്ലാഹുവിന്റെ വാഗ്ദാനമായ ഖിലാഫത്തും ഇസ്‌ലാമിന്റെ വിജയജൈത്രയാത്രയും
എ.ക്യു. മഹ്ദി

കുറിപ്പുകൾ

35 ജിന്ന പുനർജനിക്കുന്നു.

39 വാർത്തകൾ

അനുസ്മരണം


മുഖചിത്രം :
**മസ്ജിദുന്നബവി**


| | | | |
|---|---|---|---|
| **ചീഫ് എഡിറ്റർ** | : | മുഹമ്മദ് അയ്യൂബ് | Mob : 9895308227 |
| **എഡിറ്റർ** | : | ഏ. എം. മുഹമ്മദ് സലിം | Mob : 9895263384, **E-mail: salimqld@yahoo.in** |
| **മാനേജർ** | : | അഹ്മദ് ഹസ്സൻ | Mob : 9446482108 |

**അസി. മാനേജർ**
കെ.എം. അഹ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com



Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, Calicut - 1.

**2009 September** Regd. No. 3337/75, Postal Regn. No. KL/CT/108/2009-11. Estd. 1925 **Vol. L XXXI No. 9**
Licensed to post without pre-payment, Licence No : KL/PMG/NR/WPP/16/KKD/09-11 **Price Rs. 15/-**
**THE SATHYADOOTHAN MONTHLY**

## ഖുർആനിൽ നിന്ന്

തീർച്ചയായും (ശത്രു) ജനം നിങ്ങൾക്കെതിരായി സംഘടിച്ചിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ അവരെ ഭയപ്പെടുകയെന്ന് ആളുകൾ അവരോട് പറഞ്ഞു. അപ്പോൾ അത് അവർക്ക് സത്യവിശ്വാസത്തെ വർദ്ധിപ്പിച്ചു. ഞങ്ങൾക്ക് അല്ലാഹു മതി അവൻ ഏറ്റവും നല്ല കാര്യനിർവാഹകനാണ്' എന്നു പറയുകയും ചെയ്തവരാണവർ.

***(4:174)***

## നബിവചനം

ഇബ്നു അബ്ബാസ്(റ)ൽ നിന്നും നിവേദനം: ശത്രുക്കൾ നിങ്ങൾക്കെതിരെ വമ്പിച്ചൊരു സൈന്യത്തെ ശേഖരിച്ചുനിർത്തിയിട്ടുണ്ട്. അതുകൊണ്ട് അവരെ ഭയന്നുകൊള്ളുക" എന്ന് ജനങ്ങൾ തിരുമേനി(സ)യെ ഉണർത്തിയ അവസരത്തിൽ തിരുമേനി(സ)യുടെ വിശ്വാസത്തിന് ദാർഢ്യം കൂടുകയാണുണ്ടായത്. നമുക്ക് അല്ലാഹു മതി. ഏറ്റവും നല്ല കാര്യനിർവ്വാഹകൻ അവനത്രെ എന്നാണ് തിരുമേനിയും അനുചരന്മാരും അന്നേരം പറഞ്ഞത്. ***(ബുഖാരി)***

**യുഗശബ്ദം**



# അല്ലാഹു നമുക്ക് വിജയം തരും

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

അല്ലയോ എന്റെ 'ബൈഅത്തിൽ' പ്രവേശിച്ചിട്ടുള്ള എന്റെ പ്രിയപ്പെട്ട സ്നേഹിതരെ, അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ; ഇന്നു നിങ്ങൾ വളരെ കുറച്ചു പേരാണ്. നിങ്ങൾ നിന്ദാദൃഷ്ടിയോടെ വീക്ഷിക്കപ്പെടുകയും ചെയ്യുന്നു. നിങ്ങൾ ഒരു പരീക്ഷണകാലഘട്ടത്തെ തരണം ചെയ്തുകൊണ്ടിരിക്കുകയാണ്. പണ്ടുപണ്ടേ നടന്നുപോന്ന അല്ലാഹുവിന്റെ ഒരു സുന്നത്തനുസരിച്ചുള്ളതാണിത്. നിങ്ങൾ തോറ്റുപോകുന്നതിന് എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള ശ്രമങ്ങളുണ്ടാകും. നിങ്ങൾ എല്ലാ പ്രകാരത്തിലും ഭർത്സിക്കപ്പെടുകയും പലവിധങ്ങളായ ദുർഭാഷണങ്ങൾ നിങ്ങൾക്ക് കേൾക്കേണ്ടി വരികയും ചെയ്യും. നാവുകൊണ്ടോ കൈകൊണ്ടോ നിങ്ങളെ ദുഃഖിപ്പിക്കുന്ന ഓരോ ആളും തങ്ങൾ ഇസ്ലാമിനെ സഹായിക്കുകയാണെന്നു കരുതും. ദൈവികമായ ചില പരീക്ഷണങ്ങളും നിങ്ങളുടെ മേൽവരും. എല്ലാതരത്തിലും നിങ്ങൾ പരീക്ഷിക്കപ്പെടാൻ വേണ്ടിത്തന്നെ. ആകയാൽ, നിങ്ങൾ വിജയശ്രീലാളിതരായിത്തീരുന്നത്, നിങ്ങൾ ശുഷ്ക്കമായ തർക്കവിതർക്കങ്ങളിൽ ഏർപ്പെടുന്നതുകൊണ്ടോ പരിഹാസത്തിനു പകരം പരിഹാസവാക്കുകൾ പ്രയോഗിക്കുന്നതുകൊണ്ടോ ശകാരത്തിനു പകരം ശകാരം ഉതിർക്കുന്നതുകൊണ്ടോ അല്ലെന്നു മനസ്സിലാക്കിക്കൊൾവിൻ.

***(ഇസാലയെ ഔഹാം)***

മുഖക്കുറിപ്പ്

# ദൈവം നിശ്ചയിച്ച ജീവിതലക്ഷ്യം

മനുഷ്യന്റെ ജനനവും ജീവിതവും അവന്റെ ഇച്ഛാശക്തികൊണ്ടോ ബോധത്താലോ സംഭവിച്ചതല്ല. സ്രഷ്ടാവായ ദൈവത്തിന്റെ അനുഗ്രഹകേദാരത്തിൽ ഒരു പരാദത്തെ പോലെ ജീവിക്കുന്ന മനുഷ്യൻ പരാശ്രിതനും സ്രഷ്ടാവിന്റെ ഒരു സൃഷ്ടിയും മാത്രമാണ്. അതുകൊണ്ട് തന്നെ അവന്റെ ജീവിതലക്ഷ്യം സ്വയം നിർണ്ണയിക്കുന്നത് യുക്തിസഹമല്ല.

മനുഷ്യൻ, അവൻ ഇച്ഛിച്ചാലും ഇല്ലെങ്കിലും മരണം ഒരു നാൾ അവനെ പരിഗ്രഹിക്കുന്നു. അല്ലാഹു ഖുർആനിൽ പറയുന്നു: ***നിങ്ങൾ എവിടെയായിരുന്നാലും മരണം നിങ്ങളെ പിടികൂടും. നിങ്ങൾ സുശക്തമായി പണിതുയർത്തപ്പെട്ട കോട്ടകൾക്കുള്ളിലായാലും ശരി*** (6:64). പിന്നീട് മനുഷ്യാത്മാവ് അദൃശ്യവും അജ്ഞാതവുമായ ഒരിടത്തേക്ക് മാറ്റപ്പെടുന്നു. മനുഷ്യൻ മനസ്സിലാക്കിയ സത്യങ്ങളിൽവെച്ച് സർവ്വജനസുഗ്രഹമായ ഒരേയൊരു സത്യമാണ് മരണം. പക്ഷേ പാപികളായ നാം ഏറ്റവും കൂടുതൽ മറക്കുന്നതും ഈ സത്യമാണ്. ഇത്തരം ദൈവവിധിയുടെ അലംഘനീയ യാഥാർത്ഥ്യങ്ങൾക്കിടയിൽ വിധേയനും, ആശ്രിതനും ശരണാർത്ഥിയുമായി നിസ്സഹായനായ മനുഷ്യൻ കഴിയുന്നു. നമ്മുടെ ജീവിതത്തിൽ അരങ്ങേറുന്ന മിക്ക സംഭവങ്ങളും ഉത്ഭവിക്കുന്നത് നമ്മുടെ കരങ്ങൾക്ക് എത്തിപ്പിടിക്കാൻ കഴിയാത്ത മണ്ഡലത്തിൽ നിന്നാണ്. അവയെപറ്റി മുൻകൂട്ടി അറിയാൻ നമുക്ക് സാധ്യമല്ല. അല്ലാഹു പറയുന്നു.

***'അവൻ തന്നെയാണ് ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്യുന്നത്. മരിപ്പിക്കുകയും ജീവിപ്പിക്കുകയും ചെയ്യുന്നതും അവൻ തന്നെ. രേതസ്കണം തെറിപ്പിക്കപ്പെടുമ്പോൾ അതിൽനിന്നും ആൺപെൺ എന്നീ രണ്ടിനങ്ങളെ സൃഷ്ടിക്കുന്നതും അവൻ തന്നെയാണ്. പുനരുത്ഥാനം ചെയ്യിക്കുന്നതും അവന്റെ ചുമതലയാണ്. മനുഷ്യനെ സമ്പന്നനാക്കുന്നതും പരാശ്രയരഹിതനാക്കുന്നതും അവൻ തന്നെ'*** (53:44-49).

ഇത്രയും നിസ്സഹായനും അരക്ഷിതനുമായ മനുഷ്യന്റെ ജീവിതലക്ഷ്യം എന്താണെന്ന് അവന്റെ സ്രഷ്ടാവായ അല്ലാഹു നിശ്ചയിച്ചിരിക്കുന്നു. ***'എന്നെ (അല്ലാഹുവിനെ) അറിയുന്നതിനും ആരാധിക്കുന്നതിനുമായിട്ടു മാത്രമാണ് ഞാൻ ജിന്നുകളേയും മനുഷ്യരേയും സൃഷ്ടിച്ചിരിക്കുന്നത്.*** (51:57)

***വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: 'ഈ ഖുർആൻ വാക്യമനുസരിച്ച് മനുഷ്യന്റെ ജീവിതോദ്ദേശ്യം സ്രഷ്ടാവായ ദൈവത്തെ അറിയുകയും അവനെ ആരാധിക്കുകയും അവന്നായ് കൊണ്ടു ജീവിക്കുകയും ആകുന്നു. തന്റെ ജീവിതത്തിനു സ്വേച്ഛയായ ഒരുദ്ദേശ്യം നിശ്ചയിക്കുവാൻ മനുഷ്യന് അധികാരമില്ല. എന്തെന്നാൽ അവൻ ഈ ലോകത്തു സ്വേച്ഛാനാനുരോധേന വരുകയോ സ്വമേധയാ ഇവിടെ നിന്നു തിരിച്ചുപോവുകയോ ചെയ്യുന്നില്ല. അവൻ ഒരു സൃഷ്ടി മാത്രമാണ് അവനെ നാസ്തിയായ അവസ്ഥയിൽ നിന്ന് ഉത്ഭവിപ്പിക്കുകയും അവനു ഇതര ജീവികളെ അപേക്ഷിച്ചു പാവനവും ഉൽകൃഷ്ടവുമായ ശക്തികളും ബോധങ്ങളും പ്രദാനം ചെയ്യുകയും ചെയ്തിരിക്കുന്ന സ്രഷ്ടാവുതന്നെ അവന്റെ ജീവിതത്തിനു ഒരുദ്ദേശ്യം കല്പിച്ചിട്ടുണ്ട്. ഈ സംഗതി അവനു മനസ്സിലാക്കിയാലും ഇല്ലെങ്കിലും അവന്റെ ജീവിതോദ്ദേശ്യം യഥാർത്ഥത്തിൽ ദൈവത്തെ അറിയുകയും അവനെ വണങ്ങുകയും അവനിൽ ലയിക്കുകയുമാണെന്നതു നിസ്സന്ദേഹമാണ് (ഇസ്‌ലാം മതതത്വജ്ഞാനം)***

ലേഖനം

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)
വാഗ്ദത്ത മസീഹ്

# ദൈവത്വത്തെ വികലമാക്കുന്ന ദൈവസങ്കല്പം

ആര്യന്മാർ വിശ്വസിക്കുന്നത് പരമേശ്വരൻ ഒരു ആത്മാവിനെയും സൃഷ്ടിച്ചിട്ടില്ല എന്നാണ്. എല്ലാ ആത്മാക്കളും അനന്തവും അസൃഷ്ടങ്ങളുമാണെന്നും അവർ വിശ്വസിക്കുന്നു. ഒരു മനുഷ്യന് അനശ്വരമായ മോക്ഷം ലഭിക്കില്ല എന്നും അവർ കരുതുന്നു. അതായത് മോക്ഷത്തിന്റെ ഭവനത്തിൽ പ്രവേശിക്കപ്പെട്ടതിനുശേഷം ഓരോ ആത്മാവും ഒരു നിശ്ചിത കാലത്തിനുശേഷം ബഹിഷ്കൃതനാവുകയും ഭൂമിയിലേക്ക് വീണ്ടും പ്രത്യാനയിക്കപ്പെടുകയും ചെയ്യുന്നു. ഈ രണ്ടു തത്വങ്ങളും അസ്വീകാര്യമാണ്. ഒന്നാമത്തേത് സർവ്വശക്തനായ ദൈവത്തിന്റെ ഏകത്വത്തെ നിഷേധിക്കുന്നു. തീർച്ചയായും അതുവഴി അവന്റെ ദൈവത്വത്തേയും ഈ തത്വം നിഷേധിക്കുന്നു. രണ്ടാമത്തെ തത്വം അസ്വീകാര്യമാവുന്നത്. അത് ദൈവത്തിന്റെ വിശ്വസ്തനായ ഒരു ദാസനു നേരെ അനാവശ്യമായ അന്യായം ഉൾക്കൊള്ളുന്നു എന്നത് കൊണ്ടാണ്.

എല്ലാ ആത്മാക്കളും വസ്തുക്കളുടെ പരമാണുക്കളും അനന്തവും അസൃഷ്ടങ്ങളുമാണെന്ന് കരുതുകയാണെങ്കിൽ അത്തരം സങ്കല്പങ്ങൾ നിരവധി തിന്മകൾ ഉല്പാദിപ്പിക്കും. ഉദാഹരണത്തിന്, അത്തരമൊരു പരികല്പനയിൽ ദൈവാസ്തിക്യം സ്ഥാപിക്കാൻ ഒരു വാദവും ഉന്നയിക്കാൻ സാധ്യമല്ല. എല്ലാ ആത്മാക്കളും പരമാണുക്കളും സ്വയംഭൂവുമാണെങ്കിൽ അതിനെ സംയോജിപ്പിക്കേണ്ട ആവശ്യത്തിന്നായി മാത്രം ഒരു സ്രഷ്ടാവിന്റെ ആവശ്യമില്ല. എല്ലാം തന്നെ സ്വയംഭൂവും അസൃഷ്ടങ്ങളുമാണെങ്കിൽ അവയെല്ലാം ഒരുമിച്ചു കൂട്ടാൻ ഒരു പരമേശ്വരന്റെ ആവശ്യമെന്തെന്ന് ഒരു നിരീശ്വരവാദിക്ക് ചോദിക്കാവുന്നതാണ്.

അത്തരം തത്വങ്ങളിൽ നിന്നും ഉദ്ഭൂതമാവുന്ന മറ്റൊരു തിന്മ ദൈവത്തിന്റെ ദൈവത്വം അത് കവർന്നെടുക്കുന്നു എന്നതാണ്. ആത്മാവിൽ നിക്ഷേപിക്കപ്പെട്ട അത്ഭുതകരമായ ഗുണങ്ങൾ പദാർത്ഥങ്ങളിലെ പരമാണുക്കളുടെ കേവല സംയോജനത്തിലൂടെ സൃഷ്ടിക്കപ്പെടുന്നതല്ല എന്ന് മനഃശ്ശാസ്ത്രത്തെ സംബന്ധിച്ചും ആത്മാവിന്റെ ഗുണങ്ങളെ സംബന്ധിച്ചും അഗാധമായി പഠിച്ചിട്ടുള്ളവർക്കറിയാം. ഉദാഹരണത്തിന് ആത്മാവിന് ചില ഗുണങ്ങളുണ്ട്. ആത്മാവ് വേണ്ടവിധം ശ്രമിക്കുമ്പോൾ മറഞ്ഞു കിടക്കുന്ന ജ്ഞാനങ്ങൾ കരഗതമാവുന്നു. അവക്ക് യുക്തിജ്ഞാനത്തിനുള്ള കഴിവുമുണ്ട്. അതിന്റെ പ്രവർത്തനത്തിലൂടെ ധൈഷണിക വിഷയങ്ങളിൽ അതിന് ജ്ഞാനം ലബ്ധമാവുന്നു. കൂടാതെ അതിന് സ്നേഹം എന്ന ഗുണമുണ്ട്. അതിന്റെ ബലത്തിൽ അത് ദൈവത്തെ കൊള്ളേ ചായുകയും ചെയ്യുന്നു. ഒരു സ്രഷ്ടാവിനെ കൂടാതെയാണ് ഈവിധ ഗുണങ്ങളെല്ലാം നിലനില നിൽക്കുന്നതെങ്കിൽ ഇത് പരമേശ്വരനെ സംബന്ധിച്ച് വലിയൊരു അപമാനമാണ്. അത് അർത്ഥമാക്കുന്നത് ഏറ്റവും ഉന്നതവും മഹത്വമാർന്നതുമായ കാര്യങ്ങൾ സ്വയം ഭുവായി നിലനിൽക്കുമ്പോൾ നിസ്സാരവും താഴ്ന്നതുമായ കാര്യങ്ങൾ പരമേശ്വരന്റെ സൃഷ്ടിക്കായി വിടുകയും ചെയ്തിരിക്കുന്നു എന്നാണ്. ആത്മാവിന്റെ സ്വയംഭൂവായതും അത്ഭുതകരവുമായ ഗുണങ്ങളും ആത്മാവിന്റെ കഴിവുകളും പരമേശ്വരന്റെ പ്രവർത്തനങ്ങളേക്കാൾ എത്രയോ മികച്ചതാണ് എന്ന് കരുതേണ്ടിവരും. എത്രത്തോളമെന്നാൽ പരമേശ്വരൻ പോലും അതി ന്റെ മികവിനാൽ അത്ഭുതപ്പെടുന്നു. അതിനാൽ ആര്യന്മാരുടെ ഈ ദൈവസങ്കല്പം ദൈവത്തിന്റെ ഗുണങ്ങളെ ഗുരുതരമായി ദോഷം വരുത്തുന്നു. അതുകൊണ്ട് ദൈവവത്തിന്റെ അസ്തിത്വത്തിൽ യാതൊരു വ്യതിരിക്തതയും സംജാതമാവുന്നില്ല. ദൈവമഹത്വത്തെ ഉയർത്തിപ്പിടിക്കുന്ന യാതൊരു വാദമുഖവും ഈ ദൈവസങ്കല്പത്തിൽ നിന്നും ഉദ്ഭൂതമാവുന്നില്ല. ■

*(സുർമ ചശ്മെ ആര്യ)*

ലേഖനം

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ്

# സത്യസന്ധരായി ജീവിക്കുക അത് ജീവിതാഭിവൃദ്ധിയുണ്ടാക്കും

**2008 മെയ് 2ന് വെള്ളിയാഴ്ച അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, നൈജീരിയ ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ഖലീഫത്തുൽ മസീഹ് നടത്തിയ പ്രഭാഷണം**

വാഗ്ദത്ത മസീഹി(അ)ന്റെ ജമാഅത്തിൽ നിങ്ങൾ ചേർന്നതിനു ശേഷവും നിങ്ങളിലോ നിങ്ങളുടെ കുടുംബാംഗങ്ങളിലോ മറ്റുള്ളവർക്ക് യാതൊരു മാറ്റവും ദർശിക്കാൻ സാധിക്കുന്നില്ലെങ്കിൽ നിങ്ങളുടെ ഈ പ്രതിജ്ഞ നിഷ്ഫലമാണ്. വാഗ്ദത്ത മസീഹി(അ)ന്റെ ജമാഅത്തിൽ പ്രവേശിച്ച ഓരോ അഹ്മദിയും സ്വയം തന്നെ ആത്മപരിശോധന നടത്തണം. ഈ ജമാഅത്തിൽ ചേർന്നതിനുശേഷം എന്ത് നേട്ടമാണ് അവനുണ്ടാക്കിയിരിക്കുന്നത് എന്ന് അവൻ വിലയിരുത്തുക.

ശൈത്വാന്റെ പിടിയിൽ നിന്നും അവൻ എത്ര മോചിതനായി എന്നും തന്റെ മാർഗ്ഗത്തിൽ എന്തെല്ലാം തടസ്സങ്ങളാണ് ഉള്ളതെന്നും സ്വയം വിശകലനം ചെയ്തു മനസ്സിലാക്കേണ്ടതുണ്ട്. വിശുദ്ധ ഖുർആനിൽ പ്രവൃത്തിക്കാൻ പറഞ്ഞിട്ടുള്ള നന്മകൾ എന്തൊക്കെയാണെന്നും ഒരഹ്മദി അറിഞ്ഞിരിക്കണം. തന്റെ പ്രയത്നത്തിലെ വിജയം അവൻ എപ്പോഴും വിലയിരുത്തിക്കൊണ്ടിരിക്കണം. ഇങ്ങനെയാണ് ഒരഹ്മദി സ്വയം വിലയിരുത്തേണ്ടത്. ഇത് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദ് (അ) പറയുകയുണ്ടായി.

*'ദൈവവും അവന്റെ അടിയാറുകളും തമ്മിലുള്ള ബന്ധത്തിൽ ഉണ്ടായ അസന്നിഗ്ദതകൾ വിപാടനം ചെയ്ത് അല്ലാഹുവും അവന്റെ അടിയാറുകളും തമ്മിലുള്ള ബന്ധം സ്നേഹത്തിലും ആത്മാർത്ഥതയിലും പുനർനിർമ്മിക്കലാണ് അല്ലാഹു എന്നെ ഏല്പിച്ച ദൗത്യം.'*

*അതിനാൽ ജമാഅത്തിൽ പ്രവേശിക്കുന്നവരുടെ പ്രവേശനം യഥാർത്ഥമാവണമെങ്കിൽ അവർ അല്ലാഹുമായി സാമീപ്യം കരസ്ഥമാക്കാൻ ശ്രമിക്കുക. ദൈവസാമീപ്യം ലഭിക്കാൻ എന്താണ് നാം പ്രവൃത്തിക്കേണ്ടത്? അത് അല്ലാഹുവിന്റെ വിധിവിലക്കുകളനുസരിച്ച് ജീവിക്കാമെന്നത് മാത്രമാണ്. അതായത് അല്ലാഹുവിനോടുള്ള കടമകളും അല്ലാഹുവിന്റെ അടിമകളോടുള്ള കടമകളും നിറവേറ്റി ജീവിക്കുക എന്നതാണ്. അപ്പോൾ മാത്രമേ ഒരാളുടെ ആത്മീയാവസ്ഥ പ്രശോഭിതമാവുകയുള്ളൂ. അല്ലെങ്കിൽ പാപത്തിന്റെ അവസ്ഥ നമ്മിൽ പ്രമുഖമായി നിലകൊള്ളും. അഹ്മദിയായതിന് ശേഷവും നിങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഒരു പരിവർത്തനവും വരുത്തുന്നില്ലെങ്കിൽ ഒരഹ്മദിയും അനഹ്മദിയും തമ്മിൽ യാതൊരു വ്യത്യാസവും ഉണ്ടായിരിക്കുന്നതല്ല.*

*എന്റെ ജമാഅത്തിലുള്ള ആളുകൾ മറ്റുള്ളവർക്ക് ഒരു മാതൃകയാണ്. ബൈഅത്തിന് ശേഷവും ഒരാളുടെ ജീവിതം പഴയത് പോലെ തന്നെ അവിശുദ്ധവും മലിനീകൃതവുമായി തുടരുകയാണെങ്കിൽ അയാൾ ഏറ്റവും മോശപ്പെട്ട മാതൃകയായിരിക്കും. വിശ്വാസത്തിലും പ്രവൃത്തിയിലും അയാൾ ബലഹീനത പ്രദർശിപ്പിക്കുന്നു. ജമാഅത്തിനു മുഴുവൻ ചീത്തപ്പേരുണ്ടാക്കി അയാൾ വലിയ ക്രൂരതയാണ്*

*കാട്ടുന്നത്. അയാൾ നമ്മെ മറ്റുള്ള വരുടെ വിമർശനത്തിന് ശരവ്യനാക്കുക കൂടി ചെയ്യുന്നു. ചീത്ത മാതൃകയെ മറ്റുള്ളവർ വെറുക്കുന്നു. നല്ല മാതൃക മറ്റുള്ളവരെ ആകർഷിക്കുകയും അവരിൽ സ്നേഹം ജനിപ്പിക്കുകയും ചെയ്യുന്നു."*

ഒരു അഹ്മദി തന്റെ ജീവിതത്തിൽ ഗണ്യമായ ഒരു പരിവർത്തനം ഉണ്ടാക്കാതിരിക്കുകയും ഒരഹ്മദിയാണെന്ന് വിളിക്കപ്പെടുകയും ചെയ്യുകയാണെങ്കിൽ അയാൾ ജമാഅത്തിന് മൊത്തം ചീത്ത പേര് ഉണ്ടാക്കുന്നുവെന്ന് മാത്രമല്ല വാഗ്ദത്ത മസീഹിന് പോലും കളങ്കം വരുത്തിവെക്കുന്നു. ബൈഅത്ത് വേളയിൽ ജീവിതത്തിൽ പരിവർത്തനമുണ്ടാക്കാമെന്നുള്ള വാഗ്ദത്ത മസീഹുമായി നടത്തിയ കരാർ ലംഘിക്കുകയുമാണ് അ യാൾ ചെയ്യുന്നത്. അയാൾ ഖുർആന്റെ കല്പന സദാസമയവും ഓർത്തിരിക്കേണ്ടതാണ്.

***അവരുടെ നാഥന്റെ ദൃഷ്ടാന്തങ്ങൾ അവരെ ഓർമ്മപ്പെടുത്തുന്നതായാൽ ബധിരരും അന്ധരുമായി അവരതിനെ കൈകാര്യം ചെയ്യുകയില്ല. (25:74)***

ഈ വചനം വളരെ വ്യക്തമായും പറയുന്നത് യഥാർത്ഥ വിശ്വാസികൾ ദൈവത്തിന്റെ വചനങ്ങളെ സംബന്ധിച്ച് ഗാഢമായി ചിന്തിക്കുന്നവരായിരിക്കുമെന്നാണ്. അവരുടെ ദൃഷ്ടി അല്ലാഹുവിന്റെ ആ കല്പനകളിൽ പതിക്കുന്നില്ലെങ്കിൽ അവർ അന്ധരേയും മൂകരേയും പോലെ ആയിത്തീരും.

ധാർമ്മിക മൂല്യങ്ങളുടെ കൂട്ടത്തിൽ ഏറ്റവും സുപ്രധാനമായത്. സത്യസന്ധതയും വിശ്വസ്തയുമാണ്. അല്ലാഹു ഖുർആനിൽ പറയുന്നു:

***അതിനാൽ ബിംബാരാധനയുടെ മാലിന്യങ്ങളിൽ നിന്നും അകന്നിരിക്കുവിൻ കള്ളം പറയുന്നതിൽ നിന്നു അകന്നിരിക്കുക (22:31)***

ബിംബാരാധനയേയും കളവിനേയും ഒരേ സ്ഥലത്ത് പ്രതിപാദിച്ചതിനാൽ ഇത് രണ്ടും ഒരുപോലെയാണെന്ന വസ്തുതയിലേക്കാണ് അല്ലാഹു നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഒരു വശത്ത് നാം ഏകദൈവവിശ്വാസികളാണെന്ന് അവകാശപ്പെടുകയും ഈ അവകാശവാദം ഹദ്റത്ത് വാഗ്ദത്ത മസീഹി (അ) ന്റെ കരങ്ങളിൽ ബൈഅത്ത് ചെയ്തുകൊണ്ട് നാം പുതുക്കുകയും ചെയ്തുകൊണ്ടിരിക്കേ തന്നെ നാം കളവിനെ അഭയം തേടുകയും സത്യം പറയാതിരിക്കുകയും ചെ യ്യുന്നുവെങ്കിൽ അത് ബിംബപൂജ ക്ക് തുല്യമാണ്. സർവ്വശക്തനാണെന്ന ദൈവത്തിന്റെ കഴിവിനെ നിഷേധിക്കുകയും നിങ്ങളിലുള്ള അസത്യം ദൈവവിശ്വാസത്തേക്കാൾ ശക്തമാണെന്ന് തെളിയിക്കലുമാണ്.

ഉദാഹരണത്തിന് ഒരാൾ ഒരു തെറ്റ് ചെയ്തുകൊണ്ടിരിക്കെ, പിന്നീട് അയാൾക്കു തെറ്റ് ബോദ്ധ്യമായി. അല്ലാഹുവിന്റെ കല്പനക്ക് കീഴ്വണങ്ങി സത്യത്തിൽ ഉറച്ചുനിന്നു. അവന് അത് നഷ്ടമാണെങ്കിൽ പോലും ആ നഷ്ടം നികത്തിക്കൊടുക്കാൻ അല്ലാഹു മതിയായവനാണ്. അല്ലാഹു തന്റെ ഹൃദയം നന്നായി അറിയുന്നവനാണ്. അവൻ തനിക്ക് നന്മ വരുത്താൻ കഴിവുള്ളവനാണ്. ഇതെല്ലാം തന്നെ ഒരുവനെ അല്ലാഹുവിലേക്ക് അടുപ്പിച്ചു നിർത്തുന്നു. അതേസമയം ചീത്ത പ്രവൃത്തി അല്ലാഹുവിൽ നിന്നും അവനെ ദൂരപ്പെടുത്തുകയും ചെയ്യുന്നു.

മനുഷ്യൻ ഓരോ ഘട്ടത്തിലും കളവിനെ അഭയം തേടാറുണ്ട്. ഒരു കച്ചവടക്കാരൻ ചിലപ്പോൾ തന്റെ ചരക്കുകൾ വിറ്റഴിക്കാൻ വേണ്ടിയും, തൊഴിലാളി താൻ ചെയ്യാത്ത പ്രവൃത്തികൾ ചെയ്തുവെന്ന് വരുത്തിതീർക്കാനും, ഭാര്യാഭർത്താക്കന്മാർ പരസ്പരം സംശയിച്ചു കൊണ്ടും കളവിൽ അഭയം തേടാറുണ്ട്. സ്ത്രീ മാതാവ് എന്ന നിലക്ക് വളരെ ഉന്നതപദവി അലങ്കരിക്കുന്നവളാണ്. ഭാവിതലമുറയെ വളർത്തിയെടു ക്കേണ്ട ഉത്തരവാദിത്വവും അവർക്കുണ്ട്. ഒരു സ്ത്രീക്ക് കളവ് പറയുന്ന സ്വഭാവമുണ്ടെങ്കിൽ ആ കളവിൽ ആ തലമുറ അകപ്പെട്ടുപോകും. ആ കളവിന്റെ സ്വാധീനത്താൽ ആ തലമുറ ഒന്നിനുപിറകെ മറ്റൊന്നായി തിന്മകൾ ചെയ്തുകൊണ്ടേയിരിക്കും. ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു. ഒരുപാട് തിന്മകളുള്ള ഒരാൾ റസൂൽ തിരുമേനി (സ)യുടെ അടുക്കൽ വന്നു ഇപ്രകാരം പറഞ്ഞു: *'ഈ തിന്മകളൊന്നും തന്നെ ഒറ്റയടിക്ക് നിർത്തലാക്കാൻ എനിക്ക് സാധ്യമല്ല. പടിപടിയായി നിർത്തലാക്കാം അതിന്നായി ഏത് തിന്മയാണ് ആദ്യമായി ഉപേക്ഷിക്കേണ്ടതെന്ന് എനിക്ക് പറഞ്ഞു തരിക.'*

നോക്കൂ, വിശ്വാസിയായ ഒരാൾ തന്നിൽ ഒരു പരിശുദ്ധ പരിവർത്തനം വരുത്താനാഗ്രഹിക്കുന്നു. അയാൾ ഒരു യഥാർത്ഥ വി ശ്വാസിയാവാൻ ആഗ്രഹിച്ചയാളാണ്. പക്ഷേ എല്ലാ തിന്മയും ഒറ്റയടിക്ക് ഇല്ലാതാക്കി നല്ലവനാകാൻ അദ്ദേഹത്തിന് സാധ്യമാകുമായിരുന്നില്ല. അതുകൊണ്ട് ഒരു തിന്മ ഉപേക്ഷിച്ച് സാവകാശം നല്ലവനാകാം എന്ന സത്യസന്ധമായ അഭ്യർത്ഥനയാണ് അദ്ദേഹം പ്രകടിപ്പിച്ചത്. റസൂൽ

ഞ്ഞു. ഒന്നാമതായി അദ്ദേഹം കരുതിയിരുന്നത് കത്തും പാർസലിന്റെ ഭാഗമായിരിക്കുമെന്നാണ്. പാർസലിൽ അദ്ദേഹത്തിന്റെ തന്നെ പുസ്തകത്തിന്റെ കൈ യ്യെഴുത്ത് പ്രതിയായിരുന്നു. രണ്ടാമതായി അദ്ദേഹത്തിന് നിയമത്തെപറ്റി യാതൊന്നും അറിയില്ലായിരുന്നു. അതുവഴി ഗവൺമെന്റിന് യാതൊരു നഷ്ട വും വരുത്താൻ കരുതിക്കൂട്ടി ഉദ്ദേശിച്ചിട്ടില്ലായിരുന്നു. ജഡ്ജി വളരെ മാന്യനായ ഒരു ഇംഗ്ലീഷുകാരനായിരുന്നു. അദ്ദേഹം വാഗ്ദത്ത മസീഹിനെ കുറ്റവിമുക്തനാക്കി. വാ ഗ്ദത്ത മസീഹ് (അ) പറയുന്നു: ഇത്തരം സന്ദർഭങ്ങളിൽ ഞാനൊരിക്കലും തന്നെ കളവിനെ അഭയം പ്രാപിച്ചിരുന്നില്ല. സർവ്വശക്തൻ എന്നെ സഹായിക്കുകയും ചെ യ്തു. 'കള വ് പറയുന്നതിന് പകരമായി മറ്റൊന്നും തന്നെയില്ല എന്ന അവസ്ഥ എങ്ങനെയാണ് എനിക്ക് അംഗീകരിക്കാനാവുക? ഈ സംഭവം വാഗ്ദത്ത മസീഹ് എന്ന പദവി ലഭിക്കുന്നതിന് മുമ്പുണ്ടായ സംഭവമായിരുന്നു. അതുകൊണ്ട് ഓർക്കുക കളവ് പറയുന്നതും കള്ളസാക്ഷ്യം വഹിക്കുക എന്ന തും ഒരു മനുഷ്യനെ എല്ലാവിധ കുറ്റകൃത്യങ്ങളിലും ഭാഗഭാക്കാക്കുന്നതാണ്. ഈ ഗുരുതരമായ വിപത്തിനെപറ്റി പൂർവ്വ പ്രവാചകന്മാരും താക്കീത് നൽകിയിട്ടുണ്ട്. വിശുദ്ധ ഖുർആൻ ഈ കുറ്റങ്ങൾക്കെതിരെ വലിയ താക്കീതാണ് നൽകിയിരിക്കുന്നത്.

നിർഭാഗ്യകരമെന്ന് പറയട്ടെ ഈ കാലഘട്ടത്തിൽ ബിസിനസ്സ് നേട്ടങ്ങൾക്കായും, രാഷ്ട്രീയത്തിലും ദേശീയ താൽപര്യങ്ങൾക്കു വേണ്ടിയും കളവ് ധാരാളമായി പറയുന്നു. ഭൗതികോന്മുഖരായ ആളുകൾ അവരുടെ കാര്യസാധ്യയുണ്ടാക്കുന്ന കാര്യങ്ങളാണ്. അല്ലാഹു ഒരു സ്ഥലത്ത് വിശ്വാസികളെ സംബന്ധിച്ച് പറഞ്ഞത്.

***'അവർ കള്ളസാക്ഷ്യം പറയില്ല'*** (25:75) എന്നാണ്. ചുരുക്കത്തിൽ ഒരു വിശ്വാസി ഒരിക്കലും കളവ് പറയുകയോ കള്ളസാക്ഷ്യം വഹിക്കുകയോ ചെയ്യില്ല. ചിലർ കള്ളസാക്ഷ്യം പറയുന്നതിനെ സംബന്ധിച്ച് തീരെ ജാഗ്രതയില്ലാത്തവരാണ്. ചില കോടതികളിൽ പ്രത്യേകിച്ച് അവികസിതരാജ്യങ്ങളിലെ കോടതികളിൽ കള്ളസാക്ഷ്യങ്ങൾ നിർബാധം രേഖപ്പെടുത്തപ്പെടുന്നു. ഏതെങ്കിലും തരത്തിലുള്ള തർക്കങ്ങളോ കച്ചവടത്തർക്കങ്ങളോ സ്വത്ത് തർക്കങ്ങളോ ഉടലെടുക്കുമ്പോൾ. വക്കീലന്മാർ തങ്ങളുടെ കക്ഷികളെ കളവ് പറയാൻ നിർബന്ധിക്കുന്നു.

ഒരിക്കൽ വാഗ്ദത്ത മസീഹ് (അ) ഒരു കോടതി കേസിൽ പെട്ടു. അതായത് പാർസൽ നിയമം ലം ഘിച്ചുകൊണ്ട് പാർസൽ പാക്കറ്റിൽ പണം ലാഭിക്കാൻ വേണ്ടി ഒരു കത്ത് അടക്കം ചെയ്തു എന്നതായിരുന്നു കേസ്. വാഗ്ദത്ത മസീഹി(അ)ന്റെ അഭിഭാഷകൻ ഈ കത്ത് താൻ വെച്ചതല്ലെന്നും തന്റെ പേരിൽ മറുകക്ഷി വച്ചതാണെന്നും പറയാൻ പ്രേരിപ്പിച്ചു. വാഗ്ദത്ത മസീഹ് (അ) തന്റെ വക്കീലിനോട് ഇപ്രകാരം പ്രതിവചിച്ചു. 'ഞാൻ തന്നെയാണ് ആ കത്ത് വെച്ചത് എന്ന സ്ഥിതിക്ക് ഞാനെന്തിന് കളവ് പറയണം?' എന്നെ വക്കീലാക്കിയാൽ താങ്കൾ കളവ് പറയേണ്ടിവരും. ഇങ്ങനെയാണ് കേസിൽ താങ്കൾ പറയാൻ പോവുന്നതെങ്കിൽ ഒരു വക്കീലിന്റെ ആവശ്യമില്ല. അങ്ങനെ കേസ് കോടതിയിലെത്തി വാഗ്ദത്ത മസീഹ് (അ) താൻ തന്നെയാണ് ആ കത്ത് പാർസലിൽ വച്ചതെന്ന് പറ

തിരുമേനി(സ) അദ്ദേഹത്തോട് പറഞ്ഞത് ***'കളവ് പറയുന്ന ശീലം ഉപേക്ഷിക്കുക' എന്നാണ്. 'എന്നോട് താങ്കൾ എളുപ്പമുള്ള കാര്യമാണ് പറഞ്ഞത്'*** എന്ന് അദ്ദേഹം പ്രതിവചിക്കുകയുണ്ടായി. അദ്ദേഹം വീട്ടിലെത്തിയപ്പോൾ കളവ് പറയാനുള്ള ചിന്ത അദ്ദേഹത്തിൽ അങ്കുരിച്ചു. ഉടൻ തന്നെ തന്റെ പ്രതിജ്ഞയെപ്പറ്റി അദ്ദേഹത്തിന് ഓർമ്മ വന്നു. താൻ കളവു നടത്തുകയാണെങ്കിൽ പിടിക്കപ്പെട്ടാൽ കളവു പറയില്ല എന്ന് പ്രതിജ്ഞ ചെയ്തതാൻ, സത്യം പറഞ്ഞാൽ ശിക്ഷിക്കപ്പെടുമെന്നും അദ്ദേഹത്തിന് ബോദ്ധ്യമായി. കളവ് നടത്താനുള്ള ആഗ്രഹം ഉപേക്ഷിച്ചു. പിറ്റേദിവസം വ്യഭിചരിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. പിടിക്കപ്പെട്ടാൽ കളവ് പറയാതെ സത്യം പറഞ്ഞാൽ ഞാൻ ശിക്ഷിക്കപ്പെടുമെന്ന് അയാൾ ഓർമ്മിച്ചു. അങ്ങനെ എല്ലാ തവണയും ഒരു തിന്മ ചെയ്യാൻ പ്രേരിതനാവുമ്പോൾ സത്യം മാത്രമേ പറയൂ എന്ന പ്രതിജ്ഞ അദ്ദേഹത്തിന് ഓർമ്മവരികയും ആ തെറ്റുകളിൽ നിന്നെല്ലാം അയാൾ മോചിതനാവുകയും ചെയ്തു. ഇങ്ങനെ ഒരു തിന്മ ഉപേക്ഷിച്ചുകൊണ്ട് എല്ലാ ദുശ്ശീലങ്ങളിൽ നിന്നും അയാൾ മോചിതനായി. പിന്നീടൊരിക്കൽ അദ്ദേഹം റസൂൽ തിരുമേനി (സ)യോട് പറഞ്ഞത്. അവിടുന്ന് എന്നോട് ഒരു തിന്മ ഉപേക്ഷിക്കാൻ പറഞ്ഞു കൊണ്ട് ഞാൻ എല്ലാ തിന്മയും ഉപേക്ഷിച്ചവനായി മാറി എന്നാണ്.

അതുകൊണ്ട് എല്ലാ സത്യസന്ധരായ വിശ്വാസികളും ഓർത്തിരിക്കേണ്ട കാര്യം. കളവ് പറയുക കള്ളസാക്ഷ്യം പറയുക എന്നതും, കളവ് പറയുന്നവരുടെ കൂടെ ഇരിക്കുക എന്നതും ഒരു വിശ്വാസിക്ക് തന്റെ വിശ്വാസവുമായി അകൽച്ച

ത്തിന്നായും കളവ് നിർലോഭം പറയുന്നു. അവരുടെ സുരക്ഷ ഇങ്ങനെ കളവ് പറയുന്നതിലാണെന്ന് അവർ കരുതുന്നു. ഈ ലോകത്ത് മാത്രമല്ല പരലോകത്തും കളവ് പറയുന്നതിനെതിരെ അവർ കണക്ക് ബോധിപ്പിക്കേണ്ടി വരുമെന്ന കാര്യം അവർ മറന്നുപോകുന്നു. കളവ് പറയുക എന്നത് അല്ലാഹുവിന്റെ അപ്രീതി കരസ്ഥമാക്കുന്ന ഒരു കുറ്റമാണ്. അല്ലാഹു ഇത് 'ശിർക്കി'നെ (ദൈവത്തിൽ പങ്ക് ചേർക്കൽ) പോലെയുള്ള ഒരു കുറ്റമാണെന്നാണ് കണക്കാക്കുന്നത്. മറ്റൊരു കാര്യം കൂടി നാം മനസ്സിലാക്കണം. സത്യസന്ധത നിങ്ങളുടെ രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കും. മറ്റു പുരോഗമിച്ച വികസിത രാജ്യങ്ങൾക്കൊപ്പം തോളോടു തോൾ ചേർന്ന് നില്ക്കാൻ നിങ്ങളെ പ്രാപ്തരാക്കും. സത്യസന്ധത യൂറോപ്പിന് വളരെയേറെ പുരോഗതി നൽകിയിട്ടുണ്ട്.

യൂറോപ്യൻമാർ അവരുടെ മറ്റു വ്യവഹാരങ്ങളിൽ അവരുടെ സ്വന്തം ജനതയോടും അന്യരോടും പലവിധ കളവുകളും നടത്തുന്നവരാണ്. പക്ഷേ അവരുടെ പുരോഗതിയുടെ അടിസ്ഥാനം അവരുടെ കച്ചവടത്തിലും വ്യവസായത്തിലുമുള്ള സത്യസന്ധതയാണ്. അവ രുടെ സത്യവും വിശ്വസ്തതയും അവർ ഉയർന്ന നിലവാരത്തിൽ ഇവിടെ പാലിക്കുന്നതിനു പുറമെ ലേബലിൽ പരസ്യപ്പെടുത്തിയ അതേ ഉല്പന്നം തന്നെയായിരി ക്കും പാക്കറ്റിനകത്തുള്ളതും. അല്ലാഹു ആരുടേയും സ്വന്തക്കാരല്ലെന്ന് താക്കീത് ചെയ്യപ്പെട്ടിട്ടുണ്ടെ ന്ന് ഓർക്കുക. അതുകൊണ്ട് അവർ ദീർഘകാലം അവരുടെ വ്യവസായത്തിലും കച്ചവടത്തിലും ഈ സത്യസന്ധത പാലിച്ചത് കൊണ്ട് അവർക്ക് ലാഭമുണ്ടായി. പക്ഷേ എപ്പോഴാണോ ഈ സത്യസന്ധത അവർക്ക് കൈമോശം വന്നത്. അപ്പോൾ അവരുടെ സംരംഭങ്ങളെ ല്ലാം നഷ്ടമാവുകയും അതെല്ലാം അടച്ചുപൂട്ടുകയും ചെയ്തു.

നൈജീരിയ എന്ന ഈ രാജ്യം വളരെയേറെ പ്രകൃതിവിഭവങ്ങൾ കൊണ്ടനുഗ്രഹീതമായ ഒരു രാജ്യമാണ്. ഇവിടെ കാർഷികമായ അഭിവൃദ്ധിയുണ്ടാക്കാൻ ഒരുപാട് സാ ധ്യതകളുണ്ട്. ഈ സാധ്യതകളെ പ്രയോജനപ്പെടുത്തി വികസിത രാജ്യങ്ങളോടൊപ്പം മുന്നേറാൻ നൈജീരിയക്ക് സാധിക്കും. ഒന്നാമതായി അഹ്മദികൾ വളരെ പ്രത്യേകമായി സത്യം പാലിക്കുന്നതിൽ യാതൊരു വിട്ടുവീഴ്ചക്കും വിധേയമാവാതെ നിലകൊള്ളണം. അവരുടെ രാജ്യത്തിന് അല്ലാഹു നൽ കിയ അനുഗ്രഹങ്ങൾ ഏറ്റവും നല്ല നിലയിൽ ഉപയോഗപ്പെടുത്തണം. ഈ രാജ്യത്തെ ജനതകൾക്കൊട്ടാകെ മാതൃകയായിക്കൊണ്ട് സത്യസന്ധരായി നിലകൊള്ളണം.

ഒരു രാജ്യം പുരോഗമിക്കുന്നതിനുള്ള രണ്ടാമത്തെ കാര്യം കരാറുകളും വാഗ്ദാനങ്ങളും പാലിക്കുക എന്നതാണ്. രാജ്യപുരോഗതിക്ക് വേണ്ടി മാത്രമല്ല. മനുഷ്യാവകാശത്തിനും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനും കരാറുകളും വാഗ്ദാനങ്ങളും പാലിക്കേണ്ടതുണ്ട്. നിങ്ങളെ വിശ്വാസപൂർവ്വം ഏല്പിക്കപ്പെട്ട എല്ലാ കാര്യങ്ങളും നിങ്ങൾ പൂർത്തിയാക്കണം. നിങ്ങൾ ഇങ്ങനെ ഉന്നതമായ നിലവാരം പാലിക്കുക. ഇങ്ങനെ വിശ്വസ്തത പാലിക്കുന്നതിൽ എല്ലാ അഹ്മദികളും രാജ്യത്തിന് ഉത്തമ മാതൃകയായി വർത്തിക്കണം. ഇത് സംബന്ധിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്ന ഉപദേശം ശ്രദ്ധേയമാണ്.

***തങ്ങളുടെ അമാനത്തുകളും കരാറുകളും പാലിക്കുന്നവരും (25:9)***

ഇതാണ് ഒരു വിശ്വാസിയുടെ ഏറ്റവും തനിമയാർന്ന മുഖമുദ്ര. ഏതൊരു വാഗ്ദാനമാണോ അവൻ നൽകിയിരിക്കുന്നത് അത് അവർ നിറവേറ്റും. ഏതൊരു വിശ്വസ്തതയാണോ അവനിൽ അർപ്പിക്കപ്പെട്ടത് അത് അവർ പാലിച്ചിരിക്കണം. ഒരു അഹ്മദി തന്റെ ബൈയ്അത്ത് വേളയിൽ വാഗ്ദത്ത മസീഹുമായി നടത്തിയ കരാറിലും ഇത്തരം പ്രതിജ്ഞകളാണ്.

എന്താണ് ഈ വാഗ്ദാനം? എന്റെ മുൻ ഖുത്ബകളിൽ അതിനെ പറ്റി വിശദമായി ഞാൻ പ്രതിപാദിച്ചിട്ടുണ്ട്. എന്നാലും ഇവിടെ ഞാനത് എളുപ്പം ആവർത്തിക്കാം.

ആദ്യത്തെ പ്രതിജ്ഞ ഞാൻ ഏകദൈവത്തെ മാത്രമാണ് ആരാധിക്കുക എന്നാണ് അവനോട് യാതൊന്നിനേയും പങ്ക് ചേർക്കുകയുമില്ല. ദൈവം ഏകനും അതുല്യനുമാണെന്ന് ഞാൻ കരുതും. അവൻ യജമാനനും പരമാധികാരിയുമാണ്. നിങ്ങൾ സൂക്ഷ്മമായി ചിന്തിക്കുകയാണെങ്കിൽ ഈ പ്രതിജ്ഞ നിറവേറ്റാൻ വേണ്ടി നാം നന്മ പ്രവർ ത്തിക്കാൻ നിർബന്ധിതരാവുകയും തിന്മയിൽ നിന്ന് വിടുതൽ നേടുകയും ചെയ്യും.

രണ്ടാമത്തെ ബൈയ്അത്തിന്റെ ഉപാധി ഇപ്രകാരമാണ്. ഞാൻ എല്ലാവിധത്തിലുള്ള ദുഷ്ക്കർമങ്ങളും ശാരീരിക ദുരാവേശങ്ങ ളും ഉപേക്ഷിക്കും. എല്ലാവരുടേയും മനുഷ്യാവകാശങ്ങൾ സംരക്ഷിക്കും. മൂന്നാമത്തെ പ്രതിജ്ഞ ഞാൻ നമസ്കാരം നിലനിർത്തുന്നവനായിരിക്കും എന്നാണ്. ഒരു അഹ്മദി സദാ സമയവും അല്ലാഹുവിന്റെ സഹാ

യം അഭ്യർത്ഥിച്ചുകൊണ്ടിരിക്കുന്നവനായിരിക്കണം. റസൂൽ തിരുമേനി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുകയും ചെയ്യണം. തന്റെ പാപങ്ങൾ മുൻനിർത്തി അല്ലാഹുവിനോട് പൊറുക്കലിനെ തേടിക്കൊണ്ടിരിക്കണം. അടുത്ത പ്രതിജ്ഞ ഒരു വിശ്വാസി എന്ന നിലക്ക് ഒരു മനുഷ്യനും യാതൊരുവിധ ഉപദ്രവവും ഏല്പിക്കില്ല എന്നാണ്.

മറ്റൊന്ന് നിങ്ങൾ ഒരിക്കലും അല്ലാഹുവിനോട് വിശ്വസ്തതയില്ലാത്തവനായിരിക്കില്ല എന്നാണ്. റസൂൽ തിരുമേനി(സ)യുടെ ഉത്തമമാതൃക എപ്പോഴും പിൻപറ്റാൻ പരിശ്രമിക്കുന്നവനുമായിരിക്കും. തുടർന്നുള്ള പ്രതിജ്ഞ നിങ്ങൾ എപ്പോഴും ലളിതവും എളിമത്വവുമാർന്ന ജീവിതമായിരിക്കും നയിക്കുക എന്നതാണ്. അഹങ്കാരവും ദുരഭിമാനവും ഉപേക്ഷിക്കുന്നവനായിരിക്കും. ഇസ്ലാം മതത്തിന്റെ അഭിമാനവും ബഹുമതിയും നിങ്ങളുടെ ജീവിതത്തിലും നിങ്ങളുടെ കുടുംബജീവിതത്തിലും എല്ലായ്പ്പോഴും ഉയർത്തിപ്പിടിക്കുന്നതായിരിക്കും. എന്താണ് ഇസ്ലാമിന്റെ അഭിമാനവും ബഹുമതിയും? അത് ഒരിക്കലും വാൾ മുഖേനയോ തോക്കു മുഖേനയോ സ്ഥാപിക്കാൻ സാധ്യമല്ല. ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനം നിങ്ങളുടെ ഉത്തമസ്വഭാവഗുണങ്ങളിലൂടെയോ ഇസ്ലാമിക മൂല്യങ്ങളിലൂടെയോ നിങ്ങളുടെ സന്താനങ്ങളെ പരിശീലിപ്പിച്ചുകൊണ്ടോ ആണ് പ്രകടിപ്പിക്കാൻ സാധിക്കുക.

എന്താണ് ഇസ്ലാമിന്റെ യഥാർത്ഥ അദ്ധ്യാപനം? അതായത് ഒരു വിശ്വാസിക്ക് തന്റെ ചുറ്റുപാടും സ്നേഹവും സൗഹൃദവും പകരാൻ കഴിയണം! ഇസ്ലാമിനെതിരെ ഇക്കാലത്ത് ഉയർന്നുവരുന്ന ഏറ്റവും വലിയ ആരോപണം. ഇസ്ലാമിന്റെ സ്ഥാപകൻ ഇസ്ലാം മതം വാൾ കൊണ്ട് പ്രചരിപ്പിച്ചു എന്നതാണ്. വസ്തുതയെന്തെന്നാൽ റസൂൽ തിരുമേനി(സ)ക്കെതിരെ ശത്രുക്കൾ വാൾ ഉയർത്തുന്നത് വരെ അദ്ദേഹം അവർക്കെതിരെ വാളുയർത്തിയിരുന്നില്ല. ബദറിൽ വെച്ച് മുസ്ലിംകളെ എതിർത്തത് ആരായിരുന്നു? അവർ മക്കയിലെ അവിശ്വാസികളായിരുന്നു! ആ സമയത്ത് മുസ്ലിംകൾക്ക് ആവശ്യത്തിന്നുള്ള ആയുധങ്ങളുമില്ലായിരുന്നു. പക്ഷേ മുസ്ലിംകൾക്ക് അല്ലാഹു വിജയം നൽകി.

യുദ്ധം നടന്നുകൊണ്ടിരിക്കെ റസൂൽ തിരുമേനി(സ) അതിമഹത്തായ തന്റെ സ്വഭാവഗുണം അവിടെ പ്രദർശിപ്പിക്കുകയുണ്ടായി. മുസ്ലിംകളുടെ അധീനതയിലുണ്ടായിരുന്ന ജലസ്രോതസ്സിൽ നിന്നും വെള്ളം കൊണ്ടുപോകാൻ ശത്രുക്കളെ അനുവദിച്ചു. അതിലുപരിയായി യുദ്ധവേളയിൽ തടവുകാരായി പിടിക്കപ്പെട്ടവരോട് അങ്ങേയറ്റം സൗമ്യമായി, പെരുമാറി ശത്രുക്കളുടെ പക്ഷത്തുള്ള അഭ്യസ്തവിദ്യരായ ചില തടവുകാരെ മുസ്ലിംകൾക്ക് അക്ഷരജ്ഞാനം പഠിപ്പിക്കുക എന്ന വ്യവസ്ഥയിൽ സ്വതന്ത്രരാക്കുകയുണ്ടായി. ചുരുക്കത്തിൽ ഇസ്ലാം ആധുനികതയുടെയും മിതത്വത്തിന്റേയും ഒരു സന്ദേശം നൽകുകയയായിരുന്നു.

പിന്നീട് മുസ്ലിംകൾക്ക് മക്ക പൂർണ്ണമായും കീഴടങ്ങിയപ്പോൾ എല്ലാവർക്കും സുരക്ഷിതത്വവും സമാധാനവും നൽകി. മുസ്ലിംകളോട് അങ്ങേയറ്റം കഠിനമായി പെരുമാറുകയും ദ്രോഹിക്കുകയും ചെയ്ത എല്ലാ മക്കക്കാർക്കും മാപ്പരുളി. ഇസ്ലാം മതം നിങ്ങൾ സ്വീകരിച്ചാലും ഇല്ലെങ്കിലും നിങ്ങളോട് യാതൊരു പ്രതികാരവും പ്രവൃത്തിക്കുന്നതല്ലെന്ന് മക്കക്കാർക്ക് ഉറപ്പ് നൽകി. റസൂൽ തിരുമേനി(സ) യഹൂദരോടും ക്രിസ്ത്യാനികളോടും അവിശ്വാസികളോടും വളരെ അനുകമ്പാപൂർവ്വമാണ് പെരുമാറിയത്. അവരുടെ ക്ഷേമത്തിനായി അവിടുന്ന് ആത്മാർത്ഥമായി പ്രവർ ത്തിച്ചു. അതുകൊണ്ടാണ് വാഗ് ദത്ത മസീഹ്, അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളോടും അനുകമ്പാപൂർവ്വം പെരുമാറണമെന്ന് നമ്മോട് കരാർ വാങ്ങിച്ചത്. വാഗ്ദത്ത മസീഹി(അ)നോട് മറ്റെല്ലാ ലൗകിക ബന്ധത്തേക്കാളുപരി ഒരു പ്രത്യേക ബന്ധം സ്ഥാപിക്കുമെ ന്നും അവിടുന്നുമായി സ്നേഹം പുലർത്തുമെന്നും നാം കരാർ ചെയ്തതാണ്. ഇതാണ് ഒരഹ്മദി ചെയ്ത ശക്തമായ കരാർ. എന്ത് വില നൽകിയും ഒരഹ്മദി ഈ കരാർ പാലിക്കാൻ ബാധ്യസ്ഥനാണ്. ഇതാണ് സർവ്വശക്തനായ അല്ലാഹുവിന്റെ കല്പന. ഉറക്കമോ മയക്കമോ ബാധിക്കാത്ത അല്ലാഹു അഹ്മദി ചെയ്ത ഈ കരാർ പാലിക്കുന്നുണ്ടോ എന്ന് നോക്കി പാർ ത്തുകൊണ്ടിരിക്കുകയാണെന്ന ബോധമുണ്ടായിരിക്കണം. നിങ്ങൾ ക്ക് നിങ്ങളുടെ സഹചരന്മാരിൽ നിന്നും കാര്യങ്ങൾ മറച്ചുവെക്കാം. പക്ഷേ അല്ലാഹുവിൽ നിന്ന് യാ തൊന്നും മറച്ചുവെക്കാൻ സാധ്യമല്ല. നാം ഈ കരാർ നടത്തിയതിന് ശേഷം അതിനെതിരെ ചെയ്യുന്ന ഒരു ചെറു പ്രവൃത്തി പോലും ആ കരാറിന്റെ ലംഘനമായിട്ടായിരിക്കും കണക്കാക്കപ്പെടുക. ആത്മീയമായ വിശ്വസ്തതക്ക് പുറമേ ഭൗതികമായ കരാറും നാം പാലിക്കേണ്ടിയിരിക്കുന്നു. അത് നിങ്ങളുടെ ഭരണകൂടത്തോടും നിങ്ങളുടെ രാജ്യത്തോടുമുള്ള കരാറാണ്. ഈ കരാർ പാലനം ആത്മീയമായും മതപരമായും നിങ്ങൾ ചെയ്യുന്ന കരാറിനെ

പോലെ തന്നെ പ്രാധാന്യമുള്ളതാണ്. എങ്ങനെയാണ് നിങ്ങൾക്ക് ഈ കരാർ സാക്ഷാൽക്കരിക്കാൻ സാധിക്കുക?

ഒന്നാമതായി ഒരു രാജ്യത്തെ പൗരന്മാർ ആ രാജ്യത്തോട് കൂറുള്ളവരായിരിക്കണം. തീർച്ചയായും അത് റസൂൽ തിരുമേനി (സ)യുടെ ഒരു നിർദ്ദേശമാണ്. അതായത് **'സ്വരാജ്യസ്നേഹം ഈമാന്റെ ഭാഗമാണ്'** എന്നത്. ഒരു നൈജീരിയൻ അഹ്മദിയെ സംബന്ധിച്ചേടത്തോളം അല്ലെങ്കിൽ മറ്റേതൊരു രാജ്യത്ത് നിന്നും വരുന്ന ഒരാളെ സംബന്ധിച്ചേടത്തോളം അതാത് രാജ്യത്തോട് കൂറുപുലർത്തുന്നവരായിരിക്കണം. എങ്കിൽ മാത്രമേ ഈ കരാർ പാലനം വിശ്വസ്തതയോടെ നിർവ്വഹിക്കാൻ സാധ്യമാവുകയുള്ളൂ.

തന്റെ രാജ്യം വികസിതരാജ്യത്തോടൊപ്പം നില്ക്കാൻ കഴിയുമാറാകാൻ വേണ്ടി തന്റെ തൊഴിൽ ഒരു മുതൽക്കൂട്ടാവണം എന്ന ബോധത്തോടെയായിരിക്കണം ഒരു തൊ ഴിലാളി അദ്ധ്വാനിക്കേണ്ടത്. തന്റെ രാജ്യം മറ്റുള്ളവരെ ആശ്രയിക്കാതെ കാർഷികമായി സ്വയംപര്യാപ്തത കൈവരിക്കാൻ വേണ്ടിയായിരിക്കണം അവന്റെ അദ്ധ്വാനം നിക്ഷേപിക്കേണ്ടത്. അത് പോലെ മൊത്തം ദേശീയോദ്പാദനം വർ ദ്ധിപ്പിക്കാൻ വേണ്ടിയായിരിക്കണം ഒരു തൊഴിലാളി വിശ്വസ്തതയോ ടെ തന്റെ ജോലികളും മറ്റു കഴിവുകളും നിർവ്വഹിക്കേണ്ടത്. ഒരു വ്യവസായി തന്റെ വ്യാവസായികോൽ പന്നത്തിന്റെ ഗുണനിലവാരം പരമാവധി ഉയർത്തേണ്ടതുണ്ട്. അദ്ദേഹത്തിൽ ഏല്പിക്കപ്പെട്ട വിശ്വസ്തത ഇത് മൂലം പൂർത്തീകരിക്കപ്പെടണം എന്ന ഉദ്ദേശത്തോടെയായിരിക്ക ണം അയാൾ ഉദ്പാദനം നടത്തേണ്ടത്. അത് വഴി തന്റെ രാജ്യം വികസിത രാജ്യങ്ങളോടൊപ്പം എണ്ണപ്പെടണം എന്ന ഉദ്ദേശവും അയാൾക്കുണ്ടാവണം. ഒരു സർക്കാരുദ്യോഗസ്ഥൻ തന്റെ ഉത്തരവാദിത്വങ്ങൾ സത്യസന്ധമായി നിർവ്വഹിക്കണം. അതു പോലെ രാഷ്ട്രീയക്കാരും നേതാക്കന്മാരും അവരവരുടെ ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെയും സത്യസന്ധമായും നിർ വ്വഹിക്കണം. അല്ലാഹു അവർക്ക് ഒരവസരം നൽകിയിരിക്കുകയാണ് എന്ന ബോധം അവർക്ക് വേണം.

ഒരു കാര്യം നാം എപ്പോഴും ഓർക്കണം. മൂന്നാം ലോകരാജ്യത്തെ മിക്കരാജ്യങ്ങളും അതായത് ആഫ്രിക്കയിലേയും ഏഷ്യയിലേയും വികസ്വര രാജ്യങ്ങൾ, ദീർഘകാലം അടിമത്വത്തിന് കീഴിലായിരുന്നു. നാം നമ്മുടെ കടമകൾ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കാതിരിക്കുകയും നമ്മുടെ വിശ്വസ്തത എന്ന ഗുണം പ്രാവർത്തികമാക്കാതിരിക്കുകയുമാണെങ്കിൽ ചില രാജ്യങ്ങളുടെ കണ്ണുകൾ നമ്മുടെ വിഭവങ്ങളുടെ മേൽ പതിയുന്നതാണ്. വിശന്ന ചെന്നായ്ക്കളെപോലെ അവർ നമ്മുടെ മേൽ ചാടി വീഴാൻ കാത്തിരിക്കയാണ്. നമ്മുടെ ദേശീയ വിഭവങ്ങൾ കൈക്കലാക്കുന്നതിൽ അവർ ഒരിക്കൽ വിജയിച്ചാൽ അവരുടെ അടിമച്ചങ്ങലകളിൽ അവർ വീണ്ടും നമ്മെ ബന്ധനസ്ഥരാക്കും. അതുകൊണ്ട് നാം നമ്മുടെ കരാറുകളിൽ ഉറച്ചു നില്ക്കുക. അല്ലാഹു നമുക്ക് നൽകിയ ഈ വിഭവങ്ങൾക്കുമേൽ അവരുടെ ആർത്തദൃഷ്ടി പതിയാതിരിക്കാൻ ശ്രദ്ധിക്കുക.

എല്ലാ അഹ്മദിയും നൈജീരിയക്കാരനും നൈജീരിയയോടുള്ള കടമകൾ നിർവ്വഹിക്കാനും ഉത്തരവാദിത്വങ്ങൾ നിറവേറ്റാനും അങ്ങനെ നൈജീരിയ വികസിതരാജ്യങ്ങൾക്കൊപ്പം തോളോടു തോൾ ചേർന്ന് മുന്നേറാനും അല്ലാഹു തുണക്കട്ടെ. ഇതിന്നായി ഓരോ അഹ്മദിയും അകമഴിഞ്ഞു പ്രാർത്ഥിക്കണം. കാരണം കരാറുകൾ പാലിക്കാനും ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാനും അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവുമില്ലാതെ സാധ്യമല്ല. ഇതിന്നായി അല്ലാഹുവിനോട് നിരന്തരം പ്രാർത്ഥിക്കാൻ അഹ്മദികളെ അല്ലാഹു പ്രാപ്തരാക്കട്ടെ. (ആമീൻ)

■

## എന്നെ വിളിക്കുവിൻ ഞാൻ സമീപസ്ഥനാണ്

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്ന പക്ഷം (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനക്ക് ഞാൻ ഉത്തരം നൽകും. അവൻ എന്നെ വിളിച്ച് പ്രാർത്ഥിക്കുമ്പോൾ. അതു കൊണ്ട് അവർ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗം പ്രാപിക്കുന്നതിനുവേണ്ടി. (2:187)

ലേഖനം

മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

# നബി(സ) തിരുമേനിയുടെ വിട്ടുവീഴ്ചയും മാപ്പും

**അത്യുന്നത ശ്രേഷ്ഠഗുണങ്ങളുടെ ആൾരൂപമായിരുന്ന നബി(സ) തിരുമേനി മനുഷ്യന്റെ ആത്മീയ ധാർമ്മികജീവിതത്തിന്റെ ഉത്തമ മാതൃകയാണ്.**

ഉൽക്കൃഷ്ടസ്വഭാവങ്ങളുടെ അടിത്തറ ദൈവത്തിന്റെ സവിശേഷഗുണങ്ങളാണെന്ന് നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നു. കഴിവിന്റെ പരമാവധി ആ വിശേഷഗുണങ്ങൾ സ്വായത്തമാക്കാൻ ഉപദേശിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ ഒരു വിശേഷഗുണമാണ് '***അഫ്വ്***'. അതായത് അവൻ വളരെയധികം മാപ്പ് കൊടുക്കുന്നവനാണ്. ഒരു സമ്പൂർണ്ണമനുഷ്യനായിത്തീരാൻ അല്ലാഹുവിന്റെ ഈ വിശേഷഗുണത്തിൽ വിഭൂഷിതനാകേണ്ടത് മനുഷ്യന് നിർബ്ബന്ധമാണ്.

ഇസ്ലാമിന് മുമ്പേ വന്ന തൗറാത്തിന്റെ എന്തിനും ഏതിനും പ്രതിക്രിയ ചെയ്യുക എന്ന പാഠം നീതിയിലും ന്യായത്തിലുമധിഷ്ഠിതമാണ്. ഇസ്ലാം നീതിയുടെ കാര്യത്തിൽ ഒരു ചുവട് മുന്നോട്ടു വെച്ചുകൊണ്ട് പ്രത്യുപകാരത്തിന്റെ പാഠം നല്കി, മാപ്പ് ചെയ്യാൻ നിർദ്ദേശിച്ചു. അതിനോടൊപ്പം മാപ്പ് കൊടുക്കൽ എന്ന ധാർമ്മിക ഗുണം സന്ദർഭോചിതമാകുമ്പോഴാണ് സ്തുത്യർഹമായിത്തീരുന്നതെന്ന് വിശദീകരിക്കുകയും ചെയ്തു. ബലഹീനതയും പകരം വീട്ടാനുള്ള കഴിവുകേടും കൊണ്ട് മാപ്പ് കൊടുക്കുകയാണെങ്കിൽ അത് സ്തുത്യർഹമല്ല. എന്നാൽ, സംസ്കരണം നടക്കുന്നുവെങ്കിൽ അതായിരിക്കും സ്തുത്യർഹമാകുന്നത്. അല്ലാഹു പറയുന്നു: "***തിന്മയ്ക്കു ള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. നന്മ വരുത്തുക എന്ന നിബന്ധനയോടെ വല്ലവനും മാപ്പാക്കിയാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ അടുക്കലാണ്. തീർച്ചയായും അക്രമികളെ അവനിഷ്ടപ്പെടുന്നില്ല.***" (*42:41*).

നബി(സ) തിരുമേനിക്ക് മാപ്പ് കൊടുക്കുക എന്ന ധാർമ്മികഗുണം പ്രത്യേകമായ നിലയിൽ നല്കപ്പെട്ടിരിക്കുന്നു. അല്ലാഹു നബി (സ) തിരുമേനിയെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: "***അല്ലാഹുവിന്റെ പ്രത്യേകമായ കാരുണ്യം കൊണ്ടുതന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റുംനിന്ന് ചിതറിപ്പിരിഞ്ഞ് പൊയ്ക്കളയുമായിരുന്നു. അതിനാൽ അവർക്ക് നീ മാപ്പ് നല്കുകയും അവർക്കായി പാപമോചനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക***" (*3:10*).

സുഹൃത്തുക്കൾക്കും ശത്രുക്കൾക്കും മാപ്പുകൊടുത്തുകൊണ്ട് അനുപമമായ മാതൃക നബി(സ) തിരുമേനിയിൽനിന്ന് പ്രകടമായിട്ടുണ്ട്. അല്ലാഹുവിന്റെ വിശേഷഗുണമായ മാപ്പുകൊടുക്കലിന്റെ ഉത്തമമായ പ്രതീകമാണ് താനെന്ന് ആ മഹാത്മാവ് തെളിയിച്ചുകാണിക്കുകയുണ്ടായി.

**ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറി**(റ)നോട് നബി(സ)യെ സംബന്ധിച്ച് തൗറാത്തിൽ വിവരിക്കപ്പെട്ട ലക്ഷണങ്ങൾ ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: "***ആ നബി ഒരു ദുസ്വഭാവിയോ കഠിനഹൃദയനോ ആയിരിക്കില്ല. അങ്ങാടിയിലിരുന്ന് ബഹളമുണ്ടാക്കുന്നവനുമല്ല. തിന്മയെ തിന്മകൊണ്ട് തടുക്കുകയില്ല. പ്രത്യുത, വിട്ടുവീ***

***ഴ്ചയും മാപ്പും ചെയ്യും"*** *(ബുഖാരി)*.

അദ്ദേഹം സൂചന നല്കിയത് വാസ്തവത്തിൽ യശയ്യ പ്രവാചകന്റെ ഈ പ്രവചനത്തിലേക്കായിരുന്നു: ***"അവൻ ജാതികളോട് ന്യായം പ്രസ്താവിക്കും. അവൻ നിലവിളിക്കുകയില്ല, ഒച്ചയുണ്ടാക്കുകയില്ല, തെരുവീഥിയിൽ തന്റെ ശബ്ദം കേൾപ്പിക്കയുമില്ല, ചതഞ്ഞ ഓട അവനൊടിച്ചുകളയുകയില്ല; പുകയുന്ന തിരി കെടുത്തിക്കളയുകയില്ല; അവൻ സത്യത്തോടെ ന്യായം പ്രസ്താവിക്കും."*** *(യശയ്യാവ്, 42:2-4)*.

**ഹദ്റത്ത് ആയിശ(റ)** നബി(സ) തിരുമേനിയുടെ ക്ഷമാഗുണത്തെ സംബന്ധിച്ച് പറയുന്നു: ***"നബി(സ) ഒരിക്കലും തനിക്കു വേണ്ടി, തന്നോട് ചെയ്യുന്ന അതിക്രമത്തിന് പകരം ചോദിക്കാറില്ലായിരുന്നു."*** *(മുസ്‌ലിം)*

**ഹദ്റത്ത് ഖദീജ(റ)**യുടെ മകനായ ഹിന്ദിന് നബി(സ) തിരുമേനിയുടെ ശിക്ഷണത്തിൽ കഴിയാൻ ഭാഗ്യം സിദ്ധിച്ചിരുന്നു. അദ്ദേഹം നിവേദനം ചെയ്യുന്നു: ***"നബി(സ) ദുൻയാവിനും അതിന്റെ ഉദ്ദേശ്യലബ്ദിക്കും വേണ്ടി ഒരിക്കലും ദ്വേഷപ്പെട്ടിരുന്നില്ല. തനിക്കു വേണ്ടി ഒരിക്കലും കോപിച്ചിട്ടില്ല, പകരം വീട്ടിയിട്ടുമില്ല"*** *(തിർമിദി)*.

മദീനയിൽ വന്നതിനുശേഷം ഒരിക്കൽ നബി(സ) അൻസ്വാരികളുടെ നേതാവും രോഗബാധിതനുമായിരുന്ന **ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ**യെ കാണാൻ പോ യി. വഴിയിൽ യഹൂദികളായ അ ന്യാരാധകരുടേയും മുസ്‌ലിംകളുടേയും ഒരു സഭയിൽ കപടവിശ്വാസികളുടെ നേതാവായ **അബ്ദുല്ലാ ഹ് ബിൻ ഉബയ്യ്** ഉണ്ടായിരുന്നു. നബി(സ) തിരുമേനിയുടെ യാത്രാവാഹനം വന്നുനിന്നപ്പോൾ പൊടിപാറി. അപ്പോൾ അയാൾ വാപൊത്തി. നബി(സ)തിരുമേനിയെ അധിക്ഷേപിച്ചു പറയാൻ തുടങ്ങി. നബി(സ) **സഅ്ദ് ബിൻ ഉബാദ**യുടെ വീട്ടിലെത്തിയപ്പോൾ അദ്ദേഹത്തോട് ആ സംഭവം പറഞ്ഞു. മദീനയുടെ പ്രത്യേക പരിതസ്ഥിതിയിൽ **അബ്ദുല്ലാഹ് ബിൻ ഉബയ്യി**ന് മാപ്പ് കൊടുക്കാൻ അദ്ദേഹം അപേക്ഷിച്ചു. നബിതിരുമേനി അദ്ദേഹത്തിന് മാപ്പ് കൊടുക്കുകയും ചെയ്തു." *(ബുഖാരി)*

എത്രത്തോളം സത്യഹൃദയത്തോടെ മാപ്പ് കൊടുത്തു എന്നുവെച്ചാൽ അയാളുടെ സകല അധിക്ഷേപങ്ങളും ഉപദ്രവങ്ങളും നിലനില്ക്കേ അയാൾ മരിച്ചപ്പോൾ അയാളുടെ മയ്യിത്ത് നമസ്കരിപ്പിച്ചു. **ഹദ്റത്ത് ഉമർ(റ)** അയാളുടെ മയ്യിത്ത് നമസ്കരിപ്പിക്കുന്നതിൽ നിന്ന് തടഞ്ഞുകൊണ്ട് നബിതിരുമേനിയെ **അബ്ദുല്ലാഹ് ബിൻ ഉബയ്യി**ന്റെ അതിക്രമങ്ങളും ശത്രുതയും ഓർമ്മിപ്പിച്ചു. നബി(സ) ചിരിച്ചുകൊണ്ട് പറഞ്ഞു: "ഉമറേ, പിന്നോട്ടു മാറുക. എനിക്ക് അധികാരം നല്കപ്പെട്ടിരിക്കുന്നു. അതായത്, താങ്കൾ അയാൾക്കുവേണ്ടി പൊറുക്കലിനെ തേടിയാലും ഇല്ലെങ്കിലും അത് സമമാണ്. 70 പ്രാ വശ്യം പൊറുക്കലിനെ തേടിയാലും അല്ലാഹു അയാൾക്ക് പൊറുത്തു കൊടുക്കുകയില്ല." എന്നിട്ട് പറഞ്ഞു: "70 പ്രാവശ്യത്തിലധികം പൊറുക്കലിനെ തേടിയാൽ അയാൾക്ക് പൊറുക്കപ്പെടുമെന്ന് ഞാൻ അറിഞ്ഞാൽ 70-ൽ കൂടുതൽ തവണ ഞാൻ അയാൾക്കുവേണ്ടി പൊറുക്കലിനെ തേടുന്നതാണ്." പിന്നീട് നബി(സ) അയാളുടെ മയ്യിത്ത് നമസ്കരിച്ചു. മയ്യിത്തിനോടൊപ്പം ഖബർസ്ഥാനിൽ പോയി, ഖബറടക്കം കഴിയുന്നതുവരെ അവിടെനിന്നു." *(ബുഖാരി)*.

**ദാത്തുർരിഖാഅ്** യുദ്ധത്തിൽ, നബി(സ)യെ വധിക്കുക എന്ന ഉദ്ദേശ്യത്തോടെ പിന്തുടർന്നുവന്ന **ഗൗരിഥ് ബിൻ ഹാരിഥിനും** ആ മഹാത്മാവ് മാപ്പ് കൊടുക്കുകയുണ്ടായി. നബിതിരുമേനി ഉറങ്ങുമ്പോൾ, ആ മഹാത്മാവിനെ കൊല്ലുക എന്ന ഉദ്ദേശ്യത്തോടെ ആ മഹാത്മാവിന്റെതന്നെ വാൾ അയാൾ കൈവശപ്പെടുത്തി. എ ന്നാൽ, ആ പുണ്യാത്മാവിന്റെ ദൈ വദത്തമായ ഗൗരവഭാവവും അന്യരിൽ ഉളവാക്കിയ ആദരയുക്തമായ ഭയവും കൊണ്ട് അയാൾക്ക് ആ ദിവ്യാത്മാവിനെ കൊല്ലാൻ കഴിഞ്ഞില്ല. ആ വർഗ്ഗശത്രുവിനും നബി(സ) മാപ്പ് കൊടുത്തു" *(ബുഖാരി)*.

## വിഷം കൊടുത്തവൾക്ക് മാപ്പ്

**ഖയ്ബർ** യുദ്ധത്തിനുശേഷം പ്രസിദ്ധനായ യഹൂദീ ജേർണൽ **മർഹബി**ന്റെ സഹോദരി ആട്ടിറച്ചിയിൽ വിഷം കലർത്തി വേവിച്ച് നബി(സ)യുടെ സന്നിധിയിൽ സമ്മാനമെന്നോണം കൊടുത്തയച്ചു. നബി(സ) കൈയുടെ ഭാഗത്തുള്ള ഇറച്ചി ഭക്ഷിക്കാൻ തുടങ്ങി; മറ്റു സഹാബാക്കളും. ഉടനെ നബി(സ) ആരും അത് തിന്നരുതെന്ന് പറഞ്ഞ് വിലക്കി. പിന്നീട് ആ യഹൂദ സ്ത്രീയെ ആ മഹാത്മാവ് വിളിപ്പിച്ചുകൊണ്ട് ചോദിച്ചു: 'നീ ഈ ഭക്ഷണത്തിൽ വിഷം ചേർ ത്തിട്ടുണ്ടോ?' 'ഉണ്ട്' എന്നവൾ പറഞ്ഞു. എന്നിട്ട് അത് എങ്ങനെ താങ്കൾ അറിഞ്ഞുവെന്ന്' അവൾ ചോദിച്ചു. നബി(സ) ആ കൈയുടെ ഭാഗത്തുള്ള ഇറച്ചിയിലേക്ക് ചൂണ്ടി

*(ശേഷം 32-ൽ)*

ലേഖനം

മതരാഷ്ട്രവാദം വിമർശിക്കപ്പെടുന്നു - 3

എ.എം. മുഹമ്മദ് സലീം

# അധികാരശക്തിയുടെ പ്രയോഗം പ്രവാചകന്മാരുടെ മാർഗ്ഗമല്ല

**മനുഷ്യന്റെ ആത്മാവിനു മുമ്പിൽ ഒരു നിവേദനമായിട്ടാണ് ഇസ്‌ലാം സമർപ്പിക്കപ്പെട്ടത്. അധികാരവും ചെങ്കോലുമില്ലാതെ ദൈവപ്രേഷിതരായ പ്രവാചകന്മാർ ഉദ്ബോധനങ്ങളും ആത്മീയശക്തിയും കൊണ്ടാണ് മനുഷ്യഹൃദയങ്ങളെ ജയിച്ചടക്കിയത്.**

മനുഷ്യന്റെ ആത്മീയബോധത്തേയും ധിഷണാശേഷിയേയും അഭിസംബോധന ചെയ്തുകൊണ്ടുള്ള ഒരു നിവേദനമായിട്ടാണ് ഇസ്‌ലാം സമർപ്പിക്കപ്പെട്ടത്. ഖുർആൻ പറയുന്നു:

***'പറയുക: ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യസന്ദേശമാകുന്നു.' ഇഷ്ടമുള്ളവൻ വിശ്വസിച്ചുകൊള്ളട്ടെ ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കുകയും ചെയ്യട്ടെ*** (18:30)

ഇസ്‌ലാം മനുഷ്യഹൃദയങ്ങളെ കീഴടക്കിക്കൊണ്ടാണ് ജൈത്രയാത്ര നടത്തിയത്. റസൂൽ തിരുമേനി (സ) ജനങ്ങളെ കൂട്ടിയണച്ച് സംസ്കരിച്ചത് അധികാരബലം കൊണ്ടോ ആയുധബലം കൊണ്ടോ വിപ്ലവം കൊണ്ടോ ആയിരുന്നില്ല. അത് ഫാസിസം, നാസിസം, കമ്മ്യൂണി സം പോലെയുള്ള ഭൗതിക വിപ്ലവ പ്രസ്ഥാനങ്ങളുടെ വഴിയാണ്. വിപ്ലവത്തിന്റെ സംഹാരശക്തിയിൽ അധികാരം പിടിച്ചെടുത്തു എളുപ്പത്തിൽ ലക്ഷ്യം നേടാമെന്ന വ്യാമോഹം അവരാണ് ലോകത്തിന് നൽകിയത്. റസൂൽ തിരുമേനി(സ)യുടേത് ശ്രമകരമായ സഹനത്തിന്റെയും ഉപദേശത്തിന്റെയും ബുദ്ധിപരമായ വാദമുഖങ്ങളുടേയും സഹാനുഭൂതിയുടേയും ആത്മീയപാതയാണ്. അവിടുത്തെ ആത്മീയ പ്രഭാവവും മഹത്തായ സ്വഭാവഗുണവും കൊണ്ടായിരുന്നു ജേതാവായത്. അധികാരബലവും ഖഡ്ഗബലവും കൊണ്ടല്ല. ഖുർആൻ പറയുന്നു:

*അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ട് തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നെങ്കിൽ അവർ നിന്റെ ചുറ്റുനിന്നും ചിതറിപ്പിരിഞ്ഞു പോയ്ക്കളയുമായിരുന്നു. അതിനാൽ അവർക്ക് നീ മാപ്പു നൽകുകയും അവർക്കായി പാപമോചനത്തിന്* വേണ്ടി പ്രാർത്ഥിക്കുകയും പ്രധാന കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക (3:160)

എല്ലാ പ്രവാചകന്മാരും തങ്ങളുടെ ദിവ്യദൗത്യത്തിന്റെ ഭാഗമായി സദുപദേശകരായികൊണ്ടാണ് അതാത് ജനതകളെ സമീപിച്ചത്. അവരാരും തന്നെ ഖഡ്ഗം കൈയ്യിലേന്തിയവരായിരുന്നില്ല. സമൂദ് സമുദായത്തിലെ സ്വാലിഹ് നബി(അ) തന്റെ ജനതയോട് പറഞ്ഞു.

*'എന്റെ ജനമേ, എന്റെ നാഥന്റെ സന്ദേശം ഞാൻ നിങ്ങൾക്ക് എത്തിച്ചു. ഞാൻ നിങ്ങളോട് ആത്മാർത്ഥമായി ഉപദേശിക്കുകയും ചെയ്തു. പക്ഷേ നിങ്ങൾ ആത്മാർത്ഥമായി ഉപദേശിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല'* (7:80)

നൂഹ് (അ), ഹൂദ് (അ) ലൂത്ത് (അ) മൂസ (അ), ഈസ (അ) എന്നീ പ്രവാചകന്മാരെല്ലാം ഒരേസ്വരത്തിൽ തങ്ങളൊരു സന്ദേശവാഹകനും ഉപദേശകനുമാണന്ന സത്യം ജനങ്ങളെ ഉദ്ബോധിപ്പിച്ചുകൊണ്ടാണ് ദൈവികദൗത്യം പൂർത്തീകരിച്ചത്. അവർ നിഷ്കരുണം, പീഡിപ്പിക്കപ്പെടുകയും വേട്ടയാടപ്പെടുകയും ഭർത്സിക്കപ്പെടുകയും ചെയ്തു. അപ്പോഴെല്ലാം കണ്ണു

നീർ വാർത്തുകൊണ്ട് ദൈവത്തിനു മുമ്പിൽ പ്രണിപതിക്കുകയും സഹനപൂർവ്വം എളിമയിൽ തങ്ങളുടെ ദൗത്യം തുടരുകയുമാണ് ചെയ്തത്. ഒരുപക്ഷേ അധികാരബലത്തിൽ വിശ്വസിക്കുന്നവർ ഇത് ബലഹീനതയായി കണ്ടേക്കാം. മനുഷ്യന്റെ ധാർമ്മികവും അദ്ധ്യാത്മികവുമായ നന്മയിൽ വിശ്വാസമുള്ള മതപ്രവാചകന്മാരുടെ ഏറ്റവും പ്രയാസകരമായ വഴിയാണിത്. പ്രവാചകന്മാരുടെ ഈ ആത്മവ്യഥ ഹദ്റത്ത് മൂസാനബി (അ)ന്റെ വാക്കുകളിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു.

***'അല്ലയോ നാഥാ നീ ഞങ്ങൾ ക്ക് സ്ഥിരചിത്തത പ്രദാനം ചെയ്യേണമേ അനുസരണയുള്ളവരായി നീ ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ'*** (7:127)

പ്രവാചകപ്രഭുവായ മുഹമ്മദ് നബി(സ)ക്ക് മുമ്പ് ഈസാനബി(അ) വന്നു. അന്ന് റോമൻ കോളനിയായിരുന്ന ഫലസ്തീനിൽ വെച്ച് ദൈവദൂതനായ മസീഹ് ഹദ്റത്ത് ഈസാനബി(അ) വിചാരണ ചെയ്യപ്പെടുകയുണ്ടായി. ഇന്നത്തെ ഇസ്‌ലാമിക മതരാഷ്ട്ര മൗലികവാദികളെപ്പോലെ ഭൗതികഭരണം ആഗ്രഹിച്ചുകഴിഞ്ഞിരുന്ന യഹൂദ ജനത്തിനു മുമ്പിലായിരുന്നു അവരുടെ മസീഹായ ഈസാനബി(അ) തന്റെ ദിവ്യ ദൗത്യവുമായി വന്നത്. തങ്ങളുടെ മസീഹ് അധികാരവും ചെങ്കോലും കൊണ്ട് വരുമെന്നായിരുന്നു യഹൂദികൾ പ്രതീക്ഷിച്ചത്. അധികാരദുര മൂത്ത യഹൂദികൾക്കു മുമ്പിൽ ചെങ്കോലും സിംഹാസനവുമില്ലാത്ത വിനയാന്വിതനായി ദൈവിക പ്രവാചൻ പ്രേഷിതദൗത്യവുമായി വന്നുനിന്നു. അപ്പോൾ പരിഹാസപൂർവ്വം അവർ നടത്തിയ ഭർത്സനവും പീഢനവും ബൈബിൾ രേഖപ്പെടുത്തുന്നു: ***'യഹൂദരുടെ രാജാവേ സ്വസ്തി! എന്ന് പറഞ്ഞ് കൈ കൊണ്ട് അവനെ (യേശുവിനെ) അടിച്ചു'*** (യോഹ: 19:3) യഹൂദരുടെ ക്രൂരമായ പരിഹാസത്തിന്റേയും ഭീഷണിയുടെയും സമ്മർദ്ദത്താൽ പീലാത്തോസ് യേശുവിനോട് ചോദിച്ച ചോദ്യവും യേശുവിന്റെ ഉത്തരവും ബൈബിളിലുണ്ട്.

***'പീലാത്തോസ് വീണ്ടും ആസ്ഥാനത്തിൽ പ്രവേശിച്ച് യേശുവിനെ വിളിച്ചു ചോദിച്ചു: 'നീ യഹുദരുടെ രാജാവോ?....യേശു പറഞ്ഞു: 'എന്റെ രാജ്യം ഐഹികമല്ല. എന്റെ രാജ്യം ഐഹികമായിരുന്നുവെങ്കിൽ യഹൂദർക്ക് എന്നെ ഏല്പിച്ചുകൊടുക്കാതിരിക്കാൻ എന്റെ ഭൃത്യർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഐഹികമല്ല'*** (യോഹ 18:35)

യഹൂദികളുടെ പ്രതീക്ഷക്ക് വിരുദ്ധമായി അധികാരവും അംഗവസ്ത്രവുമില്ലാതെ മഹാനായ ആ ദൈവിക പ്രവാചകൻ ആഗതനായപ്പോൾ കിരീടമില്ലാത്ത പ്രവാചകന്റെ പുണ്യശിരസ്സിൽ ഭൗതിക പ്രമത്തരായ യഹൂദപ്പരിശകൾ മുൾക്കിരീടമണിയിച്ചു. രാജാവിന്റെ വേഷഭൂഷകൾക്കും സ്ഥാനവസ്ത്രങ്ങൾക്കും പകരം ചെങ്കുപ്പായവും, ചെങ്കോലിനു പകരം ഞാണങ്ങാക്കോലുമണിയിച്ചു. അധികാരമില്ലാത്ത പരിശുദ്ധനായ ആ ദൈവപ്രവാചകനെ ഭീകരമായി പീഢിപ്പിച്ച ദാരുണചിത്രം ബൈബിൾ വരച്ചുകാട്ടുന്നു. ***'അവർ അവനെ വസ്ത്രം അഴിച്ചുമാറ്റി. ഒരു ചെമന്ന പുറങ്കുപ്പായം അവനെ ധരിപ്പിച്ചു. മുള്ളുകൊണ്ട് ഒരു കിരീടം മെനഞ്ഞുണ്ടാക്കി അത് അവന്റെ തലയിൽ വെച്ചു. വലത് കൈയ്യിൽ ഒരു ഞാണങ്ങാക്കോലും പിടിപ്പിച്ചു. പിന്നീട് അവർ അവന്റെ മുമ്പിൽ മുട്ടുകുത്തി പരിഹസിച്ചു പറഞ്ഞു. 'യഹൂദരുടെ രാജാവേ, സ്വസ്തി! അവർ അവന്റെ മേൽ തുപ്പി. ഞാണങ്ങാക്കോൽ വാങ്ങി അവന്റെ തലക്കടിച്ചു. ഇങ്ങനെ പരിഹസിച്ചശേഷം അവർ പുറങ്കുപ്പായം അഴിച്ചുമാറ്റി അവന്റെ വസ്ത്രം ധരിപ്പിച്ചു. കുരിശിൽ തറക്കാൻ അവനെക്കൊണ്ടുപോയി.*** (മത്താ: 27:28-31) അധികാരവും ഭരണവും പ്രതീക്ഷിച്ചിരുന്ന യഹൂദികളുടെ അടുക്കൽ വെറുംകൈയ്യോടെ വിനീതനായി വന്ന നിഷ്കളങ്കനായ പ്രവാചകനോടു കാണിച്ച ധിക്കാരവും ക്രൂരതയും അധികാരത്തോടും ഭൗതികനേട്ടങ്ങളോടും അവർ കാണിച്ച ജുഗുപ്സാവഹമായ അത്യാർത്തിയും ഈ ബൈബിൾ വചനങ്ങൾ വ്യക്തമാക്കുന്നു. ഇക്കാലത്ത് അവതീർണനായ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി(അ)നെ മതരാഷ്ട്ര മൗലികവാദത്തിന്റെ വാക്താക്കൾ നിഷേധിക്കുന്നതും പരിഹസിക്കുന്നതും ഇസ്രയേലി മസീഹിനോട് യഹൂദികൾ ഉന്നയിച്ച അതേ ന്യായങ്ങൾ പറഞ്ഞുകൊണ്ടു തന്നെയല്ലേ?

സൃഷ്ടികളിൽ വെച്ചേറ്റവും ഉത്തമനും പ്രവാചകശ്രേഷ്ഠനുമായ മുഹമ്മദ് നബി(സ) കാരുണ്യം കൊണ്ടും സ്നേഹം കൊണ്ടും വമ്പിച്ച ഒരു മനുഷ്യസമൂഹത്തെ കീഴടക്കിയ മഹാത്മാവാണ്. അദ്ദേഹം പട്ടാള സ്വേഛാധിപതിയെ പോലെ ഖഡ്ഗപാണിയായി വന്ന് അധികാരശക്തിയുടെ ബലംകൊണ്ടാണ് ഇസ്‌ലാമിന് വിജയമുണ്ടാക്കിയത് എന്നത് ഇസ്‌ലാം മതവിരോധികളുടേയും ഓറിയന്റലിസ്റ്റുകളുടേയും വിമർശനമാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ മൗലാനാ മൗദൂദി അദ്ദേഹത്തിന്റെ സ്വയംകൃതമായ മതരാഷ്ട്രവാദത്തെ ന്യായീകരിക്കാൻ റസൂൽ തിരുമേനി(സ)യുടെ തിരുഹസ്തങ്ങളിൽ ഖഡ്ഗം ചാർത്തുമ്പോൾ ഇസ്‌ലാം മതവിമർശകരുടെ വാദങ്ങൾക്ക് അത് സാധൂകരണമാവുന്നു. ഇസ്‌ലാമിന്റെ പുറത്ത് നിന്നും ആയിരം ഓറിയന്റലിസ്റ്റുകളും

ഇസ്‌ലാം മതവിരോധികളും നടത്തുന്ന വിമർശനങ്ങളേക്കാൾ മാരകമാണ് ഇസ്‌ലാമിന്നകത്ത് നിന്നും റസൂൽ തിരുമേനിയുടെ കൈയ്യിൽ ഖഡ്ഗം ചാർത്താനുള്ള ഒരു മുസ്‌ലിം പണ്ഡിതന്റെ ഈ ശ്രമം. മൗദൂദി സാഹിബ് എഴുതുന്നു:

***'അനുനയത്തിന്റെ എല്ലാരീതികളും (13 വർഷത്തിലധികം നടത്തിയ പ്രബോധനം) പരാജയമായിക്കലാശിച്ചപ്പോൾ പ്രവാചകൻ വാൾ കൈയ്യിലെടുത്തു. വാൾ അത് തിന്മയേയും ആക്രമണത്തേയും ഹൃദയത്തിലെ കറകളേയും ആത്മാവിന്റെ കളങ്കത്തേയും വിപാടനം ചെയ്തു. അതിനേക്കാൾ ഉപരിയായി വാൾ അവരുടെ അന്ധത ഇല്ലാതാക്കി. അവർ സത്യത്തിന്റെ വെളിച്ചം കാണുമാറായി. സത്യം സ്വീകരിക്കാൻ വിഘാതമായി നിന്ന അവരുടെ അഹങ്കാരത്തിനു ശമനമുണ്ടായി. ഉദണ്ഡ ശിരസ്കരായി ഔദ്ധത്യത്തോടെ നിലയുറപ്പിച്ച അവർ അപമാനിതരായി എളിമയോടെ തലകുനിച്ചു.*** മൗലാനാ അബുൽ അഅ്ലാമൗദൂദി - അൽജിഹാദുഫിൽ ഇസ്‌ലാം പേ. 136 -137)

ശത്രുവായിരിക്കെ ഊരിപിടിച്ച വാളുമായി റസൂൽ തിരുമേനി (സ)യെ വധിക്കാൻ പാഞ്ഞടുത്ത ഹദ്റത്ത് ഉമറി (റ)ന് പരിവർത്തനമുണ്ടാക്കാൻ റസൂൽ തിരുമേനി(സ) പ്രയോഗിച്ച ആയുധമെന്തായിരുന്നു? ഹദ്റത്ത് അബൂബക്കർ (റ) ഹദ്റത്ത് ഉഥ്മാൻ (റ) ഹദ്റത്ത് അലി (റ) ഇവർ റസൂൽ തിരുമേനി(സ) ഖഡ്ഗബലം കൊണ്ടോ അധികാരശക്തികൊണ്ടോ മനഃമാറ്റം വന്നവരാണോ? - റസൂൽ തിരുമേനി(സ)യുടെ ഏതെങ്കിലുമൊരു അനുചരന്റെ മതംമാറ്റത്തിനു പിന്നിൽ മൗലാനാ മൗദൂദി ആരോപിക്കുന്നത്പോലെ കളങ്കിതമായ ഖഡ്ഗബലത്തിന്റെ പശ്ചാത്തലമുണ്ടോ?

ഇസ്‌ലാം മതം വിസ്മയകരമായ വിജയം നേടിയതിൽ അധികാരബലത്തിന് യാതൊരു പങ്കുമില്ല. ഇത് അസന്നിഗ്ധമായി പ്രഖ്യാപിക്കുന്ന നിരവധി വചനങ്ങൾ ഖുർആനിൽ കാണാം. അല്ലാഹു റസൂൽ തിരുമേനി(സ)യെ അഭിസംബോധന ചെയ്തു പറയുന്നു.

*(ശേഷം 32-ൽ)*

# രാത്രിയുടെ അന്ത്യയാമങ്ങളിലെ തഹജ്ജൂദ് നമസ്കാരം

***നിന്റെ കുടുംബത്തോട് നിസ്കരിക്കാൻ നീ കല്പിച്ചുകൊണ്ടിരിക്കുക. നീയും അതിന്മേൽ സ്ഥിരചിത്തനായി നിലകൊള്ളുക. നാം നിന്നോട് ആഹാരം ആവശ്യപ്പെടുന്നില്ല. നാമാണ് നിനക്ക് ആഹാരം നൽകുന്നത്. നല്ല പരിണാമം. സൂക്ഷ്മത (പാലിക്കുന്നവർ)ക്കുള്ളതാണ്. (വി. ഖുർആൻ സൂറ:ത്വാഹാ 20:133)***

അബൂഹുറൈറ(റ)യിൽ നിന്നും നിവേദനം: റസൂൽ തിരുമേനി(സ) പറഞ്ഞു. രാത്രി എഴുന്നേൽക്കുകയും എന്നിട്ട് നിസ്കരിക്കുകയും തന്റെ ഇണയെ എഴുന്നേൽപ്പിക്കുകയും ഇണ എഴുന്നേറ്റില്ലെങ്കിൽ അവളുടെ മുഖത്ത് വെള്ളം തളിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹു തന്റെ അനുഗ്രഹം ഇറക്കിക്കൊടുക്കുന്നു. (നസാഈ)

അബു ഹുറൈറ(റ)യിൽ നിന്നും നിവേദനം: രാത്രിയുടെ മൂന്നിലൊന്ന് അവശേഷിക്കവെ അല്ലാഹു ആകാശത്തുനിന്ന് ഇറങ്ങിവന്ന് ഇങ്ങനെ പറയും. ആരെങ്കിലും എന്നെ വിളിക്കുന്നുണ്ടോ? ഞാനവന്റെ വിളികേൾക്കും. ആരെങ്കിലും എന്നോട് ആവശ്യപ്പെടുന്നുണ്ടോ ഞാനവന് നൽകും. ആരെങ്കിലുമുണ്ടോ എന്നോട് പാപമോചനം അർത്ഥിക്കുന്നവനായി? ഞാനവന് പൊറുത്തുകൊടുക്കും (ബുഖാരി, മുസ്‌ലിം)

ജാബിർ (റ) നിവേദനം ചെയ്യുന്നു: 'എല്ലാ രാത്രിയിലും ഒരു സമയമുണ്ട്. അപ്പോൾ മുസ്‌ലിംകൾ അവരുടെ ലൗകികവും ആത്മീയവുമായ എന്തു കാര്യങ്ങൾ ആവശ്യപ്പെട്ടാലും അല്ലാഹു അവർക്ക് നിറവേറ്റിക്കൊടുക്കും. ഈ അനർഘനിമിഷം എല്ലാ രാത്രിയിലും സമാഗതമാവുന്നു (തിർമിദി). നിർബന്ധ നിസ്കാരത്തിനുശേഷം ഏറ്റവും ശ്രേഷ്ഠ നമസ്കാരം നിശാനിസ്കാരമാണ്. (അഹ്മദ്) അബൂ ഉമാമ(റ)യിൽ നിന്നും നിവേദനം : 'നീ നിന്റെ മേൽ രാത്രി നിസ്കാരം അനിവാര്യമാക്കുക അത് നിനക്ക് മുമ്പുള്ള സച്ചരിതരായ ആളുകളുടെ മാർഗ്ഗമാകുന്നു. അത് നിന്നെ നിന്റെ റബ്ബുമായി കൂടുതൽ അടുപ്പിക്കുന്നു. അത് മ്ലേച്ഛപ്രവർത്തനങ്ങൾക്കുള്ള പ്രായശ്ചിത്തമാണ്. അത് തെറ്റുകളിൽ നിന്ന് നിന്നെ തടുക്കുന്നതുമാണ് (തിർമിദി)

ലേഖനം

**ഞാൻ എന്തുകൊണ്ട് അഹ്മദിയായി - 4**

**ഫാഇസുർറസൂൽ**

# മഹാത്മാക്കൾക്കെതിരെയുള്ള പീഡനം

**ഇന്ന് യാഥാസ്ഥിതിക ഉലമാക്കന്മാരും മുസ്‌ലിം ബഹുഭൂരിപക്ഷവും ബഹുമാനിച്ചാദരിക്കുന്ന ഇസ്‌ലാമിന്റെ മഹാന്മാരായ ദിവ്യാത്മാക്കൾ, അവരുടെ ജീവിതകാലത്ത് ഉലമാക്കന്മാരുടേയും ഭരണാധികാരികളുടേയും കൈയ്യാൽ ഭീകരമായി പീഢിപ്പിക്കപ്പെട്ടവരാണ്.**

മരിച്ചുകൊണ്ടിരിക്കുകയായിരുന്ന ഖലീഫ ഉഥ്മാൻ അദ്ദേഹത്തിന്റെ ഘാതകരോട് ഇപ്രകാരം പറഞ്ഞു: നിങ്ങൾ ഇന്ന് എന്നെ വധിക്കുകയാണെങ്കിൽ അവസാനകാലം വരെ പ്രാർത്ഥനയിലോ യുദ്ധരംഗത്ത് ശത്രുക്കൾക്കെതിരായോ ഐക്യത്തോടെ നില്ക്കുവാൻ നി ങ്ങൾക്ക് സാധ്യമല്ല. ഈയൊരു ശാപം ഇപ്പോഴും മുസ്‌ലിംകളുടെ കൂടെയുണ്ട്. ഇസ്‌ലാമിൽ വിവിധ കക്ഷികളും കക്ഷിപ്പോരും അധികമായി. ഓരോ വിഭാഗവും അപരവിഭാഗത്തെ ബഹിഷ്ക്കരിച്ചു. നൂറ്റാണ്ടുകൾ കഴിയുന്തോറും ഇതെല്ലാം കൂടുതൽ മോശമായിരുന്നു. മുജദ്ദിദീങ്ങളുടേയും പരിഷ്കർത്താക്കളുടേയും അതുപോലെ വാഗ്ദത്ത മസീഹിന്റേയും ആവശ്യം ഉണ്ടാകുമാറ് ഈ അവസ്ഥ വളർന്നുവന്നു.

### ഹിജ്റ ഒന്നാം നൂറ്റാണ്ട്

മൂന്നാം ഖലീഫ ഉഥ്മാൻ (റ) നാലാം ഖലീഫ അലി(റ) ഇമാം ഹുസൈൻ എന്നിവർ മതവിരുദ്ധരാണെന്നും മതപരിത്യാഗികളാണെന്നും മതപൗരോഹിത്യമാണ് മുദ്രകുത്തിയത്. അപ്പോൾ ശൈശവാവസ്ഥയിലുണ്ടായിരുന്ന ഇസ്‌ലാമിക മതപൗരോഹിത്യം അവരെ വധിച്ചുകളഞ്ഞു.

### ഹിജ്റ രണ്ടാം നൂറ്റാണ്ട്

മഹാനായ സൂഫി ജുനൈദ് ബാഗ്ദാദി, മുഹമ്മദ് അൽ ഫഖീഹ്, ഇമാം മാലിക്ബ്നു അനസ് ഇമാം ശാഫീ മുതലായ ദിവ്യാത്മക്കൾക്കെതിരെ മതം പരിത്യജിച്ചവരെന്നും കാഫിറെന്നും ഫത്വ നൽകപ്പെട്ടു.

ഇമാം അബൂഹനീഫ ഫനഫി മദ്ഹബിന്റെ സ്ഥാപകനാണ്. സുന്നി മുസ്‌ലിം ലോകത്തെ നാല് മദ്ഹബുകളിലൊന്നാണ് ഹനഫീ മദ്ഹബ്. അദ്ദേഹത്തെ അവിശ്വാസിയും മതപരിത്യാഗിയുമായി കണക്കാക്കി അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. പീഡിപ്പിച്ചു വിഷം നൽകി. ജയിൽ വെച്ച് സുജൂദിൽ കിടന്നാണ് ആ മഹാത്മാവ് ദിവംഗതനായത്. പിന്നീട് ബാഗ്ദാദിലെ അദ്ദേഹത്തിന്റെ ഖബറിടത്തിൽ നിന്ന് മയ്യത്ത് മാന്തിയെടുത്ത് ദഹിപ്പിച്ചു. പകരം അതിൽ ഒരു നായയെ അടക്കം ചെയ്തു. അതൊരു പൊതുകക്കൂസാക്കി മാറ്റി. പൗരോഹിത്യവർഗ്ഗം അബൂഹനീഫയുടെ അനുയായികളായ എല്ലാ ഹനഫികളും കാഫിറുകളും ഇസ്‌ലാമിന് പുറത്താണെന്നും വിധിച്ചു. അങ്ങനെയാണെങ്കിൽ അബുൽഅഅ്‌ലാ മൗദൂദി, സർ മുഹമ്മദ് ഇഖ്ബാൽ, അബുൽ ഹസൻ അലി നദ്‌വി എന്നീ പണ്ഡിതന്മാരായ ഗ്രന്ഥകർത്താക്കളടക്കം മഹാഭൂരിപക്ഷം വരുന്ന അനറബി മുസ്‌ലിംകൾ രണ്ടാം നൂറ്റാണ്ടിലെ അവരുടെ തന്നെ ആത്മീയ പൂർവ്വ പിതാക്കളുടേയും ഉലമാക്കന്മാരുടേയും വീക്ഷണത്തിൽ കാഫിറുകളാണ്.

### മൂന്നാം നൂറ്റാണ്ട്

വിശുദ്ധ ഖുർആൻ കഴിഞ്ഞാൽ ഇസ്‌ലാമിലെ ഏറ്റവും ആധികാരിക പ്രമാണികഗ്രന്ഥമായ സഹീഹുൽ ബുഖാരി(റഹ്)യുടെ കർത്താവായ മഹാനായ ഇമാം ബുഖാരി(റഹ്)യെ മതത്തിൽ നിന്നും വിട്ടുപോയവനായി (മുർത്തദ്) പ്രഖ്യാപിച്ചിട്ടുണ്ട്. അന്ധകാരത്തിലകപ്പെട്ട മൂവായിരത്തോളം ഉലമാക്കന്മാരും മുല്ലമാരും ഇമാം ബുഖാരി കാഫിറാണെന്നതിന് തെളിവുകൾ നൽകിയിട്ടുണ്ട്. ഇമാമിനെ ബുഖാറയിൽ നിന്നും കാർത്താംഗിലേക്ക് നാട് കടത്തി. അവിടെയും അദ്ദേഹത്തിന് യാതൊരു സമാധാനവും ലഭിച്ചില്ല. അല്ലാഹുവിന് മുമ്പിൽ തന്റെ ദുഃഖവും സങ്കടങ്ങളുമെല്ലാം അദ്ദേഹം സമർപ്പിച്ചു പ്രാർത്ഥിച്ചു.

കാർത്തംഗിൽ വെച്ച് തന്നെ അദ്ദേഹം ദിവംഗതനാവുകയും ചെയ്തു.

മറ്റൊരു മഹാനായ പണ്ഡിതനാണ് ഇമാം അഹ്മദ് ബിൻ അബൂ ഹംബൽ ഇമാമിനെ നാല് ചങ്ങലകളിൽ ബന്ധിതനാക്കി റമദാൻ മാസക്കാലത്ത് കത്തുന്ന സൂര്യനു കീഴിൽ അദ്ദേഹത്തെ ചാട്ടവാറടിക്ക് വിധേയനാക്കി. തർസൂസ് മുതൽ ബാഗ്ദാദ് വരെ നടത്തിച്ചു. റംസാൻ മാസത്തിലെ അവസാനത്തെ പത്ത് രാവിലും ഈ പീഢ നം തുടർന്നു കൊണ്ടിരുന്നു. മതപൗരോഹിത്യത്തിന്റെ ഈ ക്രൂരമായ പീഢനങ്ങളെല്ലാം അദ്ദേഹത്തിന് ലഭിക്കാൻ കാരണം ഖുർആൻ അല്ലാഹുവിന്റെ മറ്റു സൃഷ്ടികളെ പോലെയുള്ള ഒരു സൃഷ്ടിയല്ല എന്ന് അദ്ദേഹം പറഞ്ഞത് കൊണ്ടാണ്. അദ്ദേഹത്തെ ഓരോ തവണ ചാട്ടവാറടിക്ക് വിധേയമാക്കുമ്പോഴും തന്റെ ഈ അഭിപ്രായം തന്നെ അദ്ദേഹം ആവർത്തിച്ചുകൊണ്ടിരുന്നു. അവസാനം അദ്ദേഹം ബോധം കെടുന്നതുവരെ ഈ മർദ്ദനം തുടർ ന്നു. സുനൂൻ, സഹൽ തെസ്താരി, അഹ്മദ് ബിൻ യഹ്യ, അബൂ സയീദ്, ഖറാസ്, ഇബ്നു ഹനാൻ, അബൂ അബ്ബാസ്, ബിൻ അത്താ, അബുൽ മുഹ്സിൻ, അൽന്നൂറി, ഇമാം നിയാസി എന്നീ മഹാന്മാരായ എഴ് സൂഫിവര്യന്മാരെ മതവിരുദ്ധരെന്നോ മൂർത്തദ്ദുകളെന്നോ ഒറ്റുകാരെന്നോ ശിയാക്കളെന്നോ നാസ്തികരെന്നോ മുദ്ര കുത്തപ്പെട്ടതാണ്. അവർ ജയിലിലടക്കപ്പെടുകയും ചങ്ങലക്കിടുകയും വധിച്ചുകളയാൻ രാജാക്കന്മാരോട് ശുപാർശ ചെയ്യപ്പെടുകയും ചെയ്തവരാണ്. ഇങ്ങിനെ ചെയ്യാത്തപക്ഷം അവർ ഭൂമിയിൽ മതവിരുദ്ധത പരത്തുമെന്നായിരുന്നു ഈ മഹാത്മാക്കളെപ്പറ്റി ഉന്നയിക്കപ്പെട്ട ആക്ഷേപം.

വധശിക്ഷ നടപ്പാക്കുന്ന ആൾ കൈയിൽ വാളുമായി വന്നപ്പോൾ അൽ നൂരി വേഗത്തിൽ മുന്നോട്ടു വന്നുകൊണ്ട് പറഞ്ഞു: 'ഞാൻ ആത്മബലിയിൽ വിശ്വസിക്കുന്നു. എന്റെ സഹചരന്മാരെ സേവിക്കാനും താനുദ്ദേശിക്കുന്നു. അതുകൊണ്ട് ആദ്യമായി എന്റെ തല കൊയ്യാൻ ഞാൻ രാജാവിനോട് അഭ്യർത്ഥിക്കുന്നു. കാരണം എന്റെ സുഹൃത്തുക്കൾ അത് വഴി ഏതാനും നിമിഷം കൂടി ഭൂമിയിൽ ജീവിക്കട്ടെ. അത് ആയിരം കൊല്ലത്തിനു പകരം വെക്കാൻ കഴിയാത്ത ഒന്നാണല്ലോ, രാജാവ് ഉടനെ വധശിക്ഷ നിർത്തിവെച്ചു. അദ്ദേഹത്തിന് പേ രിലുള്ള കേസ് രണ്ടാമതും പുനഃപരിശോധിക്കാൻ ഉത്തരവിട്ടു.ഖാസിയുടെ റിപ്പോർട്ട് അൽ നൂരിക്കനുകൂലമായിരുന്നു. 'ഞാൻ അറിഞ്ഞതിൽ വെച്ച് ദൈവത്തിന്റെ ഏകത്വത്തിൽ മറ്റാരേക്കാളും സത്യസന്ധമായി വിശ്വസിക്കുന്ന സൂഫിയാണ് അൽ നൂരിയെന്നായിരുന്നു' ഖാസിയുടെ വിധി. വധശിക്ഷയ്ക്ക് വി ധിച്ച ഈ സൂഫിവര്യനെ രാജാവ് സ്വതന്ത്രനാക്കി. അദ്ദേഹത്തോട് മാപ്പു ചോദിച്ച് ധാരാളം സമ്മാനങ്ങളും ബഹുമതികളും നൽകി.

## നാലാം നൂറ്റാണ്ട്

മൻസൂർ അൽ ഹല്ലാജ് അക്കാലത്തെ സുപ്രസിദ്ധ സൂഫിവര്യനായിരുന്നു. തന്റെ ആത്മീയതയുടെ ഉന്നതാവസ്ഥയിൻ താൻ സ്വയം ദൈവഗുണങ്ങൾ ആർജിച്ചവനായ അനുഭവം അദ്ദേഹത്തിനുണ്ടാകുമായിരുന്നു. അപ്പോൾ അദ്ദേഹം 'ഞാനാണ് സത്യം' (അനൽഹഖ്) എന്ന് മൊഴിയുമായിരുന്നു. ആത്മീയജ്ഞാനത്തിന്റെ അഗാധതയിൽ മുങ്ങി താഴ്ന്ന ഹല്ലാജിന്റെ ആത്മീയാനുഭവങ്ങളെ അളക്കാൻ പക്ഷേ മതപൗരോഹിത്യത്തിന്നായില്ല. അവർ അദ്ദേഹത്തിന് മേൽ ചാടിവീണു. അവർ ഹല്ലാജിനെ അറസ്റ്റ് ചെയ്തു ജയിലിലടച്ചു. ക്രൂരമായി ചാട്ടവാർക്കൊണ്ട് അടിച്ചു. കൈകാലുകൾ വെട്ടിമാറ്റി കുരിശിൽ കയറ്റി. ഈ കൊടിയ പീഢനങ്ങളെല്ലാം അദ്ദേഹം സഹിക്കുമ്പോഴും അദ്ദേഹം ഇപ്രകാരം ഉരുവിട്ടുകൊണ്ടിരുന്നു.

*'ഞാൻ അവനാണ്, അവൻ എന്റെ പ്രേമഭാജനമാണ്. ഞാൻ സ്നേഹിക്കു ന്നവൻ അവനാകുന്നു. എന്നെ കാണുന്നവൻ അവനെ കാണുന്നു. അവനെ കാണുന്നവൻ നമ്മെ രണ്ടുപേരെയും കാണുന്നു.'*

തന്നെ ക്രൂശിപ്പിക്കാൻ നാട്ടിയ കുരിശിനു മുമ്പിൽ നിന്നുകൊണ്ട് അദ്ദേഹം ഇങ്ങനെ പ്രാർത്ഥിച്ചു.

'ഓ ദൈവമെ, നിന്റെ അടിയാറുകൾ നിന്റെ സ്നേഹം കരസ്ഥമാക്കാൻ വേണ്ടി എന്നെ കൊല്ലുവാൻ ആവേശപൂർവ്വം ഇവിടെ കുടിയിരിക്കുന്നു. അവരോട് നീ പൊറുത്തുകൊ ടുക്കേണമേ. ഓ ദൈവമേ അവരോട് നീ കാരുണ്യം കാട്ടേണമേ. നീ എനിക്ക് വെളിപ്പെടുത്തിത്തന്നത് പോലെ അവർക്കും വെളിപ്പെടുത്തിക്കൊടുത്തിരുന്നുവെങ്കിൽ അവർ ഈ വിധം പ്രവർത്തിക്കില്ലായിരുന്നു. നീ എന്നിൽ നിന്നും മറഞ്ഞിരിക്കുന്നത് പോലെ ഞാനും അവരിൽ നിന്നും മറഞ്ഞിരിക്കുന്നുവെങ്കിൽ എനിക്കിതൊന്നും അനുഭവിക്കേണ്ടിവരില്ലായിരുന്നു. നീ എന്തു ചെയ്താലും എല്ലാ മഹത്വവും നിനക്കുള്ളതാണ്. നീ ഇച്ഛിക്കുന്നതെല്ലാം മഹത്വമാർന്നതാണ്.' (പെല്ലിക്കൺ ബുക്സ് പ്രസിദ്ധീകരിച്ച Alfred Quillauimന്റെ **'Islam'** എന്ന പുസ്തകത്തിൽ നിന്നും ഉദ്ദരിച്ചത്. പേ. 146)

ഇമാം അബുൽ ഹസൻ അശ്ഹരി അബൂബക്കർ ശിബിലി, അബൂ ഉഥ്മാൻ മഗ്‌രിബി എന്നീ ഇസ്ലാമിലെ മഹാന്മാരായ പണ്ഡിതന്മാരെല്ലാം തന്നെ മൂർത്തദ്ദും, വഴിപിഴച്ചവരും, മതവിരുദ്ധരുമാണെന്ന് ഫത്‌വ ചാർത്തപ്പെട്ടവരാണ്.

## അഞ്ചാം നൂറ്റാണ്ട്

ഭുവനപ്രശസ്തനായ ഇമാം അൽ ഗസ്സാലി പോലും മതപൗരോഹിത്യത്തിൽ നിന്ന് രക്ഷപ്പെടാനായിട്ടില്ല. ഉലമാക്കന്മാർ ഇമാമവർകളെ നാസ്തികനും സ്വ തന്ത്രചിന്തകനും, മൂർത്തദുമായി മുദ്രകുത്തി അദ്ദേഹത്തിന്റെ പുസ് തകങ്ങൾ പുരോഗമ നാശയങ്ങളുള്ളതും ഇസ്ലാമിക വിരുദ്ധവുമാണെന്ന് പ്രഖ്യാപിക്കപ്പെട്ടു. ആ പുസ്തകങ്ങളെല്ലാം കത്തിച്ചുകളയണമെന്നും മുസ്‌ലിംകളാരും അത് വായിച്ചു പോകരുതെന്നും ഫത്‌വ യിറക്കി. വായിച്ചാൽ തലവെട്ടിക്കളയുമെന്ന് പറഞ്ഞ ഇമാം ഗസ്സാലിയുടെ പുസ്തകങ്ങൾ, ഏതാനും നൂറ്റാണ്ടുകൾ കഴിഞ്ഞതിനുശേഷം മുസ്‌ലിം ലോകത്തും ക്രൈസ്തവലോകത്തും ഏറ്റവും പ്രചാരമുള്ള പുസ്തകങ്ങളായി മാറി.

ഇമാം ഗസ്സാലി ദിവംഗതനാവുമ്പോൾ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ അദ്ദേഹത്തിന്റെ മേൽ വസ്ത്രത്തിൽ ഒരു കുറിപ്പ് തുന്നിചേർത്ത് കണ്ടതായി പറയപ്പെടുന്നു. അതിപ്രകാരമായിരുന്നു. *“ഇത് (വസ്ത്രം) ഞാനല്ല! ഈ കൂട്ടിൽ ഞാൻ ഒരു പക്ഷിയെ പോലെ ജീവിച്ചു ഇപ്പോൾ എന്നെ ദൈവം സ്വതന്ത്രനാക്കിയിരിക്കുന്നു. ഞാൻ പാറി അകലുകയാണ്.”*

ഖുർആനും ഹദീസും പ്രമാണമായി ഗ്രന്ഥരചന നിർവ്വഹിച്ച മഹാനായ പണ്ഡിതനായിരുന്നു ഇമാം ഇബ്നു ഹംസ, വിവരം കുറഞ്ഞ ഉലമാക്കന്മാർ അദ്ദേഹം വഴിപിഴച്ചവനാണെന്ന് പ്രഖ്യാപിച്ചു. അദ്ദേഹത്തെ ലാബലയിലെ (സ്പെയിൻ) കൊടുംവനത്തിലേക്ക് നാടുകടത്തി.

## ആറാം നൂറ്റാണ്ട്

ഹദ്റത്ത് ശൈഖ് അബ്ദുൽ ഖാദിർ ജീലാനി മുസ്‌ലിം ബഹുജനങ്ങൾക്കിടയിൽ വമ്പിച്ച സ്വാധീനവും ആദരവും നേടിയ മതവിധികർത്താവായിരുന്നു. അദ്ദേഹം ‘സൂഫികളുടെ സുൽത്താൻ’ എന്നാണ് അറിയപ്പെടുന്നത്. എട്ട് നൂറ്റാണ്ടുകൾക്ക് ശേഷം ഇന്നും ആ മഹാത്മാവിന് മുസ്‌ലിംകൾക്ക് ഇടയിലുള്ള സ്ഥാനം നിസ്തുലമായി തുടരുന്നു. ആ മഹാത്മാവിനെതിരെയും അക്കാലത്തെ സമുന്നത മതപണ്ഡിതനായ അല്ലാമാ അബുൽ ഫറാ അബ്ദു റഹ്‌മാൻ ജാവൂസി നൂറോളം അനുയായികളുടെ പിന്തുണയോടെ വഴിപിഴച്ചവനാണെന്ന് ഫത്‌വ കൊടുത്തു.

അല്ലാമാ ഇബ്നു റുഷ്ദ് (യൂറോപ്യൻമാർ അവറോസ് എന്നറിയപ്പെടുന്ന) സെവില്ലിയയിലെയും കോർഡോവയിലേയും (സ്പെയിൻ) ഖാസിയായിരുന്നു. മഹാനായ ഫിലോസഫറും വൈദ്യവിജ്ഞാനിയും, ഗണിതജ്ഞനും അരിസ്റ്റോട്ടിലിനെ പറ്റി ആധികാരികമായ വ്യാഖ്യാനമെഴുതിയ പണ്ഡിതനുമാണ്. പല വിഷയങ്ങളെ സംബന്ധിച്ചും കൃതികൾ രചിച്ച മഹാപ്രതിഭയുമായിരുന്നു ഇബ്നു റുഷ്ദ്. പ്രൊഫ. ഫിലിപ്പ് ഹിറ്റിയുടെ The Arabs in History എന്ന പുസ്തകത്തിൽ വിവരിച്ച മഹാന്മാരായ അറബി പണ്ഡിതന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. അക്കാലത്തെ ഉലമാക്കന്മാർ ഇബ്നു റുഷ്ദിനെ ഇസ്‌ലാം മതവിരുദ്ധനാണെന്ന് മുദ്രകുത്തി. അദ്ദേഹത്തിനെ ഉന്നതദ്യോഗങ്ങളിൽ നിന്നെല്ലാം ബഹിഷ്കൃതനാക്കി നാടുകടത്തി, അദ്ദേഹത്തിന്റെ പുസ്തകങ്ങൾ ചുട്ടെരിച്ചു. അദ്ദേഹത്തെ വധിച്ചില്ല കാരണം അദ്ദേഹം ശരീഅത്ത് നിയമങ്ങൾ നിഷ്ക്കർ ഷയോടെ പാലിക്കുന്നയാളായിരുന്നു. പിന്നീട് അദ്ദേഹത്തെ തിരിച്ചു വിളിക്കുകയും പല ഉദ്യോഗങ്ങളും തിരിച്ചു നൽകുകയും ചെയ്തു.

സുപ്രസിദ്ധ അന്തലൂഷ്യൻ സൂഫിയായ മുഹ്‌യുദ്ദീനുബ്നു അറബി അദ്ദേഹത്തിന്റെ പ്രാർത്ഥന ആരംഭിക്കുന്നത് *‘ഓ നാഥാ നിന്റെ അനന്തമായ ഏകത്വത്തിന്റെ അഗാധതലങ്ങളിലേക്ക് എന്നെ പ്രവേശിപ്പിക്കേണമേ.’* എന്താണ് ‘സൂഫിസം?’ എന്ന പേരിൽ അദ്ദേഹമെഴുതിയ പുസ്തകത്തിലെ ആദ്യത്തെ വരികളായിരുന്നു ഇത്. മാർട്ടിൻ ലിംഗ്സ് (1975) ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മുസ്‌ലിം സൂഫികളെക്കുറിച്ചെഴുതിയ പുസ്തകത്തിലാണ് ഈ പരാമർശമുള്ളത്. ഈ മനുഷ്യനെ അദ്ദേഹത്തിന്റെ സമകാലീനരായ ഉലമാക്കന്മാർ മതവിരുദ്ധനെന്നും, വഴിപിഴച്ചവനെന്നും കാഫിറെന്നും, മൂർത്തദെന്നും മുദ്രകുത്തുകയുണ്ടായി. ഈ നൂറ്റാണ്ടിലെ തന്നെ മറ്റൊരു സൂഫിയായിരുന്നു ശൈശുൽ അഷ്റഖ് ശി ഹാബുദ്ദീൻ സുഹ്‌ർ വർദി. അദ്ദേഹം ജയിലിലടക്കപ്പെട്ടു കഴുത്തു ഞെരിച്ചു കൊല്ലപ്പെടുകയാണുണ്ടായത്. മഹാപ്രതിഭകളെ കാഫിറായി പ്രഖ്യാപിച്ച് അവരെ വേട്ടയാടൽ വിനോദമാക്കിയ മതപുരോഹിതന്മാരെ 6–ാം നൂറ്റാണ്ടിൽ നമുക്ക് ധാരാളമായിക്കാണാം. ഫരീദുദ്ദീൻ അത്തർ ശുഐബ്ബ്നു ഹസൻ അൽ മഗ്‌രിബി മുതലായ ദിവ്യാത്മാക്കൾ ഇത്തരം പീഢനങ്ങൾക്ക് വിധേയരായവരായിരുന്നു. ■

ലേഖനം

ഏ.ക്യു. മഹ്ദി

# എച്ച് വൺ എൻ വൺ രോഗം ഒരു വൻദുരന്തമായി മാറുമോ....?

**പന്നിപ്പനിയെന്ന പേരിൽ അറിയപ്പെടുന്ന H1 N1 രോഗം ഒരു അതിദ്രുത പകർച്ചവ്യാധിയാണ്. ജനിതകവ്യതിയാനം വന്ന വൈറസാണ് ഈ രോഗം പരത്തുന്നത്.**

ഇന്ന്, ആധുനിക ലോകം അത്യന്തം ഭീതിയോടെ വീക്ഷിക്കുന്ന ഒരു രോഗമാണ് 'എച്ച് വൺ എൻ വൺ' എന്ന രണ്ടു വാക്കുകളിലൊതുങ്ങുന്ന പന്നിപ്പനി. ഒരുതരം വൈറസ് പരത്തുന്ന ഈ രോ ഗം ഇന്ന് മുഴുലോകത്തിന്റെയും ഉറക്കം കെടുത്തിക്കളഞ്ഞിരിക്കുന്നു. ഈ ലേഖനം ഞാൻ കുറിക്കുമ്പോൾ പന്നിപ്പനി ബാധിച്ച് ഇന്ത്യയിലും ലോകത്തും മരണമടഞ്ഞവരുടെയും ചികിത്സ തേടുന്നവരുടെയും എണ്ണം വ്യക്തമാക്കുന്ന ഒരു ലിസ്റ്റ് എന്റെ മുമ്പിലുണ്ട്. ഇത് പ്രസിദ്ധീകരിക്കപ്പെടുന്ന സമയമെത്തുമ്പോഴേയ്ക്കും മരണസംഖ്യ എത്ര കണ്ടു വർദ്ധിക്കുമെന്നു പറയാനുമാവില്ല.

ഒരുതരം വൈറസിലൂടെയാണ് പകരുന്നതെന്നു സൂചിപ്പിച്ചുവല്ലോ. എന്താണ് വൈറസ്?

ഭൂമിയിൽ കാണുന്ന ഏറ്റവും വ്യാപകമായ, ഏറ്റവും ചെറിയ ജൈവരൂപമാണ് വൈറസ്. വൈറസ് എങ്ങനെ ഉണ്ടായി എന്നു ശാസ്ത്രത്തിനു ഇന്നുമറിയില്ല. ചരിത്രത്തിൽ ഏറ്റവും കൂടുതൽ മനുഷ്യരെ കൊന്നതും വൈറസാണ്. പ്ലേഗ് വൈറസ്.

ഇന്നോളം 5000 ഇനം വൈറസുകളെ കണ്ടെത്തിയിട്ടുണ്ടെന്നാണ് ശാസ്ത്രം പറയുന്നത്. ലോകത്തുനിന്ന് പൂർണമായും നിർമാർജനം ചെയ്യപ്പെട്ട ഒരു വൈറസേ ഇന്നുള്ളൂ; വസൂരി എന്ന സ്മാൾ പോക്സ്. വസൂരിക്ക് എതിരേ വികസിപ്പിച്ച വാക്സിൻ മാത്രം പൂർണ വിജയകരമായിരുന്നു. ഇന്നീ സ്മാൾപോക്സ് വൈറസ് ഭൂമുഖത്ത് അവശേഷിക്കുന്നത് ഒരു പരീക്ഷണ ശാലയിൽ മാത്രമാണ്, റഷ്യയിലെ സൈനിക ലബോറട്ടറിയിൽ. ഇതല്ലാതെ ഒരു മനുഷ്യനിലും ഇത് ഇപ്പോൾ ജീവിച്ചിരിക്കുന്നില്ല.

പ്രധാനപ്പെട്ട പല വൈറസുകളുടെയും ഘടന ഇനിയും നിർണയിക്കാനുണ്ട്. ബാക്ടീരിയയുടെ നൂറിലൊന്നു വലുപ്പമേയുള്ളൂ വൈറസിന്. ഇതിന് സ്വന്തന്ത്രമായ നിലനിൽപ്പും വളർച്ചയും ഇല്ല. ഏതെങ്കിലും ജൈവകോശത്തിൽ കടന്നാലേ വൈറസ് വളരൂ. ഒന്നുകിൽ ചെടി, അല്ലെങ്കിൽ ജീവികൾ. ചിലപ്പോൾ ബാക്ടീരിയയിൽ തന്നെ വൈറസ് വളരും. എന്തായാലും ഒരു 'അതിഥി'യുടെ ശരീരം ഉണ്ടെങ്കിലേ വൈറസിന് വളരാനാകൂ. ചിലത് ചെടിയിൽനിന്നും ചെടിയിലേക്ക് വളരും. മറ്റു ചിലത് ചോര കുടിക്കുന്ന കൊതുകിലൂടെ മാത്രവും. ചുമയിലൂടെ, മൂക്കൊലിപ്പിലൂടെ മാത്രം പകരുന്നവയാണ് ഇൻഫ്ളൂവൻസ് വൈറസുകൾ. എച്ച് വൺ എൻ വൺ ഒരു ഫ്ളൂ വൈറസാണ്. ഈ വൈറസ് ഏറെ നേരം രക്തത്തിൽ തങ്ങിനിൽക്കില്ല എന്ന അവസ്ഥയുണ്ട്. പകരം തൊണ്ടയിലാണ് ഇത് തങ്ങുക. അതുകൊണ്ട് രക്തമല്ല, തൊണ്ടയിലെയും മൂക്കിലെയും നീരെടുത്താണ് (Nasal Swab) പരിശോധിക്കുന്നത്. മൂന്നോ നാലോ ദിവസമായി കടുത്ത രോഗലക്ഷണമുള്ളവരുടെ സാമ്പിൾ മാത്രമേ പരിശോധിക്കേണ്ടതുള്ളൂ. അല്ലാതെ ഒന്നു തുമ്മിയാലോ പനിച്ചാലോ

ഉടൻ പരിശോധനയ്ക്കു പുറപ്പെടരുത്. അത്തരം പരിഭ്രാന്തി പരിശോധനാ കേന്ദ്രങ്ങളിൽ തിരക്കുണ്ടാക്കി കുഴപ്പങ്ങൾ ഉണ്ടാക്കുകയേ ഉള്ളൂ.

ഇവിടെ ഒരു കാര്യം നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ആരോഗ്യം എന്നു പറയുന്നത് വ്യക്തിഗത ആരോഗ്യം മാത്രമല്ല, അതു സമൂഹത്തിന്റെയും പരിസ്ഥിതിയുടെയും ആരോഗ്യം കൂടിയാണ്. ഇവിടെ നമ്മുടെ നാട്ടിൽ പരിസ്ഥിതിയുടെ ആരോഗ്യം ഇന്ന് പാടെ തകർന്നിരിക്കുന്നു.

കേരളത്തിന്റെ പ്രത്യേക അവസ്ഥ കണക്കിലെടുത്താൽ, എല്ലാ പകർച്ച വ്യാധികളെയും പേടിക്കേണ്ട നിലയിലാണ് കാര്യങ്ങൾ. കോളറ ഇന്നും നമുക്കു ഭീഷണിയാണ്. ചിക്കുൻഗുനിയയും ഡങ്കി യും ഇടയ്ക്കിടെ റിപ്പോർട്ട് ചെയ്യപ്പെടുന്നു. ധാരാളം സഞ്ചരിക്കുന്നവരാണ് കേരളീയർ. സഞ്ചാരത്തിലൂടെ രോഗം പകരും. എന്നുവച്ച് വീട്ടിലിരിക്കാനാവില്ലല്ലോ. നമുക്ക് ചെയ്യാനാവുന്നത് പരിസരവും പരിസ്ഥിതിയും ബലപ്പെടുത്തുക എന്നതുമാത്രമാണ്.

മുഴുലോകത്തെയും ഭീതിയുടെ നിഴലിൽ നിർത്തുന്ന എച്ച് വൺ എൻ വൺ ആകട്ടെ ഇൻഫ്ളുവൻസ വൈറസിന്റെ ഗണത്തിലാണ് പെടുന്നത്.

H1 N1 എന്ന പേര് ഈ രോഗത്തിനെങ്ങനെ ഉണ്ടായി എന്നറിയേണ്ടേ? അമേരിക്കയിൽ കണ്ടെത്തിയ ആദ്യരോഗിയിൽനിന്നും ശേഖരിച്ച സാമ്പിൾ പരിശോധനയ്ക്കു വിധേയമാക്കിയപ്പോൾ, അതിൽ സുപ്രധാനമായ രണ്ടു വൈറൽ പ്രോട്ടീനുകൾ കണ്ടെത്തി. ഹീമാ ഗ്ലൂട്ടിൻ (Haemagllutin) ന്യൂറോമിഡേസ് (Neuromidase) എന്നിവയായിരുന്നു അവ. ആദ്യ രോഗിയിൽനിന്നു കിട്ടിയ വൈറൽ പ്രോട്ടീനുകളായതുകൊണ്ട്, അവയുടെ ആദ്യാക്ഷരങ്ങൾ ഉൾപ്പെടുത്തി രൂപപ്പെടുത്തിയതാണ് ഈ 'എച്ച് വൺ എൻ വൺ' എന്ന പദപ്രയോഗം. ഇനിയുമൊരു സമയ ത്ത് വീണ്ടുമൊരു വൈറൽ പ്രോ ട്ടീനെ എന്നെങ്കിലും ഏതെങ്കിലും രോഗിയിൽ കണ്ടെത്തിയാൽ ഇപ്പോഴത്തെ രോഗനാമത്തിന് ഇനി യും ഒരക്ഷരം കൂടി കൂടുതലുണ്ടാവാനിടയുണ്ട്.

എയ്ഡ്സിനു നിദാനമായ എച്ച്. ഐ. വി. വൈറസ് പകരുന്നത് പ്രധാനമായും ലൈംഗിക ബന്ധത്തിലൂടെയാണ് എങ്കിൽ എച്ച് വൺ എൻ വൺ എന്ന വി ല്ലന് അൽപം തുറന്ന വായു മാത്രം മതി കടന്നെത്താൻ. രോഗിയുമായി മൂന്നടി അകലത്തിൽ നിന്നാൽ പോലും രോഗം ഏറ്റുവാങ്ങപ്പെടാം. എച്ച് വൺ എൻ വൺ പോലെ തു മ്മിയും ചീറ്റിയും പകരുന്ന വൈറസുകൾ ഒരു പരിധി വരെ പടരാതിരിക്കാൻ മുഖംമൂടി ഉപയോഗിക്കുന്നത് നല്ലതാണ്. എന്നാൽ ഓരോ ആറു മണിക്കൂർ കഴിയുമ്പോഴും ഈ മുഖാവരണം മാറ്റേണ്ടിവരും.

DNA ആണ് ജീവന്റെ അടിസ്ഥാന ഘടകം. ഇതിൽനിന്നാണ് DNA ഉണ്ടാകുന്നത്. ആർ.എൻ.എയിൽനിന്ന് പ്രോട്ടീൻ ഉണ്ടാകുന്നു. മനുഷ്യനിൽ ആ പ്രോട്ടീൻ ആണ് മുടിയുടേയും ത്വക്കിന്റെയും നിറം അടക്കം ശരീരത്തിലെ പ്രധാന കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നത് പ്രോട്ടീൻ എന്തു ചെയ്യണമെന്ന് നിശ്ചയിക്കുന്നതാകട്ടെ ഡി.എൻ.എയും.

എന്നാൽ ശ്രദ്ധിക്കുക, ചില വൈറസുകൾക്കു ഡി.എൻ.എ ഇല്ല. അതായത് സ്വഭാവം നിശ്ചയിക്കുന്ന അടിസ്ഥാന ഘടകമല്ല, പക രം ആർ.എൻ.എ മാത്രം.

ഇപ്പോൾ ലോകം ഭീതിയോടെ മാത്രം വീക്ഷിക്കുന്ന ഇൻഫ്ളുവൻസ വൈറസായ H1 N1 പുതുതായി രൂപംകൊണ്ട ഒന്നാണെന്നു മനസ്സിലായല്ലോ. ഇതെങ്ങനെ മനുഷ്യരിൽ മാരകമായിത്തീർന്നു. പക്ഷിയിലുള്ള ഇൻഫ്ളുവൻസായും പന്നിയിലുള്ള ഇൻഫ്ളുവൻസയും മനുഷ്യനിലുള്ള ഇൻഫ്ളുവൻസയും ചേർന്ന ഒറ്റ വൈറസാണിത്. മെക്സികോയിലുള്ള പനി ബാധിച്ച പന്നിക്ക് പക്ഷിപ്പനിയും മനുഷ്യന്റെ പനിയും ഒപ്പം പകർന്നു കിട്ടുകയായിരുന്നു. ആ പന്നിയിൽനിന്നാണ് മൂന്നു വൈറസും ചേർന്നുള്ള അതിശക്തമായ ഈ H1 N1 ന്റെ പിറവി.

മുമ്പ് ഉണ്ടായിരുന്ന പന്നിപ്പനി – സ്വൈൻ ഫ്ളൂ – പന്നിയിൽനിന്ന് മനുഷ്യരിലേക്ക് പടർന്നിരുന്നു. പക്ഷേ, മനുഷ്യനിൽനിന്ന് മറ്റൊരു മനുഷ്യനിലേക്ക് പന്നിപ്പനി പടരില്ലായിരുന്നു. ഇപ്പോഴത്തെ H1 N1 ആകട്ടെ ഒരു മനുഷ്യനിൽനിന്നും മറ്റൊരു മനുഷ്യനിലേക്ക് അനായാസം പകരുന്ന ഒന്നാണ്. അതിന്റെ കാരണം അന്വേഷിച്ചപ്പോഴാണ് ഇത് മൂന്ന് വൈറസുകൾ ചേർന്ന ഘടകരൂപമാണെന്ന് ശാസ്ത്രജ്ഞൻമാർക്കു മനസ്സിലായത്.

കേവലം ആറുമാസം മുമ്പ് മാത്രമാണ് മെക്സിക്കോയിൽ ഈ പുതിയ വൈറസ് ഉദ്ഭവിച്ചത്. അവിടെനിന്ന് ഇത് അമേരിക്കയിലെത്തി. മെക്സിക്കോയും അമേരിക്കയും പൊതുവായ അതിർത്തിയുള്ള രാജ്യമായതിനാൽ ഇത് പടരാൻ എളുപ്പവുമായി. തുടർന്ന് ഇത് യൂറോപ്പിലെത്തി. ദേശങ്ങൾ പിന്നിട്ട് അത് ലോകം മുഴുവൻ വ്യാപിച്ചു. അങ്ങനെയാണ് ഇന്ത്യയിലും ഇതെത്തിപ്പെട്ടത്. കേരളത്തിലും ഇത് തന്റെ ആക്രമണത്തിന്റെ ആദ്യഘട്ടം

അസഹ്യമായ സന്ധിവേദനയും ഉണ്ടായി. അതായത് വൈറസിന്റെ ഘടന മാറിയപ്പോൾ രോഗലക്ഷണ ങ്ങളും പാടേ മാറി. ഈ കണ്ടെത്ത ലിന്റെ രേഖകൾ ഉടൻ പ്രസിദ്ധീക രിക്കപ്പെടുന്നതാണ്. 2006-ൽ നിന്ന് ജനിതക ഘടന മാറിയ വൈറസ്സാണ് 2007-ൽ വ്യാപിച്ചത് എന്നതാണ് പ്രധാനമായ കണ്ടെത്തൽ. ഇനി ഭാവിയിൽ വരാവുന്ന ചിക്കുൻഗുനി യയുടെ വൈറസ്സ് എങ്ങനെയുള്ള തായിരിക്കുമെന്ന് നമുക്കറിയില്ല എന്ന ഞെട്ടലോടെയാണ് ഞാനിതു പറയുന്നത്. ആ പുതിയ ചിക്കുൻ ഗുനിയയുടെ രോ ഗലക്ഷണവും നമുക്കിപ്പോൾ പറയാനാവില്ല.

ആധുനിക വൈദ്യാശാസ്ത്ര ത്തിന്റെ ത്വരിതഗതിയിലുള്ള വളർ ച്ചാവികാസങ്ങളിലൂടെ ചില നേട്ട ങ്ങൾ ഭാവിയിൽ നമ്മെ കാത്തിരിക്കു ന്നുവെന്നു പറയാതെ വയ്യ. ചിക്കുൻഗുനിയയെ പ്രതിരോധി ക്കാൻ കമ്പ്യൂട്ടറിലൂടെ മരുന്നു കണ്ടെത്താനുള്ള പരീക്ഷണമാണു പുരോഗമിക്കുന്നത്. പല മരുന്നും ഇതിനായി പരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

കമ്പ്യൂട്ടറിലൂടെയുള്ള പരീക്ഷ ണത്തിനൊരു പേരുണ്ട്. 'Lock & Key Experiment' അഥവാ 'പൂട്ടും താ ക്കോലും' പരീക്ഷണം. ഒരു പൂട്ടും അനേകം താക്കോലുകളും സങ്ക ല്പിക്കുക. ഏതു താക്കോലിട്ടാൽ പൂട്ട് തുറക്കാം എന്നറിയില്ല. അതു കൊണ്ട് ഓരോന്നും ഇട്ടു തിരിക്കു ന്നു. ചിക്കുൻ ഗുനിയ എന്ന പൂട്ടിന് പച്ചമരുന്നുകളുടെ അനേകം താ ക്കോലുകൾ ഉണ്ട്. താക്കോലിനെ മരുന്നു കോമ്പൗണ്ട് എന്നു സങ്ക ല്പിക്കാം. രണ്ടുലക്ഷം മരുന്നു കോമ്പൗണ്ട് കമ്പ്യൂട്ടറിലൂടെ പരീക്ഷി ക്കാൻ കേവലം രണ്ടാഴ്ചക്കാലം മതി. കമ്പ്യൂട്ടറിലൂടെയായതിനാൽ പരീക്ഷണം അതിവേഗത്തിലാകും.

വിതരണത്തിന് ലഭ്യമായാൽ പരിഭ്രാ ന്തരായി എല്ലാവരും ഇതു വാ ങ്ങി വിഴുങ്ങും. അനാവശ്യമായി അങ്ങനെ കഴിക്കുന്നവർക്ക് പിന്നീട് H1 N1 വൈറസിനെ ചെറുക്കാൻ കഴിയാതെ വരും. ഡെൻമാർക്കി ലും, നമ്മുടെ അയൽരാജ്യമായ ചൈനയിലും ടാമിഫ്ളൂ മരുന്ന് ഏൽക്കാത്ത രോഗികളെ കണ്ടെ ത്തിയിട്ടുണ്ട്.

വായനക്കാരിൽ ചിലർക്കെ ങ്കിലും കഴിഞ്ഞകാലത്ത് ചിക്കുൻ ഗുനിയ ബാധിച്ചിട്ടുണ്ടാകാം. അവർ കൂടി അറിയാനായി ഈ ലേഖന ത്തിൽ ചില ചിക്കുൻ ഗുനിയ വി ശേ ഷങ്ങൾ കൂടി ഞാനെഴുതിച്ചേർക്കു കയാണ്.

കേരളത്തിൽ ആദ്യം 2006ലാണ് ഗുനിയ പൊട്ടിപ്പുറപ്പെട്ടത്. അന്ന് ഇതു നിർണയിക്കാനുള്ള സംവി ധാനം കേരളത്തിലുണ്ടായിരുന്നില്ല. തുടർന്ന് തിരുവനന്തപുരത്തെ, രാജീ വ്ഗാന്ധി സെന്റർ ഫോർ ബയോടെ ക്നോളജി എന്ന സർ ക്കാർ നിയ ന്ത്രിക ഗവേഷണകേന്ദ്രം ഇതു വിക സിപ്പിച്ചെടുത്തു. രക്തസാമ്പിൾ ശേഖരിച്ചു പരിശോധിച്ചു. 2007ൽ രോഗം വീണ്ടും വന്നു. അപ്പോൾ കേരളത്തിൽ എല്ലായിടത്തുനിന്നും വീണ്ടും രോഗികളുടെ രക്തസാ മ്പിൾ ശേഖരിച്ചു. രണ്ടുവർഷത്തെ സാമ്പിൾ പരിശോധനയിൽനിന്ന് വ്യക്തമായത്, ആദ്യവർഷം വന്ന ചിക്കുൻഗുനിയ വൈറസ് അല്ല അടുത്തവർഷം പ്രത്യക്ഷപ്പെട്ട തെന്നാണ്. മ്യൂട്ടേഷനിലൂടെ അതിന്റെ ജനിതക ഘടന മാറിയി രുന്നു. മാത്രമല്ല, 2006-ലെ ചിക്കുൻഗുനിയ പനിയെക്കാൾ മാര കമായിരുന്നു 2007ലേത്. 2006-ലെ രോഗികൾക്കു മൂന്നുനാലു ദിവസം പനിയും തലവേദനയുമായിരുന്നെ ങ്കിൽ 2007ൽ പനി 12 ദിവസമായി.

ഒരുക്കിത്തുടങ്ങിയിരിക്കുന്നു.

അമേരിക്കയിലെ കൃത്യമായ നിരീക്ഷണ സംവിധാനമാണ് പുതിയ വില്ലനെ പെട്ടെന്നു കണ്ടെ ത്താൻ സഹായകമായത്. അവിടെ ആശുപത്രികളിൽ അസാധാരണ രോഗലക്ഷണവുമായി ഒരാളെത്തി യാൽ ഉടൻ ആ വിവരം CDD യിൽ (സെന്റർ ഫോർ ഡിസീസ് കൺ ട്രോൾ) അറിയിക്കണം. ആ രോഗി യെ സി.ഡി.ഡിക്കാർ കൂട്ടിക്കൊണ്ടു പോയി പ്രത്യേക നിരീക്ഷണ സം വിധാനത്തോടെ ചികിത്സിക്കും. ലോക്കൽ പൊലീസിൽനിന്ന് പ്രതി യെ, സി. ബി.ഐ. കസ്റ്റഡിയിൽ എടുത്ത് കേസ് അന്വേഷിക്കും പോലെ. അത്തരത്തിൽ മാസങ്ങൾ ക്കുമുമ്പ് സി.ഡി.ഡി. ഒരു രോഗി യെ നേരിട്ടു ഏറ്റെടുത്തു ചികി ത്സിച്ചു കണ്ടെത്തിയതാണ് ഭീകര നായ ഈ H1 N1 വൈറസിനെ. ഇന്ത്യയിൽ ഈ വില്ലൻ അൽപം വൈകിയാണ് ലാന്റ് ചെയ്തതെന്നു മാത്രം.

H1 N1 രോഗികൾക്കു നൽ കാൻ 'ടാമിഫ്ളു' എന്നൊരു മരുന്ന് അമേരിക്ക മുമ്പേ വികസിപ്പിച്ചിട്ടു ണ്ട്. ഒരു ആന്റീവൈറൽ കാമ്പൗണ്ടാ ണിത്. ഈ മരുന്ന് പലതരം ഫ്ളൂ ചികിത്സകൾക്ക് നിലവിലുള്ളതാണ്. മുമ്പ് പക്ഷിപ്പനി വന്നപ്പോഴും 'ടാമിഫ്ളൂ' നൽകിയിരുന്നു. ആ മരു ന്നിന്റെ ഏറ്റവും പു തിയ പതിപ്പാണ് ഇപ്പോഴത്തേത്. ഇപ്പോഴിത് ഇന്ത്യ യിലും കിട്ടും. എന്നാൽ പൊതുജ നത്തിന് കടയിൽ വാങ്ങാൻ കിട്ടില്ല. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തി ലാണ് മരുന്നു വിതരണം. H1 N1 രോഗി എന്നു തീർപ്പായവർക്കേ ഈ മരുന്നു നൽകാവൂ എന്ന് ലോകാ രോഗ്യ സംഘടന മുന്നറിയിപ്പു നല്കിയിട്ടുണ്ട്.

'ടാമിഫ്ളൂ' നിയന്ത്രണമില്ലാതെ

ഇതിന് 'കമ്പ്യൂട്ടേഷണൽ ബയോളജി' എന്നു പറയും. ചേരുന്ന 'താക്കോൽ' നൽകുമ്പോൾ അത് നോട്ട് ചെയ്യും. പിന്നീട് കമ്പ്യൂട്ടറിനു പുറത്ത് ലാ ബിൽ ടിഷ്യു കൾച്ചറിൽ പരീക്ഷിക്കും. ലോകത്ത് ഇപ്പോൾ കമ്പ്യൂട്ടർ ലാബിലാണ് മരുന്നു പരീക്ഷണത്തിന്റെ ആദ്യഘട്ടം നടക്കുന്നത്. അതു വിജയിച്ചാൽ മൃഗങ്ങളിലും തുടർന്നു മനുഷ്യരിലും പരീക്ഷിക്കണം.

ഇനി അല്പകാര്യം കൂടി 'എച്ച് വൺ എൻ വൺ' വിഷയത്തിൽ പറയാനുണ്ട്.

സാധാരണ ഗതിയിൽ ആരും തന്നെ ഈ ഭീകരന്റെ പിടിയിൽ നിന്ന് മുക്തരല്ല എന്ന സാഹചര്യത്തിൽ കുറേക്കൂടി ശ്രദ്ധ നാം സ്വ യം ചെലുത്തേണ്ടിയിരിക്കുന്നു. ബന്ധപ്പെടുന്നതിലൂടെയോ, രോഗിയുമായുള്ള നിരന്തര സമ്പർക്കത്തിലൂടെയോ മാത്രം പകർന്നു നല്കപ്പെടുന്ന എയ്ഡ്സ് എന്ന മഹാവ്യാധിയെങ്കിൽ, കേവലം വായുവിലൂടെ അനായാസം സഞ്ചരിച്ച് എച്ച് വൺ എൻ വൺ രോഗിയിൽനിന്ന് മറ്റൊരാളിലെത്തി രോഗബാധയുണ്ടാക്കുന്നു. രോഗിയുമായി മൂന്നടിയിലേറ ദൂരപരിധി പാലിക്കണമെന്ന നിർദ്ദേശം, വിഷയം കുറേക്കൂടി ഗൗരവപൂർണമാകുന്നു. ഇതൊരു ഭീതിജനകമായ അവസ്ഥ തന്നെയാണ്. പലതരം പനികൾ നിലവിലുള്ള ഈ കാലത്ത് ഏതു പനിയും H1 N1 ആയി വ്യഖ്യാനിക്കപ്പെടാം. സമൂഹജീവിയെന്ന നിലയിൽ സ്വയം രോഗബാധിതനെന്നറിയാതെ തന്നെ രോഗി സംബന്ധിക്കുന്ന ആൾക്കൂട്ടത്തിൽനിന്ന് നമുക്കെങ്ങനെ മാറി നിൽക്കാനാവും.

പരിഭ്രമിക്കേണ്ട, ഇതിനെതിരേ ഒരു മുൻകൂർ മരുന്ന് വൈദ്യാശാസ്ത്രത്തിൽ ഇന്നില്ലാതിരിക്കെ, ഒരു ദൈവികാനുഗ്രഹംപോലെ ബഹുമാനപ്പെട്ട ഹുസൂർ തിരുമനസ്സ് നിർ ദ്ദേശിച്ച ഒരു പ്രതിരോധ ഹോമി യോ മരുന്ന് നമുക്കേവർക്കും ആശ്വാസകരമായി കാണാം. മരു ന്നു കഴിക്കുന്നതിനോടൊപ്പം പ്രാർ ത്ഥനയും ആവശ്യമാണ്. രോഗലക്ഷണങ്ങളെപ്പറ്റിയുള്ള വിശദവിവരവും, രോഗത്തിനുമുമ്പു പ്രതിരോധത്തിനായി കഴിക്കേണ്ട മരുന്നും രോഗ ബാധിതനായാൽ ഉപയോഗിക്കേണ്ട മരുന്നുകളുടെ വിവരവും ഹൂസൂറിൽന്നും ലഭ്യമായിട്ടുണ്ട്. ഈ അവസരം പാഴാക്കാതെ, ഉറച്ച വിശ്വാസത്തോടുകൂടി ഓരോ അഹ് മദി സഹോദരനും ഈ ഹോമിയോ മരുന്ന് കഴിക്കുന്നത് നല്ലതാണെന്ന് അറിയിക്കാൻ എനിക്കാഗ്രഹമുണ്ട്.

വാഗ്ദത്ത മസീഹ് (അ)ന്റെ കാലത്ത് ഖാദിയാനിൽ പഠിക്കാനെത്തിയ, കർണാടകയിലെ യാദ്ഗീർ സ്വദേശിയായ അബ്ദുൽകരീം എന്ന ബാലനെ പേവിഷ ബാധയേറ്റ ഒരു നായ കടിച്ച സംഭവം ചരിത്രത്തിലുണ്ട്. കുട്ടിക്ക് പേ ഇളകുകയും അവൻ മരണാസന്നനായിത്തീരുകയും ചെയ്തു. ഡോക് ടർമാർ കൈമലർത്തി. പേ ഇളകിക്കഴിഞ്ഞാൽ ആ രോഗിയെ രക്ഷിക്കാൻ ആധുനിക വൈദ്യശാസ്ത്രത്തിൽ ഇന്നും ഒരു മാർഗ്ഗവുമില്ല. ഇന്നോളം ആരും രക്ഷപ്പെട്ട ചരിത്രവുമില്ല. മരണം കാത്തുകിടന്ന അബ്ദുൽകരീമിനെ പരിശോധിക്കാനെത്തിയ ഡോക്ടറുടെ വാ ക്കുകൾ ഇതായിരുന്നു.

'Nothing can be done for Abdul Kareem' അബ്ദുൽ കരീമിനു വേണ്ടി മസീഹ് (അ)മനസ്സുരുകി പ്രാർത്ഥിച്ചു. പ്രാർത്ഥന തുടങ്ങും മുമ്പ് ഹുസൂർ തിരുമനസ്സ് ഡോക്ടർ കേൾക്കേ ആത്മഗതമെന്നോണം പറഞ്ഞുവത്രെ,

"നിങ്ങൾക്കോ, വൈദ്യശാസ്ത്രത്തിനോ അവനെ രക്ഷിക്കാനാവില്ലായിരിക്കാം. എന്റെ നാഥനോട് ഞാനപേക്ഷിക്കാൻ പോവുകയാണ്. സർവ്വശക്തനായ എന്റെ സ്ര ഷ്ടാവിന് അബ്ദുൽകരീമിനെ രക്ഷിക്കാനാവുമോ എന്ന് നമുക്ക് നോക്കാം..."

വാഗ്ദത്ത മസീഹിന്റെ പ്രാർത്ഥനാനന്തരം, മരണത്തെ കൈ തൊടാൻ കാത്തുനിന്ന ആ ബാലൻ ജീവിതത്തിലേക്കു തിരിച്ചുവന്ന സംഭവം, നമ്മുടെ ചരിത്രത്തിൽ മായാതെ കിടപ്പുണ്ട്. ഇത് അന്നും ഇന്നും ലോകത്ത് ഒരു റെക്കോർഡായി തന്നെ നിലനില്ക്കുന്നു.

പക്ഷേ, പേവിഷബാധയെ പ്രതിരോധിക്കാൻ ഇന്ന് ഫലപ്രദമായ വാക്സിൻ ലഭ്യമാണെന്നത് ഒരനുഗ്രഹമാണ്. ഈ വാക്സിൻ വികസിപ്പിച്ചെടുത്ത മഹാനായിരുന്നു ലൂയിസ്സ് പാസ്ചെർ. 1822 മുതൽ 1895 വരെയായിരുന്നു പാസ്ചെറിന്റെ ജീവിതകാലം. 1880-ൽ അദ്ദേഹം 'പേ വിഷ നിരോധന ഗവേഷണ ചികിത്സാലയം' സ്ഥാപിച്ചതിനു മുമ്പും ശേഷവും പേ ഇളക്കിക്കഴിഞ്ഞ ഒരു വ്യക്തിയുടെ ജീവൻ ഒരു മരുന്നിലൂടെയും രക്ഷിക്കാൻ ശാസ്ത്രത്തിനുകഴിഞ്ഞിട്ടില്ല.

ഹുസൂർ തിരുമനസ്സിനാൽ നിർദ്ദേശിക്കപ്പെട്ട ഈ ഹോമിയോ മരുന്ന്, നമ്മുടെ സഹോദരന്മാരെല്ലാം തീർച്ചയായും മുടങ്ങാതെ കഴിക്കണമെന്ന് ഒരിക്കൽകൂടി ഞാനഭ്യർത്ഥിക്കുന്നു. അതിനുശേഷം ദുആ ചെയ്യുക. ഈ പുതിയ 'വൈ റസ് ബാധിത രോഗം' മാനവരാശിയുടെ ഒരു അന്തകനായി തീരുവാനിടവരുതേയെന്ന് നമുക്കു മനസ്സുരുകി പ്രാർത്ഥിക്കാം. ■

ലേഖനം

ഫരീദ് അഹ്മദ് യു.കെ.

# വാഗ്ദത്ത മസീഹ് ഖിലാഫത്തിന്റെ പുനഃസ്ഥാപകൻ

**റസൂൽ തിരുമേനി(സ)യെ അനുപദം അനുധാവനം ചെയ്യുകയും അവിടുത്തെ വിനീത ശിഷ്യനായി പാദസേവ ചെയ്യുകയും ചെയ്ത തിനാലാണ് വാഗ്ദത്ത മസീഹിന്ന് അല്ലാഹു ആ പദവി നൽകിയത്. അദ്ദേഹമാണ് ഖിലാഫത്തിന്റെ പുനഃസ്ഥാപകൻ.**

ഒരു വിശ്വാസിക്ക് പ്രവാചകത്വം തന്നെ ഒരു അനുഗ്രഹമാണ്. പക്ഷേ, ദൈവം തിരഞ്ഞെടുക്കുന്ന വ്യക്തികൾ മാത്രമേ ആ സ്ഥാനം പ്രാപിക്കാറുള്ളു. മുഹമ്മദ് നബിക്ക് (സ) മുഖേന വെളിപ്പെട്ട ദൈവത്തിന്റെ അന്തിമ സന്ദേശമാണ് ഇസ്ലാം. ആ മഹാത്മാവിന്റെ സമുദായത്തിൽ മാത്രമേ ഒരു പുതിയ പ്രവാചകൻ നിയോഗിക്കപ്പെടുകയുള്ളൂവെന്ന് ഉറപ്പായിരുന്നു. എന്തെന്നാൽ ഇനി ഒരു പുതിയ മതത്തിന്റെ ആവശ്യമില്ല. ഇസ്ലാമിന്റെ ആത്മാവിനെ തൊട്ടുണർത്തുന്ന ഒരു പരിഷ്കർത്താവിനെയാണാവശ്യമുള്ളത്. മൂസവീ ശരീഅത്തിന് സേവനം ചെയ്ത യേശു (അ)വിനെപ്പോലെ അവസാനകാലത്ത് ഇസ്ലാമിനും മുഹമ്മദ് നബി(സ)ക്കും കീഴ്പ്പെട്ട ആളായിരിക്കും അത്. പ്രവാചക പദവിയിലുള്ള അദ്ദേഹം മുഹമ്മദ് നബി(സ)യുടെ ഖലീഫയായിരിക്കും. അദ്ദേഹം ദൈവനിയുക്തനും ആയിരിക്കും. അതിനെതിരായ എന്തും ദൈവിക കീഴ്വഴക്കത്തിനെതിരായിരിക്കും.

പ്രവാചകനും മസീഹും (ചില മുസ്ലിം പ്രമാണങ്ങളിൽ മഹ്ദി എന്നാണ്) അവസാനകാലത്ത് ഇസ്ലാമിൽ വാഗ്ദാനം ചെയ്യപ്പെട്ട (യഥാർത്ഥത്തിൽ എല്ലാ മതങ്ങളിലും വാഗ്ദാനം ചെയ്യപ്പെട്ട) ആൾ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ആയിരുന്നു. (1835-1908) സർവ്വാദരണീയനും ഭക്തനുമായ അദ്ദേഹം നവയുഗത്തിന്റെ ഉൽഘാടനമെന്ന് പ്രഘോഷിക്കപ്പെടാൻ അർഹമായ തന്റെ ബറാഹീനെ അഹ്മദിയ്യായിലെ എഴുത്തു മുഖേന വിശ്വാസത്തിന്റെ നവബോധത്താൽ മുസ്ലിം സമുദായത്തെ ഉത്തേജിപ്പിച്ചു. അദ്ദേഹം ഇസ്ലാമിന് പുതിയ ഊർജ്ജവും ജ്ഞാനവും നൽകി. ഇസ്ലാം ഒരിക്കൽ കൂടി സജീവ മതമായി ഉയിർത്തെഴുന്നേറ്റു. അദ്ദേഹം മുസ്ലിംകൾക്ക് മാത്രമല്ല അതിൽ നിന്ന് പ്രയോജനം നേടാൻ ആഗ്രഹിച്ച എല്ലാവർക്കും പ്രതീക്ഷയും നൽകി. ഇസ്ലാമിനെ പ്രതിരോധിച്ചുകൊണ്ട് അദ്ദേഹം 80ൽ അധികം ഗ്രന്ഥങ്ങൾ രചിച്ചു. ഇസ്ലാമിക തത്വങ്ങളനുസരിച്ച് ജീവിതം നയിക്കാത്ത മുസ്ലിംകൾ അദ്ദേഹത്തെ വിമർശിച്ചു. ഇസ്ലാം നൽകിയ പരിശുദ്ധിക്കും സാത്വികതക്കും ചാർത്തപ്പെട്ട കളങ്കം അദ്ദേഹം നീക്കി.

അദ്ദേഹത്തിനുമുമ്പുള്ള പ്രവാചകന്മാരെപ്പോലെ ദൈവകല്പന കിട്ടുന്നതുവരെ അദ്ദേഹം ആത്മീയമായ പദവി അവകാശപ്പെട്ടില്ല. ദൈവികമായ പ്രശംസക്കർഹനാണെന്ന ആശയം പോലും അദ്ദേഹത്തിലുദിച്ചില്ല. നബി തിരുമേനി (സ)യുടെ ദാസനെന്ന നിലയിലും ഒരു ആത്മാർത്ഥ മുസ്ലിമിന്റെ കർത്തവ്യം എന്നതിലുപരി അദ്ദേഹം തന്റെ സേവനത്തെ കണക്കാക്കിയില്ല. സർവ്വശക്തനായ അല്ലാഹുവമായുള്ള സംഭാഷണം കൊണ്ടനുഗ്രഹിക്കപ്പെട്ടശേഷവും താൻ മസീഹും മഹ്ദിയും അവസാനകാലത്തെ പ്രവാചകനുമാണെന്ന് ഉറച്ച നിലയിൽ ദൈവം അറിയിച്ചപ്പോഴുമാണ് തന്റെ ദൗത്യം ആ മഹാത്മാവ് പ്രഖ്യാപിച്ചത്. എന്നിട്ട് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് സ്ഥാപിച്ചു. അദ്ദേഹം നേരിടേണ്ടി വന്ന യാതനക(വളരെ അധികമായിരുന്നു ഇവ)ളെ അദ്ദേഹം വകവെച്ചില്ല. പകരം ദൈവത്തിന്റെ മടിത്തട്ടിൽ കിടന്ന അദ്ദേഹം സർവ്വസ്വവും ദൈവത്തിൽ ഭരമേല്പിച്ചു.

പ്രവാചകനാണെതെന്ന അവകാശവാദം താഴെ

കൊടുത്ത പ്രസ്താവനകളിൽ കാണാം.

*"ഞാൻ സ്വയം തന്നെ ഏകദേശം നൂറ്റമ്പതോളം പ്രവചനങ്ങൾ പൂർത്തിയായതിന് സാക്ഷിയായതിന് ശേഷം എന്നെക്കുറിച്ച് ഞാൻ നബിയോ റസൂലോ ആണെന്ന കാര്യം എനിക്കെങ്ങനെ നിഷേധിക്കാൻ കഴിയും? സർവ്വോന്നതനായ ദൈവം എനിക്ക് നൽകിയ ബിരുദങ്ങൾ എന്തിനു ഞാൻ ഉപേക്ഷിക്കണം? അവനെ കൂടാതെ മറ്റുള്ളവരെ എന്തിനു ഭയക്കണം? എന്നെ അയച്ച ദൈവത്തിന്റെ പേരിൽ ഞാൻ പ്രഖ്യാപിക്കുന്നു: അവനെക്കുറിച്ച് വ്യാജങ്ങൾ പരത്തുന്നവർ ശപ്തരാണ - അവനാണ് എന്നെ വാഗ്ദത്ത മസീഹായി അയച്ചത്.* (ഏക് ഗലത്തീ കാ ഇസാല, റൂഹാനീ ഖസായിൻ വോള്യം 18 പേജ് 210).

*എന്റെ ജീവനെ നിയന്ത്രിക്കുന്ന അല്ലാഹുവിന്റെ പേരിൽ ഞാൻ പ്രഖ്യാപിക്കുന്നു അവനാണ് എനിക്ക് നബി എന്ന പട്ടം നല്കിയത്. അവനെന്നെ വാഗ്ദത്ത മസീഹ് എന്ന് വിളിച്ചു. എന്റെ സത്യതക്ക് സാക്ഷ്യമായി മഹത്തായ ദൃഷ്ടാന്തങ്ങൾ കാണിച്ചുതന്നിരിക്കുന്നു. അവ 3 ലക്ഷത്തോളം വരും* (തത്തിമ്മ ഹഖീഖത്തുൽ വഹ്യ്, റൂഹാനി ഖസായിൻ, വാല്യം 22, പേജ് 503) അദ്ദേഹത്തിന്റെ മറ്റു നിരവധി പ്രസ്താവനകളുണ്ട്, അവ അദ്ദേഹത്തിന്റെ പ്രവാചകവാദത്തിന് സാക്ഷ്യമാണ്. ഇതെല്ലാം ദൈവനിർദ്ദേശപ്രകാരമായിരുന്നു. തന്റെ പ്രവാചകത്വം മുഹമ്മദ് നബി(സ)യിൽ നിന്ന് സ്വതന്ത്രമായതല്ലെന്നും അത് വെറും മുഹമ്മദ് (സ)യുടെ അടിമ എന്ന നിലയിലാണെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു. മുഹമ്മദ് നബി (സ) ഖാത്തമുന്നബിയ്യീൻ (പ്രവാചകന്മാരുടെ മുദ്ര) ആണെന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചിരുന്നു. ഓരോ നിമിഷവും അദ്ദേഹം മുഹമ്മദ് നബി(സ)യുടെ ബഹുമതിയും മഹത്വവും സംരക്ഷിക്കുകയും പ്രതിരോധിക്കുകയും ചെയ്യുമായിരുന്നു. നബി(സ)യോടുള്ള അർപ്പണബോധത്തിന്റെ ഫലമാണ് തനിക്ക് ലഭിച്ച ഏതനുഗ്രഹവും അദ്ദേഹത്തിന് വളരെ വ്യക്തമായി മനസ്സിലായിരുന്നു. മറ്റൊന്നുംകൊണ്ടുമല്ല, ഇസ്‌ലാമിലൂടെയും മുഹമ്മദ് നബി(സ)യിലൂടെയും മാത്രമേ മനുഷ്യന് ശാന്തി കൈവരുത്താൻ സാധിക്കുകയുള്ളൂ എന്നും അദ്ദേഹം ഉറച്ചുവിശ്വസിച്ചു.

അദ്ദേഹം ദൃഢസ്വരത്തിൽ പ്രസ്താവിച്ചു:

*എനിക്ക് മുമ്പുള്ള എല്ലാ പ്രവാചകന്മാർക്കും ബഹുമാന്യരായവർക്കും ലഭിച്ച അനുഗ്രഹം പൂർണ്ണ അളവിൽ തന്നെ എനിക്കും ലഭിച്ചു. അതെല്ലാം അല്ലാഹുവിന്റെ ഔദാര്യത്താലായിരുന്നു. എന്റെ ഏതെങ്കിലും ബഹുമതി കൊണ്ടൊന്നുമല്ല. നബി(സ)യുടെ വഴി പിന്തുടർന്നില്ലായിരുന്നുവെങ്കിൽ അത് സാധ്യമായിരുന്നില്ല. ആ തിരുമേനി എന്റെ യജമാനനും നാഥനും, പ്രവാചകന്മാരുടെ ബഹുമതിയും, എല്ലാവരേക്കാളും ഉന്നതനുമായിരുന്നു. അദ്ദേഹത്തിന്റെ മേൽ സമാധാനവും അനുഗ്രഹവും വർഷിക്കുമാറാകട്ടെ. ഞാൻ നേടിയതെല്ലാം ആ മഹാത്മാവിന്റെ പാത പിന്തുടർന്നതുകൊണ്ടാണ്. എന്റെ സത്യസന്ധവും പൂർണ്ണവുമായ അറിവിന്റെ അടിസ്ഥാനത്തിൽ ഞാൻ മനസ്സിലാക്കുന്നു ആരും തന്നെ ദൈവസാമീപ്യം പ്രാപിക്കില്ല, ആ തിരുമേനിയെ പിന്തുടരാതെ. ആർക്കും തന്നെ സമഗ്രമായ ജ്ഞാനത്തിന്റെ അവകാശിയാവാൻ സാധ്യമല്ല. (ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസായിൻ വാല്യം 22, പേജ് 64-65) കൂടാതെ, എനിക്ക് ഉയർച്ചയും നല്കപ്പെട്ടത് നബി തിരുമേനി(സ)യെ പിന്തുടർന്നതു കാരണമാണ്. ഞാൻ അദ്ദേഹത്തിന്റെ അനുയായിയും വിശ്വസ്തതയോടെ അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങൾ ആചരിക്കുകയും ചെയ്തില്ലായിരുന്നുവെങ്കിൽ എനിക്ക് ദൈവവുമായി ബന്ധം സ്ഥാപിക്കുക എന്ന ഉന്നത നില കൈവരിക്കാൻ സാധിക്കുമായിരുന്നില്ല. എന്റെ സൽക്കർമ്മങ്ങൾ പർവ്വതങ്ങളോളം ഉയരത്തിൽ കൂമ്പാരമായാലും സാധിക്കുമായിരുന്നില്ല. എന്തെന്നാൽ നിയമവാഹകനായ പ്രവാചകൻ ഇനിയൊരിക്കലും ഇല്ല. എന്നാൽ ശരീഅത്തില്ലാത്ത പ്രവാചകന്മാർ വരാവുന്നതാണ്. പക്ഷേ, ആ വരുന്ന ആൾ നബി(സ)യുടെ അനുയായി ആയിരിക്കണം. അതുകൊണ്ട് ഞാൻ ഒരനുയായിയും പ്രവാചകനുമാണ്.*

(തജല്ലിയാത്തെ ഇലാഹിയ്യ പേജ് 24)

നബി(സ)യുമായി എനിക്കുള്ള ബന്ധവും തന്റെ പ്രവാചകനാണെന്ന വാദവും ആ മഹാത്മാവിന് ദൃഢബോധ്യമുണ്ടായിരുന്നുവെന്ന് സംശയലേശമെന്യേ പറയാം. ഈ പ്രവാചകത്വത്തിന് നബി(സ)യുടെ ഖിലാഫത്തിനെ സംബന്ധിച്ച ഒരു വശവുമുണ്ട്.

വാഗ്ദത്ത മസീഹി(അ)ന്റെ ആഗമനത്തെസംബന്ധിച്ച് തിരുമേനി(സ) തന്റെ അനുയായികൾക്ക് നൽകിയ നിർദ്ദേശമടങ്ങുന്ന ഹദീസ് ഇവിടെ പ്രസക്തമാണ്.

*"അദ്ദേഹം (വാഗ്ദത്ത മസീഹ്) എനിക്ക് ശേഷം എന്റെ അനുയായികളിൽ നിന്നുള്ള ഖലീഫയായിരിക്കും. ഓർക്കുക, അദ്ദേഹത്തെ കണ്ടുമുട്ടുകയെന്ന*

*ബഹുമതി ലഭിക്കുന്നവർ എന്റെ സലാം അദ്ദേഹത്തിനെത്തിക്കണം. (അൽമോജം അൽ ഔസത്ത് ലിത്ത*ബറാനി മനിസ്മുഹു ഈസ)

മറ്റൊരവസരത്തിൽ തിരുമേനി(സ) പറഞ്ഞു:

"നിങ്ങൾ മഹ്ദിയെ കണ്ടുമുട്ടിയാൽ അദ്ദേഹത്തിന്റെ കയ്യിൽ ബൈഅത്ത് (അനുസരണ പ്രതിജ്ഞ) ചെയ്യണം. മഞ്ഞുകട്ടയിൽ മുട്ടിന്മേൽ നിരങ്ങിയായാലും അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലണം. അദ്ദേഹം മഹ്ദിയാണ്. അല്ലാഹുവിന്റെ ഖലീഫയുമാണ് (സുനൻ ഇബ്നുമാജ, കിതാബുൽ ഫിതൻ) വാല്യം 2. പേജ് 1367)

താൻ ഈസാനബി (അ)യുടെ രണ്ടാം ആഗമനമാണെന്ന് വാഗ്ദത്ത മസീഹ് (അ) പല അവസരങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്. മൂസവി മസീഹിന്റെയും തന്റെയും ദൗത്യങ്ങൾ തമ്മിൽ സാമ്യതയുണ്ട്. അതിന് പ്രത്യേകം അടിവരയിടണം. വ്യത്യാസമെന്തെന്നാൽ യേശു (അ) മൂസാനബിയുടെ അദ്ധ്യാപനങ്ങളെ പുനരുജ്ജീവിപ്പിക്കാൻ വന്നതാണ്, താനാകട്ടെ ഇസ്ലാമിനെ പുനരുജ്ജീവിപ്പിക്കാനും.

ആ മഹാത്മാവ് പറഞ്ഞു:

*"സർവ്വശക്തനും ഏറ്റവും മഹത്വവാനുമായ അല്ലാഹു ഈ വിനീതനെ നിയമിച്ചിരിക്കുന്നത്, മനുഷ്യകുലത്തിന്റെ നന്മക്കും നസറേത്തിലെ ഇസ്രായേലീ പ്രവാചകനും മസീഹുമായ ദേഹത്തിന്റെ അതേ പോലെ അങ്ങേയറ്റത്തെ താഴ്മയോടും വിനയത്തോടും മിതത്വത്തോടും സ്നേഹത്തോടും മര്യാദയോടും കൂടിത്തന്നെ. നേരായ പാതയെക്കുറിച്ച് ബോധമില്ലാത്തവർക്ക് ഞാൻ നേർവഴി കാണിച്ചുകൊടുക്കും. അതുമുഖേന അവർ യഥാർത്ഥ മോക്ഷം പ്രാപിക്കും. ഈ ഐഹികലോകത്തുവെച്ചുതന്നെ സ്വർഗ്ഗീയ ജീവിതത്തിന്റെ അനുഭൂതി അവർക്കുണ്ടാവും. അവർ ദൈവത്താൽ സ്നേഹിക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്തവരുടെ പ്രകാശം അനുഭവിക്കും.*

(തബ്ലീഗെ റിസാല: വാല്യം 1 പേജ് – 11)

അദ്ദേഹത്തിന്റെ ദൗത്യത്തിന്റെ സത്യതക്ക് കൂടുതൽ തെളിവായി അദ്ദേഹം മുഖേന അനുഗൃഹീതമായ ഖിലാഫത്ത് വ്യവസ്ഥിതി പുനരുജ്ജീവിപ്പിക്കപ്പെട്ടുവെന്ന യാഥാർത്ഥ്യം എടുത്തുകാട്ടാം. അദ്ദേഹത്തിന്റെ മാതൃകയും അദ്ദേഹത്തിന്റെ ജമാഅത്തിന്റെ മാതൃകയും നബി(സ)യുടെ കാലഘട്ടവും ഖിലാഫത്തെ റാശിദയുടെ കാലവുമായി ശ്രദ്ധേയമായ സമാനതയുണ്ട്. അദ്ദേഹം തന്റെ അനുയായികളെ നയിക്കുന്ന ദിശയും ആദ്യകാല ഇസ്ലാ മിന്റെ വിസ്മയകരമായ ഒരു പ്രതിഫലനമാണ്. ആ മഹാത്മാവ് പറഞ്ഞു:

*ഇവിടെ ഞാൻ പറയാൻ പോകുന്ന ആദ്യകാര്യം, സത്യസന്ധനും പരിപൂർണ്ണനുമായ പ്രവാചകനെ (സ) പിന്തുടരുന്നതുവഴിയായി ഹൃദയത്തിൽ വികസിച്ചുവരുന്നത്. സാത്വികമായ ഹൃദയമാണ്. ഐഹികലോകസ്നേഹം ഹൃദയത്തിൽ നിന്ന് വിട്ടുമാറുന്നു. അത് ശാശ്വതവും ഒരിക്കലും അവസാനിക്കാത്തതുമായ സന്തുഷ്ടിയാണ് കാംക്ഷിക്കുന്നത്. പിന്നെ സാത്വികമായ ഹൃദയത്തിന്റെ ഫലമായി പരിശുദ്ധവും സമഗ്രവുമായ ദൈവസ്നേഹം നേടുന്നു. ഈ എല്ലാ അനുഗ്രഹങ്ങളും ലഭിക്കുന്നത് നബി(സ)യെ പിന്തുടർന്നതിന്റെ അനന്തരാവകാശമായാണ്* (ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസായിൻ വാല്യം 22 പേജ് 64–65).

വിസ്മയകരമായ ഒരു കാര്യം, ഐഹികലോകത്തെ നിരസിക്കൽ സാത്വികത കൈവരിക്കേണ്ട വഴിയായി അദ്ദേഹം കണക്കാക്കി. ആദ്യകാല ഇസ്ലാമിലെ ഖിലാഫത്തിന്റെ അനുഗ്രഹങ്ങളുടെ താക്കോൽ ഈ അർപ്പണബോധവും ദൈവസ്നേഹവുമായിരുന്നു. ഇതുതന്നെയാണ് അവസാനകാലത്തും നേടേണ്ടത്. 'റാശിദു'ന്റെ കാലത്ത് ഖിലാഫത്തിന് തുരങ്കം വെക്കാൻ ശ്രമിച്ചവരും ഈ സ്വഭാവഗുണം സമ്മതിച്ചിരുന്നു. മുആവിയ്യയും അതേ ആശയക്കാരും ഐഹികലോകത്തിനുവേണ്ടി ഉരുണ്ടു കളിച്ചപ്പോൾ (മൃഗത്തെപ്പോലെ) റാശിദൂന് ഐഹികാസക്തിയുണ്ടായിരുന്നില്ലെന്ന് മുആവിയ്യ തന്നെ പറഞ്ഞത് നിങ്ങൾ ഓർക്കുമല്ലോ. ഇക്കാലത്ത് ഖിലാഫത്തിനെ പുനരുജ്ജീവിപ്പിക്കാൻ തിരഞ്ഞെടുക്കപ്പെട്ട വാഗ്ദത്ത മസീഹു തന്റെ അനുയായികളെ നിരന്തരം ഉണർത്തി. ദൈവത്തിൽ ഭരമേല്പിക്കാനും അവനോടു കണക്കു പറയേണ്ടവരാണെന്നും സാത്വികത നേടാൻ ഈ മാർഗ്ഗമാണ് അവലംബിക്കേണ്ടതെന്നും അദ്ദേഹം ഉണർത്തി. ആദ്യകാലത്ത് ഉണ്ടായ ഖിലാഫത്ത് എന്ന അനുഗ്രഹം നീക്കിക്കളഞ്ഞത് ഐഹികലോകത്തോടുള്ള സ്നേഹമായിരുന്നു. (തുടരും)

*Review of Religions. Oct. 2007.*

വിവ: **കെ.വി. ഹസ്സൻകോയ,** കോഴിക്കോട്

■

ലേഖനം

എം. നദീം സിദ്ധീക്ക്

# ശൈഖ് അബ്ദുൽ ഖാദിർ ജീലാനി (റഹ്)യുടെ ഉപദേശങ്ങൾ

**ആറാം നൂറ്റാണ്ടിലെ മുജദ്ദിദ് ആയിരുന്ന ശൈഖ് അബ്ദുൽ ഖാദിർ ജീലാനി(റഹ്)യുടെ തത്വജ്ഞാനനിർഭരമായ പ്രഭാഷണത്തിൽ നിന്ന്.**

ഹദ്റത്ത് മുഹ്‌യുദീൻ ശൈഖ് അബ്ദുൽഖാദിർ ജീലാനി (റഹ്) (1077-1166) ആറാം നൂറ്റാണ്ടിലെ മുജദ്ദിദ് ആയിരുന്നു. അബ്ദുൽ ഖാദിർ ജീലാനി (റഹ്)യെപ്പറ്റി ഹദ്റത്ത് വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാഗുലാം അഹ്മദ് (അ) പറഞ്ഞത് ഇസ്‌ലാമിലെ എല്ലാ മഹാന്മരായ സൂഫിമാരിലും വെച്ച് അബ്ദുൽ ഖാദിർ ജീലാനിയുമായി തനിക്ക് പ്രത്യേകമായ ഒരു ആത്മീയ സാമ്യതയുണ്ടെന്നാണ്. അല്ലാഹുവിൽ നിന്നുള്ള ഒരു ദർശനത്തിൽ വാഗ്ദത്ത മഹ്ദി ശൈഖിനടുത്ത് നില്ക്കുന്നതായി കണ്ടു. അവർ രണ്ടുപേർക്കും ഒരേ ഉയരമായിരുന്നു ഉണ്ടായിരുന്നത്.

'ഖുതുഹുൽ ഗൈബ്' എന്ന ഗ്രന്ഥം അബ്ദുൽ ഖാദിർ ജീലാനിയുടെ 78 പ്രഭാഷണങ്ങളുടെ സമാഹാരമാണ്. ഒരോ പ്രഭാഷണവും അദ്ദേഹം പ്രസിദ്ധീകരിക്കുന്നതിന് മുമ്പേ സൂക്ഷ്മമായി പരിശോധിച്ചതാണ്. താഴെ കാണുന്ന ഭാഗം അത്തരം ഒരു പ്രഭാഷണത്തിന്റെ ഒരു ഭാഗമാണ്.

**നാലാം പ്രഭാഷണം**

(ആത്മീയ മരണത്തെ പറ്റി)

ഭൗതികലോകത്ത് നിങ്ങൾ ഒരു മരണം വരിക്കുമ്പോൾ നിങ്ങളോട് പറയപ്പെടും അല്ലാഹുവിന്റെ കാരുണ്യം നിങ്ങളിലുണ്ട്. അവനിപ്പോൾ നിങ്ങളെ നിങ്ങളുടെ വികാരങ്ങളിൽ നിന്നും മരിച്ചു പിരിയാൻ നിങ്ങളെ അനുവദിക്കുന്നു. നിങ്ങൾ നിങ്ങളുടെ വികാരങ്ങളെ മരിപ്പിക്കുമ്പോൾ നിങ്ങളോട് പറയപ്പെടും അല്ലാഹുവിന്റെ കാരുണ്യം നിങ്ങളിലുണ്ട്. അവൻ നിങ്ങളുടെ ആഗ്രഹങ്ങളേയും ഇച്ഛകളേയും മരിക്കാനനുവദിക്കുന്നു. നിങ്ങളുടെ ആഗ്രഹങ്ങൾ മരിക്കുമ്പോൾ നിങ്ങളോട് പറയപ്പെടും. അല്ലാഹുവിന്റെ കാരുണ്യം നിങ്ങളിലുണ്ട്. നിങ്ങൾക്ക് അവൻ നിങ്ങളുടെ ജീവനെതിരിച്ചു തന്നിരിക്കുന്നു. അവിടെ നിങ്ങൾക്ക് മരണമില്ല.

പിന്നീട് നിങ്ങൾ സമ്പത്തുകൾ കൊണ്ട് അനുഗ്രഹിക്കപ്പെടും. അതിൽ പിന്നെ നിങ്ങൾക്ക് ദാരിദ്ര്യമുണ്ടാവുകയില്ല. നിങ്ങൾക്ക് ഒരു സമ്മാനം നൽകപ്പെടും. അതിനാൽ നിങ്ങൾക്ക് ഒരിക്കലും യാതൊന്നിനും കുറവ് ഉണ്ടാവുകയില്ല. നിങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാവില്ല. നിങ്ങൾക്ക് ഒരു ആനന്ദം നൽകപ്പെടും പിന്നീട് നിങ്ങൾക്ക് ദുഃഖം ഉണ്ടാവില്ല. നിങ്ങൾക്ക് ജ്ഞാനം നൽകപ്പെടും പിന്നീട് നിങ്ങൾക്ക് അജ്ഞതയുണ്ടാവില്ല.നിങ്ങൾക്ക് സുരക്ഷിതത്വം നൽകപ്പെടും. പിന്നീട് നിങ്ങൾക്ക് ഭയമുണ്ടാവില്ല. നിങ്ങൾക്ക് ഒരുപാട് സുഭിക്ഷത നൽകപ്പെടും. പിന്നീട് ഒരിക്കലും നിങ്ങൾക്ക് നിസ്വത ഉണ്ടാവില്ല. നിങ്ങൾക്ക് ബഹുമതി നൽകപ്പെടും. പിന്നീട് നിങ്ങൾ ഒരിക്കലും തരം താഴില്ല. നിങ്ങൾ വളരെയേറെ ഉയർത്തപ്പെടും അതിനപ്പുറം നിങ്ങൾക്ക് നിന്ദിക്കാനവില്ല. നിങ്ങളുടെ മേൽ ധാരാളം ബഹുമതി നൽകപ്പെടും. പിന്നെ നിങ്ങൾ വെറുക്കപ്പെടില്ല. നിങ്ങൾ വളരെ പരിശുദ്ധമാക്കപ്പെടും പിന്നെ നിങ്ങൾ മലിനമാക്കപ്പെടുകയില്ല. ഈ പ്രതീക്ഷാനിർഭരമായ ആഗ്രഹങ്ങൾ നിങ്ങൾ സാക്ഷാത്കരിക്കണം. നിങ്ങളെ സംബന്ധിച്ച സദ് വാർത്തകൾ ഉറപ്പാക്കപ്പെടണം.

നിങ്ങൾ തത്വജ്ഞാനിയുടെ ഉരക്കല്ലായി തീരണം. അതായത് സൂക്ഷ്മനായി തീരണം. മറ്റാരോടും ഉപമിക്കാനാവാത്ത അതുല്യനായി തീരണം. നിങ്ങളോട് കിടനില് ക്കാൻ മറ്റൊരാളില്ലാത്തവിധം നി ങ്ങൾ ആയിത്തീരണം. നിങ്ങൾ ഒരു തരത്തിലുള്ള വൈശിഷ്ട്യം ആർജിക്കണം. ഒറ്റതിരിഞ്ഞവനും അദ്വിതീയനുമായിരിക്കണം. നിഗൂഢവാനും,

*(ശേഷം 39-ൽ)*

ലേഖനം

മുഹമ്മദ് സലിം
കൊടുങ്ങല്ലൂർ

# പ്രബോധനത്തിനുള്ള മറുപടി-2

**മുബാഹലക്ക് ശേഷം മൗലാനാ മൗദൂദി സാഹിബിന്റെ ആശയാദർശങ്ങൾ നടപ്പാക്കാൻ വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച നിരവധി പ്രവർത്തകരെ അഹ്മദിയത്ത് സ്വീകരിക്കുന്നതിൽ നിന്നും തടഞ്ഞുനിർത്താൻ കേരളത്തിലെ സമുന്നതരായ ജമാഅത്തെ ഇസ്ലാമി നേതാക്കന്മാർ കിണഞ്ഞു പരിശ്രമിച്ചു. പക്ഷേ അവരെ തടയാൻ സാധ്യമായില്ല. ജമാഅത്തെ ഇസ്ലാമി മുൻ കേരള അമീർ ജനാബ് സിദ്ധീക്ക് ഹസൻ സാഹിബ് അടക്കം ജമാഅത്ത് നേതാക്കന്മാർക്കെല്ലാം ഈ സത്യം അറിയാവുന്നതാണ്. എന്നിട്ടും മുബാഹലക്ക് ശേഷം ആരും അഹ്മദിയ്യത്ത് സ്വീകരിച്ചിട്ടില്ല എന്ന് പറയുന്നത് തികഞ്ഞ കളവല്ലേ? കളവ് പറയാൻ നിങ്ങൾക്ക് അല്ലാഹുവിനെ ഭയമില്ലേ?**

അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്താൽ കാലത്തിന്റെ ഇമാമിന് ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ മുസ്ലിം ജമാഅത്താകുന്ന അൽ-ജമാഅത്തിൽ ചേർന്നതിനുശേഷം, എനിക്ക് ലഭിച്ച ഈ അമൂല്യനിധിയുടെ സന്ദേശം എന്റെ എല്ലാ സഹോദരങ്ങൾക്കും എത്തിക്കണമെന്ന ആഗ്രഹമായിരുന്നു എനിക്കുണ്ടായിരുന്നത്. ഈ ആഗ്രഹത്തെ മുൻനിറുത്തി മാത്രമാണ് ഈ വിനീതൻ, ജമാഅത്തെ ഇസ്ലാമിയുടെ അമീറും പ്രബോധനത്തിന്റെ ചീഫ് എഡിറ്ററുമായ ജനാബ് സിദ്ദീഖ് ഹസൻ സാഹിബിന് സന്ദേശമയച്ചത്. എന്റെ ആത്മീയ സഹോദരനും, സിമിപ്രവർത്തകനും, ജമാഅത്തെ ഇസ്ലാമിയുടെ നിയന്ത്രണത്തിൽ ഉള്ള കാതിക്കോട്, അത്താണി പള്ളികളിൽ മുഅല്ലിം ആയി സേവനം ചെയ്തിരുന്ന ജനാബ് മുഹമ്മദ് യൂസുഫ് സാഹിബിന് സന്ദേശമെത്തിക്കാൻ ഇതിനകം അല്ലാഹു തൗഫീഖ് നൽകി. എന്നാൽ എന്നിൽ നിന്നും അദ്ദേഹത്തെ അകറ്റുവാൻ, ഞങ്ങളുടെ തന്നെ സ്നേഹിതന്മാർ ഒരുപാട് ശ്രമങ്ങൾ നടത്തുകയുണ്ടായി. എന്നാൽ, സത്യം മനസ്സിലാക്കിയ അദ്ദേഹം ബൈഅത്ത് ചെയ്യുവാൻ തന്നെ തീരുമാനമെടുത്തു. രാത്രി ഞങ്ങൾ പിരിയുമ്പോൾ, രാവിലെ 9 മണിയ്ക്ക് കൊച്ചി ജമാഅത്തിലേക്ക് പുറപ്പെടാമെന്നും അവിടെ ചെന്ന് ബൈഅത്ത് ചെയ്യാമെന്നും തീരുമാനമെടുത്തിരുന്നു. അതനുസരിച്ച് ഞാൻ പിറ്റേന്ന് രാവിലെ 9 മണിക്കുള്ള ബോട്ടിനു പോകാൻ അഴീക്കോട് ജെട്ടിയിലെത്തി. വളരെ ഏറെ നേരം കാത്തുനിന്നിട്ടും യൂസുഫ് സാഹിബ് പക്ഷെ എത്തിയില്ല. നിരാശനായി ഞാൻ തിരിച്ചുപോന്നു. എന്ത് സംഭവിച്ചുവെന്ന് യാതൊരു വിവരവുമില്ല. എവിടെ അന്വേഷിക്കാൻ? എല്ലാ ബന്ധങ്ങളും എനിക്ക് നഷ്ടപ്പെട്ടിരുന്നു. എന്തെങ്കിലും സംഭവിക്കാതെ അദ്ദേഹം വരാതിരിക്കില്ലെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു. ഏകദേശം 5 ദിവസങ്ങൾക്ക് ശേഷമാണ് അദ്ദേഹം പ്രത്യക്ഷപ്പെടുന്നത്. അതിനുശേഷമാണ് വിവരങ്ങൾ അറിയുന്നത്. ഞങ്ങൾ അന്ന് രാത്രി പിരിഞ്ഞതിന് ശേഷം, അഴീക്കോട് വെച്ച് ജനാബ് എൻ.എം. ഹുസൈൻ സാഹിബ് അദ്ദേഹവുമായി കണ്ടുമുട്ടി. യൂസുഫ് സാഹിബ്, ഈ വിനീതനുമായി ബന്ധപ്പെടുന്നുണ്ടെന്ന് മനസ്സിലാക്കിയ ഹുസൈൻ സാഹിബ് വളരെ തന്ത്രപൂർവ്വം അദ്ദേഹത്തെ കൊടിയത്തൂരിലേക്ക് കൂട്ടിക്കൊണ്ടുപോകാനുള്ള ഏർപ്പാടുകൾ ചെയ്തു. അങ്ങനെ യൂസുഫ് സാഹിബ് കൊടിയത്തൂരിൽ ആരുമറിയാതെ പി.പി. അബ്ദുറഹ്മാൻ സാഹിബിന്റെ കൈകളിലെത്തി. ഇത് പി.പി. അബ്ദുറഹ്മാൻ സാഹിബ് മറന്നുപോയോ? ദിവസങ്ങൾക്ക് ശേഷം തന്ത്രപൂർവ്വം അദ്ദേഹം രക്ഷപ്പെട്ട് നാട്ടിലെത്തി. ഈ സംഭവം അദ്ദേഹത്തിന് കൂടുതൽ വിശ്വാസദൃഢത പ്രദാനം ചെയ്യുകയാണുണ്ടായത്. അങ്ങനെ 1989 ഒക്ടോബർ മാസത്തിൽ തന്നെ ഞങ്ങൾ കൊച്ചി ജമാഅത്തിൽ

പോയി. അദ്ദേഹവും ബൈഅത്ത് ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യ വീട് ജമാഅത്തെ ഇസ്ലാമി മഹല്ലായ 'കാതിയാളം' എന്ന സ്ഥലത്തായിരുന്നു. അവിടെ വിവരങ്ങളറിഞ്ഞു. ജമാഅത്തെ ഇസ്ലാമി പണ്ഡിതനായ 'അബ്ദുല്ല മൗലവി' ഫത്വ നൽകിയതനുസരിച്ച് പാവപ്പെട്ട ആ പെൺകുട്ടി, ഒരു ആൺകുട്ടിയുടെ പിതാവായ, അദ്ദേഹത്തെ 'ഫസ്ഖ്' ചൊല്ലി ഒഴിവാക്കി: ഈ വിവരം ജമാഅത്തെ ഇസ്ലാമിക്കറിയില്ലേ? നിങ്ങളുടെ തന്നെ പത്രമായ 'മാധ്യമ'ത്തിന്റെ പഴയ താളുകൾ ഒന്നുമറിച്ച് നോക്കുക. അതിൽ ഏകദേശം താഴെ എഴുതിയപ്രകാരത്തിൽ ജനാബ് യൂസുഫ് സാഹിബിന്റെ ഭാര്യയുടെ പേരിൽ 'ഫസ്ഖ്' ചൊല്ലിയതിന്റെ വിളംബരം കാണാം.

"എന്റെ ഭർത്താവ് ഉണ്ണിയംപാട്ട് യൂസുഫ് എന്നയാൾ അഹ്മദിയ്യാ മതം സ്വീകരിച്ചതിനാൽ അതിൽ നിന്നും പിന്തിരിപ്പിക്കുവാനുള്ള എല്ലാ ശ്രമവും പരാജയപ്പെട്ടതുകൊണ്ട് അദ്ദേഹത്തെ ഞാൻ 'ഫസ്ഖ്' ചൊല്ലുന്നു.

എന്ന്

പേര്.....................................

കാതിയാളം മഹല്ല്

കൊടുങ്ങല്ലൂർ

(മധ്യമം - 1990-1991)

ഇതെല്ലാം നടന്നത് മുബാഹലക്കുശേഷമാണെന്നോർക്കുക. ഇപ്പോൾ, 2009-ൽ ജനാബ് യൂസുഫ് സാഹിബ് അഹ് മദിയ്യാ ജമാഅത്തിലെ സജീവപ്രവർത്തകനായി കോഴിക്കോട് അഹ്മദിയ്യാ ബുക്ക് സ്റ്റാളിൽ സേവനം ചെയ്തുകൊണ്ടിരിക്കുന്നു. പ്രബോധനത്തിന്റെ വായനക്കാർക്ക് ആർക്ക് വേണമെങ്കിലും അദ്ദേഹത്തെ നേരിൽ കണ്ട് വിവരങ്ങൾ അന്വേഷിക്കാവുന്നന്നതാണ്. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇൻഡ്യയിൽ ആദ്യമായി ഇസ്ലാം എത്തിയ കൊടുങ്ങല്ലൂരിൽ നിന്നും മുബാഹലക്ക് ശേഷം 6 മാസത്തിനുള്ളിൽ തന്നെ ബൈഅത്തു ചെയ്ത് അൽ ജമാഅത്തിൽ പ്രവേശിക്കുവാൻ എനിക്കും ജനാബ് യൂസുഫ് സാഹിബിനും തൗഫീഖ് ലഭിച്ചു. (അൽഹംദുലില്ലാഹ്). ബൈഅത്ത് ചെയ്യുമ്പോൾ എനിക്ക് ഭാര്യയും ചെറിയ രണ്ട് മക്കളും ഉണ്ടായിരുന്നു. എറിയാട് സ്വദേശിയും, ജമാഅത്തെ ഇസ്ലാമി പ്രവർത്തകനും ആയിരുന്ന ജനാബ് പടിയത്ത് മുഹമ്മദ് സാഹിബിന്റെ മകളായ മറിയം സാഹിബയാണ് എന്റെ ഭാര്യ. എന്റെ ബൈഅത്തിന്റെ വിവരം അറിഞ്ഞ അദ്ദേഹം, മകളെ എന്റെ കൂടെ വിടാൻ അനുവദിച്ചില്ല. ഈ സംഭവങ്ങളെല്ലാം എറിയാട് പ്രദേശ ത്തും കൊടുങ്ങല്ലൂരിലും ജമാഅത്തെ ഇസ്ലാമി പ്രവർത്തകർക്കെല്ലാം അറിവുള്ളതാണ്. മുബാഹലക്ക് ശേഷമാണ് ഇതെല്ലാം നടന്നതെന്നോർക്കുക. എന്നാൽ ജമാഅത്തെ ഇസ്ലാമിയുടെ വനിതാ അറബികോളേജിൽ 3 വർഷം പഠിച്ച ഭാര്യ, എന്റെ കൂടെ വരികയാണുണ്ടായത്. ഒരു മാസത്തിന് ശേഷം സത്യം ബോധ്യപ്പെടുകയും 1989 ഡിസംബറിൽ ബൈഅത്ത് ചെയ്യുകയും ചെയ്തു. അങ്ങനെ കൊടുങ്ങല്ലൂരിൽ മുബാഹലക്ക് ശേഷം 3-ാമത്തെ ബൈഅത്തും നടന്നു. ഇതിനുശേഷം 1990 ജനുവരിയിൽ എറിയാട് സ്വദേശിയും ജമാഅത്തെ ഇസ്ലാമി അനുഭാവിയുമായിരുന്ന ജനാബ് പി.കെ. ഷംസുദ്ദീൻ സാഹിബ് ബൈഅത്ത് ചെയ്തു ജമാഅത്തിൽ പ്രവേശിച്ചു. ഇതോടുകൂടി കൊടുങ്ങല്ലൂരിൽ 1990 ജനുവരിയിൽ തന്നെ 'ജമാഅത്ത്' സ്ഥാപിതമായി. അധികം താമസിയാതെ തന്നെ കൊടുങ്ങല്ലൂർ ഗവ: ഗേൾസ് ഹൈസ്കൂളിൽ വെച്ച് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ യുവജന സംഘടനയായ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സംസ്ഥാന സമ്മേളനവും നടന്നു. ജമാഅത്തെ ഇസ്ലാമി അനുഭാവിയും, ചന്തപ്പുര ജുമാമസ്ജിദിന് വേണ്ടി സേവനം ചെയ്യുകയും ചെയ്തിരുന്ന സിമിപ്രവർത്തകനുമായിരുന്ന പട്ടേപ്പാടം സ്വദേശി ജനാബ് പി.പി. ബീരാൻ സാഹിബ് പ്രസ്തുത സമ്മേളനത്തിൽ വെച്ച് ബൈഅത്ത് ചെയ്ത് അൽ-ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായി. തുടർന്ന് അദ്ദേഹത്തിന്റെ കുടുംബവും ബൈഅത്ത് ചെയ്തു. എടമുക്കു സ്വദേശിയും സിമി പ്രവർത്തകനുമായിരുന്ന ജനാബ് എം.എ. അബ്ദുറഹീം സാഹിബ്, അഹ്മദിയ്യാ ജമാഅത്തുമായി ബന്ധപ്പെടുന്നുണ്ടെന്ന് മനസ്സിലാക്കിയ ജനാബ് എൻ.എം. ഹുസൈൻ സാഹിബ്, അദ്ദേഹവുമായി ബന്ധപ്പെടുകയും എല്ലാ സംശയങ്ങളും ഞങ്ങൾ തീർത്തു തരാമെന്ന് പറയുകയും ചെയ്തു. എന്നാൽ എന്റെ സംശയങ്ങൾ നിങ്ങൾ തീർത്താൽ തീരുന്നതല്ലെന്നും; സലീം സാഹിബുമായി നിങ്ങൾ സംസാരിക്കുന്നതിലൂടെ ഞാൻ എന്റെ സംശയങ്ങൾ തീർത്തുകൊള്ളാമെന്നും അദ്ദേഹം മറുപടി നൽകി. അവസാനം അത് സമ്മതിക്കാൻ അവർ നിർബന്ധിതരായി. അങ്ങനെ, ഈ വിനീതനുമായി സംസാരിക്കാൻ പണ്ഡിതനായ ജനാബ് എൻ.എം. ഹുസൈൻ സാഹിബ് തയ്യാറാവാതെ; കൊടുങ്ങല്ലൂരും - തൃശൂരും പണ്ഡിതന്മാരെ കിട്ടാതെ അവസാനം കോഴിക്കോട് കൊടിയത്തൂരിൽ നിന്നും ജനാബ് പി.പി. അബ്ദുറഹിമാൻ സാഹിബ് (പ്രബോധന ലേഖകൻ) ഇ.എൻ. ഇബ്രാഹീം മൗലവി, ജനാബ് അൻസാരി സാഹിബ് എന്നിവരെ കൂട്ടിവരികയാണുണ്ടായത്. കൊടുങ്ങല്ലൂരിൽ

എടമുക്കിൽ, എന്റെ വീട്ടിൽ വെച്ചായിരുന്നു പ്രസ്തുത ചർച്ച നടന്നത്. മിക്കവാറും ഒരു രാത്രി മുഴുവൻ ചർച്ച നീണ്ടു. ജനാബ് അബ്ദുറഹീം സാഹിബിന്റെ സംശയ നിവാരണത്തിന് വേണ്ടി മാത്രം സംഘടിപ്പിച്ച പ്രസ്തുത ചർച്ചയുടെ അവസാനം, ജനാബ് പി.പി. അബ്ദുറഹ്മാനെയും സംഘത്തെയും, ജമാഅത്തെ ഇസ്‌ലാമി, സിമി പ്രവർത്തകരെയും, നാട്ടുകാരെയും സാക്ഷിയാക്കി "തന്റെ സംശയങ്ങൾ ദൂരീകരിക്കപ്പെട്ടെന്ന്" ജനാബ് അബ്ദുറഹീം സാഹിബ് പ്രഖ്യാപിക്കുകയാണുണ്ടായത്. തുടർന്ന് അധികം താമസിയാതെ അദ്ദേഹം ബൈഅത്ത് ചെയ്ത് അൽ-ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായി. പ്രസ്തുത ചർച്ച യും മറ്റും പി.പി. അബ്ദുറഹ്മാൻ സാഹിബിന് മറക്കാൻ കഴിയുമോ? ജനാബ് അബ്ദുറഹീം സാഹിബ് ബൈഅത്ത് ചെയ്തതിനു ശേഷം കൊടിയത്തൂരിൽ വന്നതും; ബൈഅത്ത് ചെയ്ത വിവരം നേരിൽ ജനാബ് പി.പി. അബ്ദുറഹ്മാൻ സാഹിബിനെ അറിയിച്ചതും മറന്നുപോയോ? ഇതെല്ലാം മുബാഹലക്കുശേഷം നടന്ന സംഭവങ്ങളാണ്. ബൈഅത്ത് ചെയ്ത അദ്ദേഹത്തെ വീട്ടുകാർ പുറത്താക്കി. പണ്ഡിതന്മാരുടെ വാക്ക് കേട്ട് അദ്ദേഹത്തെ ഭാര്യ 'ഫസ്ഖ്' ചൊല്ലി ഒഴിവാക്കി. ജീവിതം വഖ്ഫ് ചെയ്ത് അദ്ദേഹം ഖാദിയാനിലേക്ക് പോയി. ഇപ്പോൾ മുഅല്ലിം ആയി കർണ്ണാടകയിൽ സേവനം ചെയ്യുന്നു.

1989 മേയ് 28ന് മുബാഹല നടക്കുന്നത് വരെ, ഇൻഡ്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകനേതാവും താത്വികാചാര്യനുമായ മൗലാനാ മൗദൂദിയുടെ ആശയാദർശങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി ജീവിതം സമർപ്പിച്ച, ഇൻഡ്യയിൽ ഇസ്‌ലാം ആദ്യമായെത്തിയ കൊടുങ്ങല്ലൂരിലെ 6 പേർ - മൗദൂദിയുടെ ആശയാദർശങ്ങൾ കയ്യൊഴിച്ച്, കാലത്തിന്റെ ഇമാമും വാഗ്ദത്ത മഹ്ദീ-മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)ന് ബൈഅത്ത് ചെയ്ത് അൽ-ജമാഅത്തിൽ പ്രവേശിച്ച സംഭവം, 'മുബാഹല'യിലൂടെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനുണ്ടായ അത്ഭുത ദൃഷ്ടാന്തവും ജീവിക്കുന്ന ഫലവുമല്ലാതെ മറ്റെന്താണ്? 'മുബാഹല' വരെ മൗദൂദിയുടെ ശിഷ്യരായി ജീവിച്ച ഞങ്ങൾ മുബാഹലക്കുശേഷം ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)ന്റെ ശിഷ്യരായി മാറിയത് ജമാഅത്തെ ഇസ്‌ലാമിയുടെ കണ്ണുതുറപ്പിക്കാൻ പര്യാപ്തമല്ലേ? മാത്രമല്ല, സൂര്യപ്രകാശം പോലെ തെളിഞ്ഞ സത്യത്തെ അഥവാ ഞങ്ങളുടെ അഹ്മദിയ്യത്ത് സ്വീകരണം കളവ് പറഞ്ഞ് മൂടിവെക്കാൻ ശ്രമിക്കുന്നതിലൂടെ പി.പി. അബ്ദുറഹ്മാനും പ്രബോധനത്തിന്റെ എഡിറ്റർമാരും അതിന്റെ വക്താക്കളായ ജമാഅത്തെ ഇസ്‌ലാമിക്കാരും കളവ് പറയുന്നവരാണെന്ന് തെളിയുകയും; അത് മുബാഹലയിലൂടെ അഹ്മദിയ്യാ ജമാഅത്തിന് ലഭിക്കുന്ന മറ്റൊരു ദൃഷ്ടാന്തമായി പരിണമിക്കുകയും ചെയ്തിരിക്കുന്നു. 'ജമാഅത്തെ ഇസ്‌ലാമി'യുമായി ബന്ധപ്പെട്ട ബൈഅത്തുകളെക്കുറിച്ച് മാത്രമാണ് ഇത് വരെ എഴുതിയത്. കൊടുങ്ങല്ലൂർ അഹ്മദിയ്യാ ജമാഅത്തിൽ ശേഷം ബൈഅത്ത് ചെയ്ത കുടുംബങ്ങളുടെ പേരുകൾ മാത്രം താഴെ കുറിക്കുന്നു.

* ജനാബ് മുഹ്‌യുദ്ദീൻ കുട്ടി സാഹിബും കുടുംബവും പതിയാശ്ശേരിയിൽ നിന്നും ബൈഅത്ത് ചെയ്തു. പതിയാശ്ശേരിയിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ ഒരു നമസ്കാര പള്ളി ഉണ്ട്.
* ജനാബ് ബഷീർ സാഹിബും കുടുംബവും.
* ജനാബ് അലി സാഹിബും കുടുംബവും
* ജനാബ് സൈനുദ്ദീൻ സാഹിബും കുടുംബവും
* ജനാബ് മുഹ്‌യുദ്ദീൻ സാഹിബ്
* ജനാബ് അബ്ദുൽകരീം സാഹിബും കുടുംബവും
* ജനാബ് അബ്റാർ സാഹിബും കുടുംബവും
* ജനാബ് ഷംസുദ്ദീൻ സാഹിബും കുടുംബവും
* ജനാബ് റസാഖ് സാഹിബും കുടുംബവും
* ജനാബ് മജീദ് സാഹിബും കുടുംബവും
* ജനാബ് മജീദ് പി.സി.യും കുടുംബവും
* ജനാബ് അശ്റഫ് സാഹിബും കുടുംബവും
* ജനാബ് അബ്ദുറഹ്മാനും സാഹിബും കുടുംബവും.

ഇതിൽ ജനാബ് സൈനുദ്ദീൻ സാഹിബിന്റെയും മുഹ്‌യുദ്ദീൻ സാഹിബിന്റെയും ബൈഅത്തുകൾ നാട്ടിൽ വലിയ ചർച്ചയായി മാറി. സുന്നീ മഹല്ല് പള്ളി കമ്മിറ്റിയിൽ 8 വർഷത്തോളം സെക്രട്ടറിയായിരുന്നു ജനാബ് സൈനുദ്ദീൻ സാഹിബ് ജനാബ് മുഹ്‌യുദ്ദീൻ സാഹിബ് എസ്.എസ്.എഫ്. പ്രവർത്തകനും ഇവരുടെ ബൈഅത്തിനോടനുബന്ധിച്ച്, പള്ളി കമ്മിറ്റി അംഗങ്ങൾ ഞങ്ങളെ ചർച്ചയ്ക്കുവേണ്ടി ക്ഷണിച്ചു. എന്നാൽ ചർച്ചക്ക് വേണ്ടി കാസർകോട് നിന്നെത്തിയ സുന്നീ പണ്ഡിതന്മാർ, ഞങ്ങളെ ചർച്ചയിൽ പങ്കെടുപ്പിക്കാതെ ഏകപക്ഷീയമായി അഹ്മദിയ്യാ ജമാഅത്തിനെതിരെ ആക്ഷേപങ്ങൾ ഉന്നയിക്കുകയാണുണ്ടായത്. ജനാബ് സൈനുദ്ദീൻ സാഹിബ് ഇപ്പോൾ ജമാഅത്ത് പ്രസിഡണ്ടായും, ജനാബ് മുഹ്‌യുദ്ദീൻ സാഹിബ് മുഅ

ല്ലിമായും സേവനം ചെയ്തുകൊണ്ടിരിക്കുന്നു. മുബാഹലക്കുശേഷം ആരും ഖാദിയാനിസത്തിൽ ചേർന്നിട്ടില്ലെന്ന് പ്രബോധനം അച്ച് നിരത്തുമ്പോൾ, കൊടുങ്ങല്ലൂരിൽ നിന്ന് മാത്രം നാട്ടിലും പുറത്തുമായി സേവനം ചെയ്യുന്നവരും സ്ത്രീകളും കുട്ടികളും ഉൾപ്പെടെ 78 പേർ ബൈഅത്ത് ചെയ്തിരിക്കുന്നു എന്നത് മുബാഹലയുടെ ദൃഷ്ടാന്തമല്ലാതെ മറ്റെന്താണ്? എടമുക്ക് എന്ന സ്ഥലത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ മനോഹരമായൊരു പള്ളി മുബാഹലയുടെ ദൃഷ്ടാന്തമായി നിലകൊള്ളുന്നു. ചേരമാൻ പള്ളിയിൽ നിന്നും ഏകദേശം 3 കിലോമീറ്റർ ദൂരത്തിൽ സ്ഥിതിചെയ്യുന്ന ഈ പള്ളിക്ക് "ബൈത്തുൽ ആഫിയത്ത്" എന്ന് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ നാമകരണം ചെയ്തിരിക്കുന്നു. പ്രബോധനത്തിന്റെ ചീഫ് എഡി റ്ററായ ജനാബ് കെ.എ. സിദ്ദീഖ് ഹസൻ സാഹിബ് ഈ പള്ളി തീർച്ചയായും കണ്ടിട്ടുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. അദ്ദേഹത്തിന്റെ മകന്റെ ഭാര്യാവീട്ടിലേക്കുള്ള വഴി പള്ളിയുടെ മുമ്പിലൂടെയാണ് കടന്നുപോകുന്നത്. മുബാഹലക്കുശേഷം കൊടുങ്ങല്ലൂരിൽ മാത്രം നടന്ന ബൈഅത്തുകളെക്കുറിച്ച് മാത്രമാണ് ഞാൻ ഇത് വരെ പരാമർശിച്ചത്. ഞാൻ എഴുതിയ കാര്യങ്ങൾക്ക് മറുപടി എഴുതാൻ ജനാബ് പി.പി. അബ്ദുറഹ്മാൻ സാഹിബിനും, പ്രബോധനത്തിന്റെ ചീഫ് എഡിറ്ററായ സിദ്ദീഖ് ഹസ്സൻ സാഹിബ് ഉൾപ്പെടെയുള്ള എഡിറ്റോറിയൽ ബോർഡിനും ബാധ്യതയുണ്ട്. അന്ധമായ 'വിമർശനലഹരി'യിൽ എഴുതിവിട്ടത് വായനക്കാർ മറന്നിട്ടില്ലെന്നോർക്കുക.

"ഖാദിയാനിസമുപേക്ഷിച്ച 25 പേരിൽ നിരവധി പ്രമുഖ വ്യക്തിത്വങ്ങളുമുണ്ട് എന്നതാണ് സത്യം" (പ്രബോധനം)

ജനാബ് പി.പി. അബ്ദുറഹ്മാൻ സാഹിബിന്റെ വരികളാണ് മുകളിലെഴുതിയത്.

മുബാഹല നടന്ന കൊടിയത്തൂരിലോ, അല്ലെങ്കിൽ കേരളത്തിലോ ഖാദിയാനിസം ഉപേക്ഷിച്ച നിരവധി പ്രമുഖ വ്യക്തിത്വങ്ങൾ ഉണ്ടെങ്കിൽ അത് ആരൊക്കെയാണെന്നും; അവരുടെ 'വ്യക്തിത്വ'ങ്ങളെന്തൊക്കെയാണെന്നും വ്യക്തമായ തെളിവുകളോടുകൂടി പ്രബോധനത്തിൽ പ്രസിദ്ധീകരിക്കുവാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു. മാത്രമല്ല, 'ഖാദിയാനിസം' വിട്ട് 'ഇസ്ലാമിലേക്ക്' തിരിച്ചെത്തിയ ആ പ്രമുഖ വ്യക്തികളെ കൊണ്ട് ഒരു അനുഭവകുറിപ്പ് എഴുതിച്ചാൽ പ്രബോധനത്തിന് അത് വലിയൊരു മുതൽകൂട്ടാകുമല്ലോ? രണ്ട് പതിറ്റാണ്ടുകളായിട്ട് പ്രസ്തുത പ്രമുഖ വ്യക്തിത്വങ്ങളെക്കുറിച്ച്, പ്രത്യേകിച്ച് മുബാഹലയുടെ ദൃഷ്ടാന്തമായി ജമാഅത്തെ ഇസ്ലാമിക്കും മറ്റു മുസ്ലിം സംഘടനകൾക്കും കിട്ടിയ ആ അമൂല്യ വ്യക്തിത്വങ്ങളെക്കുറിച്ച് ഒരു വിവരവും ഇല്ലാത്തതെന്താണെന്നറിയാൻ താല്പര്യമുണ്ട്. അവരിപ്പോൾ എവിടെയാണ്? മുസ്ലിം ലോകത്തിന് അവർ എന്ത് സംഭാവനകളാണ് നൽകികൊണ്ടിരിക്കുന്നത്? മുബാഹലയുടെ ഈ 'ദൃഷ്ടാന്തരഹസ്യം' പ്രബോധനം വെളിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിൽ ഞങ്ങളെ വിട്ടുപിരിഞ്ഞ ആ നിരവധി വ്യക്തിത്വങ്ങൾ ആരൊക്കെയാണെന്നറിയാനും ഞങ്ങൾക്കും ഒരാഗ്രഹമില്ലേ? ആദ്യം മുബാഹല നടന്ന കേരളത്തിലെ ദൃഷ്ടാന്തങ്ങൾ നമുക്ക് പരിശോധനാവിധേയമാക്കാം. അതിനുശേഷം ലോകം മുഴുവനും നടന്ന ദൃഷ്ടാന്തങ്ങളും നമുക്ക് പഠനവിധേയമാക്കാം. പ്രബോധനം തുടങ്ങി വെച്ച ഈ സംവാദം, ജമാഅത്തെ ഇസ്ലാമി ഉൾപ്പെടെയുള്ള മുസ്ലിം സമൂഹത്തിന് കണ്ണു തുറക്കാനും മുബാഹലയുടെ ദൃഷ്ടാന്തങ്ങൾ കാണാനും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. (തുടരും)

■

***(14-ൽ നിന്ന് തുടർച്ച)***

ക്കൊണ്ട് പറഞ്ഞു, 'അതാണ് എ ന്നോട് പറഞ്ഞത്.' നീ ഇതുകൊണ്ട് എന്താണ് ഉദ്ദേശിച്ചതെന്നും നബി (സ) ചോദിച്ചു. അവൾ പറഞ്ഞു, 'അങ്ങ് നബിയാണെങ്കിൽ ഈ വിഷം അങ്ങയ്ക്ക് ഒരു കേടും വരുത്തുകയില്ല. ഇനി അങ്ങനെയല്ലെങ്കിൽ അങ്ങയിൽനിന്ന് ഞങ്ങളുടെ ജീവൻ രക്ഷപ്പെടും.' നബി (സ) ആ സ്ത്രീക്ക് മാപ്പ് കൊടുത്തു. അവളെ ശിക്ഷിച്ചില്ല. ആ ഇറച്ചി ഭക്ഷിച്ച് ഒരു സ്വഹാബി മരിച്ചിരുന്നു. ആ വിഷത്തിന്റെ ദൂഷ്യഫലം നബി(സ)യുടെ അവസാനത്തെ രോഗത്തി ലും പ്രകടമായിരുന്നു. ഇക്കാരണത്താൽ നബിതിരുമേനിക്ക് തൊണ്ടയിൽ ബുദ്ധിമുട്ടുണ്ടാകുമായിരുന്നു" (*അബൂദാവൂദ്*). (തുടരും)

■

***(17-ൽ നിന്ന് തുടർച്ച)***

***നീ ഉപദേശിക്കുക: നിശ്ചയമായും നീ ഉപദേശിക്കുന്നവൻ മാത്രമാണ്. അവരുടെ മേൽ നിർബന്ധം ചെലുത്താൻ നിനക്കധികാരമില്ല.*** (89: 22, 25)

***നാം നിന്നെ അവരുടെ മേൽ കാവൽക്കാരനാക്കിയിട്ടുമില്ല. നീ അവരുടെ കാര്യനിർവ്വാഹകനുമല്ല*** (6:108)

***ആളുകൾ വിശ്വാസികളായി തീരുന്നതിന് നീ നിർബന്ധിക്കുകയോ (10:100)*** (തുടരും)

■

ലേഖനം

**അൽഖുർആൻ എക്സിബിഷൻ - 15**

ഏ.ക്യു മഹ്ദി

# അല്ലാഹുവിന്റെ വാഗ്ദാനമായ ഖിലാഫത്തും ഇസ്‌ലാമിന്റെ വിജയജൈത്രയാത്രയും

## അറേബ്യയിൽ നിന്നും മൂന്ന് ഭൂഖണ്ഡങ്ങളിലേക്ക് പ്രവഹിച്ച ഇസ്‌ലാം മധ്യനൂറ്റാണ്ടുകളെ പ്രഭാപൂരിതമാക്കി. അക്കാലത്തെ ശാസ്ത്രത്തിന്റെയും സംസ്കാരത്തിന്റെയും ലോകതലസ്ഥാനം മുസ്‌ലിം സ്പെയിനായിരുന്നു


മുസ്‌ലിംകൾക്ക് അല്ലാഹു നൽകിയ വാഗ്ദാനവും ഒരു വരദാനവുമാണ് ഖിലാഫത്ത്. ഖിലാഫത്തിന്റെ നേതൃത്വത്തിനു കീഴിലാണ് ഇസ്‌ലാം ചരിത്രവിജയം നേടിയത്. സച്ചരിതരായ നാലു ഖലീഫമാർക്കു ശേഷം അമവിയ്യാ, അബ്ബാസിയ്യാ, ഫാത്തിമിയ്യാ, ഉസ്മാനിയ്യാ എന്നീ ഖിലാഫത്ത് പരമ്പരകളിലൂടെ ഇസ്‌ലാമിക പൈതൃകം വളർന്നു.


പരിശുദ്ധ ഖുർആൻ പറയുന്നു.

'നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർക്കു മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരെയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ പ്രബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും പകരം നൽകുകയും ചെയ്യുവെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.'

അവതരണകാലത്തു തന്നെ ഒപ്പം ഇസ്‌ലാമിന്റെ വിജയജൈത്രയാത്രയും ആരംഭിച്ചുകഴിഞ്ഞിരുന്നു. ആ ആദ്യസമയത്ത് അറേബ്യയുടെ പടിഞ്ഞാറുഭാഗം കൈസർ ചക്രവർത്തിമാരുടെ ബൈസാന്റിയം (ക്രൈസ്തവ റോമ) സാമ്രാജ്യവും കിഴക്ക് കിസ്റാ ചക്രവർത്തിമാരുടെ പേർഷ്യൻ സാമ്രാജ്യവും വീതിച്ചെടുത്തിരുന്നു. ഇസ്‌ലാം തുടക്കം മുതൽ ഒരു വിമോചനപ്രസ്ഥാനമായി ഒരു കൊടുങ്കാറ്റിന്റെ ശക്തിയിലും വേഗതയിലും പടിഞ്ഞാറോട്ടും കിഴക്കോട്ടും ആഞ്ഞുവീശി.

പടിഞ്ഞാറോട്ടു നീങ്ങിയ അറബികൾ ഉത്തരാഫ്രിക്ക കീഴടക്കി, ക്രിസ്തുവർഷം 711-ൽ സ്പെയിനിലേയ്ക്കു പ്രവേശിച്ച് ഫ്രാൻസിന്റെ പടിവാതിൽവരെ എത്തി. ക്രിസ്ത്യാനികൾ മുസ്‌ലിംകളുമായി നടത്തിയ കുരിശുയുദ്ധങ്ങൾക്കൊടു






വിൽ 1453-ൽ ബൈസാന്റിയൻ (ക്രിസ്തീയറോം) തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിൾ മുസ്‌ലിംകൾ കീഴടക്കി. അപ്രതിരോധ്യമായ മുസ്‌ലിം ശക്തിക്കു മുമ്പിൽ കിഴക്കു ഭാഗത്തുള്ള പേർഷ്യൻ സാമ്രാജ്യം പാടേ തുടച്ചുനീക്കപ്പെട്ടു. പിന്നീടു ഇസ്‌ലാം മദ്ധ്യേഷ്യ കടന്ന് ചൈനയിലും ഇൻഡ്യയിലും വന്നെത്തി.

അറേബ്യയിൽ നിന്നും മൂന്നു ഭൂഖണ്ഡങ്ങളിലേയ്ക്ക് പ്രവഹിച്ച ഇസ്‌ലാം, ഇരുണ്ട നൂറ്റാണ്ടുകളെ പ്രകാശപൂരിതമാക്കി, സംസ്കാരങ്ങളുടെയും ശാസ്ത്രത്തിന്റെയും സ്രഷ്ടാക്കളായി മാറി. മദ്ധ്യ നൂറ്റാണ്ടുകളിൽ മുസ്‌ലിം സ്പെയിനായിരുന്നു ലോകത്തിന്റെ ശാസ്ത്ര, സാംസ്കാരിക തലസ്ഥാനം.

പ്രപഞ്ചത്തെയും സ്ഥൂലപ്രതിഭാസങ്ങളെയുംക്കുറിച്ച് ചിന്തിച്ചു പഠിച്ച് സൂക്ഷ്മനായ ദൈവത്തിന്റെ സൃഷ് ടിവൈഭവം മനസ്സിലാക്കാനുള്ള ആഹ്വാനങ്ങൾ കൊണ്ട് ഖുർആൻ നിറഞ്ഞിരിക്കുന്നു. ഇത് ഖുർആന്റെ ഒരു സവിശേഷരീതിയാണ്. ഖുർ ആനിൽ 250 വചനങ്ങൾ മത സാമൂഹിക നിയമങ്ങളാണ്. എന്നാൽ, 750 വചനങ്ങളോളം ശാസ്ത്രസംബന്ധിയായുള്ളവയാണ്. ഇത് ഖുർആന്റെ എട്ടിലൊന്നോളം തന്നെ വരും.

ഗോളശാസ്ത്രവും ഗണിതശാസ്ത്രവും കാലമാപനവും ഇസ്‌ലാമിന്റെ ആദ്യകാലത്തു തന്നെ വികാസം പ്രാപിച്ചിരുന്നു.

ഖുർആൻ പറയുന്നതു ശ്രദ്ധിക്കുക, 'അവനത്രെ സൂര്യനെ ഉജ്ജ്വലതേജസുള്ളതാക്കിയത്. അവൻ തന്നെ ചന്ദ്രനെ പ്രകാശം പ്രതിഫലിപ്പിക്കുന്നതാക്കുകയും, വർഷങ്ങളുടെ എണ്ണവും കണക്കും നിങ്ങൾ അറിയുന്നതിനുവേണ്ടി അതിന് രാശിമണ്ഡലങ്ങൾ നിർവ്വചിച്ചു നിർണ്ണയിക്കുകയും ചെയ്തിട്ടുള്ളത്.

ഖുർആൻ സൂചിപ്പിക്കുന്നതുപോലെ ഖഗോളശാസ്ത്രവും ഗണിതശാസ്ത്രവും തമ്മിലുള്ള ബന്ധം അവിഭാജ്യമാണ്. വലിയ സംഖ്യകൾ കൈകാര്യം ചെയ്യാൻ റോമൻ അക്കങ്ങൾക്കു പകരം ദശാംശ സമ്പ്രദായത്തിലുള്ള അറബി അക്കങ്ങളുടെ (Arabic Numerals) കണ്ടുപിടിത്തത്തോടെയാണ് വാനശാസ്ത്രം അതിന്റെ അത്യുന്നതങ്ങളിലേയ്ക്കു കുതിച്ചത്.

വാനശാസ്ത്രത്തിലും ആദ്യകാല മുസ്‌ലിം ലോകം പ്രബുദ്ധത നേടിയിരുന്നു. പൗരാണിക ജ്യോതിശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ടോളമിയുടെ ശാസ്ത്രഗ്രന്ഥമായ ബൃഹദ് നിർമ്മിതി - Great Contructionയുടെ അറബി വിവർത്തനമായ അൽമജിസ്തി Al-Majisthi - മാത്രമാണ് ഈ ശാസ്ത്രവിഷയത്തിൽ അന്നു യൂറോപ്പിനു ലഭിച്ചത്.

അന്തർദ്ദേശീയ അസ്ട്രോണമി യൂണിയൻ അംഗീകരിച്ച 88 എണ്ണം അടക്കം ആകാശത്തു കാണുന്ന എല്ലാ നക്ഷത്രങ്ങൾക്കും അറബി പേരുകളുണ്ടെന്നത് വിസ്മയകരമായി തോന്നാം. ആ പേരിന്റെ തനതുരൂപമോ, തൽഭവമോ, വികൃതരൂപമോ ആകുന്നു ഇന്ന് ഇംഗ്ലീഷിലുള്ള നക്ഷത്രനാമങ്ങളൊക്കെയും.

മനുഷ്യൻ അന്നോളം അത്ഭുതപുരസ്കരം, ആരാധനാമനോഭാവത്തോടെ മാത്രം നോക്കിക്കണ്ട സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമൊക്കെ മനുഷ്യന്റെ സേവനത്തിനു വേണ്ടി വിധേയമാക്കിത്തന്നു എന്ന ഖുർആന്റെ പ്രഖ്യാപനം വിശ്വാസികളിൽ ശാസ്ത്രീയമായ അന്വേഷണത്വരയും ആത്മീയദാർഢ്യമുള്ള നിർഭയത്വവും ആണ് അങ്കുരിപ്പിച്ചത്.

ഖുർആൻ പറഞ്ഞതെന്തെന്നു നോക്കുക, 'സൂര്യനെയും ചന്ദ്രനെയും അവൻ നിങ്ങളുടെ സേവനത്തിന്നായി ഏർപ്പെടുത്തിത്തന്നു. നക്ഷത്രങ്ങളെയും അവന്റെ കൽപ്പനയനുസരിച്ച് (നിങ്ങൾക്ക്) വിധേയപ്പെടുത്തിത്തന്നിരിക്കുന്നു.'

പൗരാണിക കാലം മുതൽ

***(ശേഷം 38-ൽ)***

കുറിപ്പുകൾ

മുസാഫിർ

# ജിന്ന പുനർജനിക്കുന്നു

**ബി.ജെ.പി. നേതാവും മുൻ കേന്ദ്രമന്ത്രിയുമായ ശ്രീ. ജസ്‌വന്ത് സിംഗ് എഴുതിയ [redacted] എന്ന പുസ്തകം വമ്പിച്ച വിവാദമുയർത്തിയിരിക്കുകയാണ്. ഇപ്പോൾ മുൻ ആർ.എസ്.എസ്. മേധാവി ശ്രീ. സുദർശനും, ബി.ജെ.പി. നേതാവും മുൻപത്രപ്രവർത്തകനുമായ ശ്രീ. അരൂൺ ഷൂറിയും, ജിന്നക്ക് അനുകൂലമായ പ്രസ്താവനയുമായി വന്നിരിക്കുന്നു. നാല് വർഷങ്ങൾക്ക് മുമ്പ് ശ്രീ. ലാൽകിഷൻ അദ്വാനി ജിന്നയെ 'മഹാനായ മതേതരൻ' എന്നു വിശേഷിപ്പിച്ചപ്പോൾ ഇത് പോലെ വമ്പിച്ച വിവാദങ്ങളുയരുകയുണ്ടായി. അപ്പോൾ ഈ ലേഖകൻ ഈ കോളത്തിലെഴുതിയ കുറിപ്പ് (2005 ജൂലായ്) ഇവിടെ വീണ്ടും പുനഃപ്രസിദ്ധീകരിക്കുന്നു.**

ഒരു രാജ്യവും ഔദ്യോഗികമായി അവരുടെ ദേശീയ ചരിത്രമോ ദേശീയ നേതാക്കന്മാരുടെ ചരിത്രമോ എഴുതി സെക്കുലർ വിദ്യാഭ്യാസത്തിന്റെ കരിക്കുലത്തിൽ ഉൾപ്പെടുത്തരുത് എന്ന ഒരു വാദഗതിയുണ്ട്. കാരണം സ്വന്തം ദേശത്തേയും ദേശീയ നേതാക്കന്മാരേയും വാനോളം പുകഴ്ത്തുകയും തങ്ങൾക്ക് ഇഷ്ടമില്ലാത്തവരെ അധമന്മാരായി അവതരിപ്പിക്കുകയും ചെയ്യുക എന്നത് അത്തരം ചരിത്രരചനയുടെ ദൗർബല്യമായിരിക്കും. ഭരിക്കുന്നവരുടെ സാന്ധ്യത്തിനും നിലനില്പിനും വേണ്ടി രചിക്കുന്ന ഔദ്യോഗിക ചരിത്രം വിമർശനാത്മകമായി യുക്തിപൂർവ്വം പരിശോധിക്കപ്പെടുന്നില്ല. അതിനു ശ്രമിക്കുന്നവരെ ഭരണകൂടം വിമതന്മാരായി മുദ്രകുത്താനും എളുപ്പമുണ്ട്. ചരിത്രം എപ്പോഴും വിജയിച്ചവരുടെ പേരിലുള്ളതാണല്ലോ. നായകനും പ്രതിനായകനുമുള്ള ഒരു കഥാശിൽപം പോലെയാണ് സാധാരണക്കാർക്കിടയിൽ ചരിത്രം പ്രചരിപ്പിക്കപ്പെടുന്നത്. നമ്മുടെ നായകൻ ഗാന്ധിജിയാണെങ്കിൽ പ്രതിനായകൻ ജിന്ന. ഗാന്ധിജി ദേവതുല്യനാണെങ്കിൽ ജിന്ന അപസർപകനായ പ്രതിയോഗി. കറുപ്പും വെളുപ്പും നിറങ്ങളിൽ ഇങ്ങനെ ചരിത്രം രചിക്കുന്നത് ചരിത്രയുക്തിക്ക് ചേർന്നതല്ല. സത്യം ഇതിനിടയിലെവിടെയെങ്കിലുമായിരിക്കും.

മിതവാദ രാഷ്ട്രീയത്തിന്റെ ആൾരൂപമായിരുന്ന ഗോപാലകൃഷ്ണ ഗോഖലയെപ്പോലെയുള്ള ഉന്നതശീർഷരായ നേതാക്കന്മാരുടെ സാന്നത്യത്തിൽ കോൺഗ്രസ്സുകാരനായി രാഷ്ട്രീയ ജീവിതം ആരംഭിച്ച ജിന്ന ഉജ്ജ്വലനായ ഒരു ദേശീയവാദികൂടിയായിരുന്നു. ഹിന്ദു മുസ്‌ലിം ഐക്യത്തിന്റെ അംബാസിഡർ എന്നു വിശേഷിപ്പിക്കപ്പെട്ട ജിന്ന എങ്ങനെ പാകിസ്താൻ വാദിയായിത്തീർന്നു എന്നതിന്റെ ചരിത്രവസ്തുതകളും ചരിത്ര വിദ്യാർത്ഥികൾ പഠിക്കേണ്ടതുണ്ട്. വീരാരാധന കൊണ്ട് ജീവിച്ചിരിക്കുന്ന ജനനായകന്മാർക്കും സിനിമാനടീനടന്മാർക്കും ആരാധനാലയം പണിയുകയും പൂജ നടത്തുകയും ചെയ്യുന്ന നമ്മുടെ ഈ ഇതിഹാസഭൂമിയിൽ മഹാത്മാക്കളായ ചരിത്രപുരുഷന്മാരും അസുരത്വമുള്ള പ്രതിനായകന്മാരും സൃഷ്ടിക്കപ്പെടാൻ ഒരു ജനകീയ കൂട്ടായ്മ മാത്രം മതി. അത്തരത്തിൽ ചരിത്രപുസ്തകങ്ങളിൽ ആസുരഭാവം പൂണ്ടുനില്ക്കുന്ന ഒരു രാക്ഷസരൂപനായിരുന്നു പാകിസ്താൻ സ്ഥാപകനായ മുഹമ്മദലി ജിന്ന. ജിന്നക്ക് വില്ലന്റെ പരിവേഷം നൽകിയതിന് സ്വാതന്ത്ര്യസമരം നയിക്കുകയും പിന്നീട് ദീർഘകാലം ഇന്ത്യ ഭരിക്കുകയും ചെയ്ത കോൺഗ്രസ്സിനെ

യാണ് പ്രസിദ്ധ കോളമിസ്റ്റായ എ. ജി. നൂറാനി കുറ്റപ്പെടുത്തുന്നത്. അദ്ദേഹം എഴുതു ന്നു: "Congress leaders demonised him systematically. So did Indian academics and the press. Jinnah yet awaits a fair assessment' കോൺഗ്രസ്സ് നേതാക്കന്മാർ അദ്ദേഹത്തെ ആസൂത്രിതമായി രാക്ഷസവത്കരിച്ചു. ഇന്ത്യൻ അക്കാദമിക്ക് ലോകവും പത്രമാധ്യമങ്ങളും അത് തന്നെ ചെയ്തു. ജിന്ന ഇപ്പോഴും സത്യസന്ധമായ വിലയിരുത്തലിനുവേണ്ടി കാത്തുനിൽക്കുന്നു. (Front-line - July - 1 - 2005)

ഹിന്ദുത്വത്തിന്റെ വക്താവും ഇന്ത്യയുടെ പ്രതിപക്ഷ നേതാവുമായ ശ്രീ ലാൽ കിഷൻ അദ്വാനി ഭരണഘടനാനിർമ്മാണസമിതിയിൽ ജിന്ന ചെയ്ത പ്രസംഗത്തെ അടിസ്ഥാനമാക്കി 'മഹാനായ മതേതരൻ' എന്ന മരണാനന്തര വരം നൽകി അദ്ദേഹത്തിന് രാഷ്ട്രീയമോക്ഷം നൽകിയിരിക്കുകയാണ്. അതുപോലെ ബാബ്റി മസ്ജിദ് തകർന്ന ദിവസമാണ് തന്റെ ജീവിതത്തിലെ ഏറ്റവും ദുഃഖകരമായ ദിവസം എന്നു അദ്ദേഹം കറാച്ചിയിൽ വെച്ച് കുറ്റസമ്മതം നടത്തുകയും ചെയ്തിരിക്കുന്നു.

ഭാരതീയ ജനതാപാർട്ടിയുടെ മേലദ്ധ്യക്ഷനായ അദ്വാനിജിക്ക് കറാച്ചി യാത്രക്കിടയിൽ ജിന്നാ മുസോളിയത്തിൽ വെച്ച് ജൂൺ 5നാണ് ജിന്ന മതേതരനാണെന്ന വെളിപാടുണ്ടായത്. ക്രിസ്തുശിഷ്യന്മാരെ പീഡിപ്പിക്കാൻ വേണ്ടി ജെറുസലേമിൽ നിന്നും ഡമാസ്കസിലെത്തിയ ക്രിസ്ത്യാനികളുടെ പീഡകനായ സാവൂളിന്റെ കഥയാണ് ഓർമ്മ വരുന്നത്. ഡമാസ്കസിൽ വെച്ച് സാവൂളിന് ആകാശത്തു നിന്നും യേശുവിന്റെ ഒരു വെളിപാടുണ്ടായി എന്നത്രെ ബൈ ബിൾ കഥ. അതിൽപിന്നെ മനഃപരിവർത്തനം വന്ന സാവൂൾ അതീവ ഭക്തനായ ക്രിസ്തു ശിഷ്യനും അപ്പോസ്തലനുമായി മാറി. അദ്ദേഹമാണ്. പിന്നീട് പൗലൂസ് അപ്പോസ്തലൻ എന്ന പേരിൽ പ്രസിദ്ധനായ വിശുദ്ധ പൗലോസ്. അതുപോലെ പാകിസ്താന്റെ ശത്രു, മുസ്ലിം വിരോധി, ബാബ്റി പള്ളി ധ്വംസകൻ എന്നീ അപകീർ ത്തികളുടെ മുദ്ര പേറി നടന്ന അദ്വാനിജിക്ക് കറാച്ചിയിൽ വെച്ച് ഇങ്ങനെയൊരു മനഃപരിവർത്തനമുണ്ടായതിന്റെ കാരണം അജ്ഞാതം! തന്റെ ഈ പ്രസ്താവനയോടെ മതേതരനായ ജിന്നയോടൊപ്പം തന്നെ മതേതരനായ അദ്വാനിജിയും ജനിച്ചിരിക്കുന്നു. ഈ പ്രസ്താവനയിലടങ്ങിയിരിക്കുന്ന രാഷ്ട്രീയലാക്ക് എന്താണെന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഭരണരാഷ്ട്രീയത്തിന്റെ വക്താക്കൾക്കാണ് അക്കാര്യമറിയാനുള്ള ആകാംക്ഷയും ബേജാറും. വർഗ്ഗീയ രാഷ്ട്രീയത്തിന്റെ പശ്ചാത്തലമുള്ള അധ്വാനിജിയുടെ കുമ്പസാരവും നേർകാഴ്ചയും അടങ്ങിയ ഈ കറാച്ചി പ്രസ്താവന ഇന്ത്യൻ രാഷ്ട്രീയത്തിൽ പുരോഗമനക്ഷമമായ അനേകം ചലനങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമാണ്. ഒരുപക്ഷേ, വർഗ്ഗീയ രാഷ്ട്രീയത്തിന്റെ അപ്രായോഗികതയും കെടുതിയും അനുഭവത്തിൽ നിന്നും മനസ്സിലാക്കി ഒരു പോസിറ്റീവ് അപ്രോച്ച് സ്വീകരിച്ചതാവാം അദ്ദേഹം. അതുകൊണ്ട് രാഷ്ട്രീയത്തിലെ ധാർമ്മിക മൂല്യങ്ങളോട് പ്രതിബദ്ധതയുള്ളവർ ഈ ചർച്ച ജനാധിപത്യത്തേയും സെക്കുലറിസത്തേയും ശക്തിപ്പെടുത്തുന്ന ദിശയിലേക്ക് തിരിച്ചുവിടുകയാണ് വേണ്ടത്. അല്ലാതെ അദ്വാനിക്ക് നേട്ടമുണ്ടാക്കാനുള്ള തന്ത്രമാണ് ഇതെന്ന് പ്രചരിപ്പിച്ച് അതിനെ തമസ്കരിക്കുകയല്ല വേണ്ടത്. സ്വന്തം പാർട്ടിയിൽ നിന്ന് തന്നെ രൂക്ഷമായ എതിർപ്പ് നേരിടുന്ന അദ്വാനിജിക്ക് സെക്കുലറിസത്തിന്റെ വഴിക്ക് ഒരു രഥയാത്ര നടത്തി നേട്ടമുണ്ടാക്കാനാകുമെങ്കിൽ അതിന് പ്രോത്സാഹനമാണ് നാം നൽകേണ്ടത്. തീർച്ചയായും അത് അദ്ദേഹത്തിനും ഭാരതീയ ജനതാപാർട്ടിക്കും ഇന്ത്യയുടെ സെക്കുലർ സങ്കല്പങ്ങൾ ക്കും ആരോഗ്യദായകമായിരിക്കും.

അദ്വാനിജിക്ക് മനഃപരിവർത്തനമുണ്ടാക്കിയ ജിന്നയുടെ ഭരണഘടനാ നിർമാണസമിതിയിലെ ചരിത്രപ്രസിദ്ധമായ പ്രസംഗം സത്യദൂതനിൽ ഇതിനു മുമ്പും പരാമർശിച്ചിട്ടുണ്ട്. പ്രസംഗത്തിന്റെ പ്രസക്തഭാഗം ഇങ്ങനെയാണ്.

“നാം പുതിയ പ്രവർത്തനം ആരംഭിക്കേണ്ടിയിരിക്കുന്നു. സമയക്രമമനുസരിച്ച് ഹിന്ദുക്കൾ, മുസ്ലിംകൾ എന്നീ ഭൂരിപക്ഷ സമുദായങ്ങളുടെ വിഭജനങ്ങൾ അപ്രത്യക്ഷമാകുന്നതാണ്. കാരണം മുസ്ലിംകൾ എന്ന് പറയുമ്പോൾ നിങ്ങൾ പഞ്ചാബിയും, സിയായും സുന്നിയും മറ്റുമാണ് ഹിന്ദുക്കളാകട്ടെ നിങ്ങൾ ബ്രാഹ്മണരും, വൈഷ്ണവനും ഖത്രിയും അതുപോലെ ബംഗാളിയും മദ്രാസിയും മറ്റുമായിരിക്കും. അതുകൊണ്ട് ഈ വിഭജനങ്ങളെല്ലാം അപ്രത്യക്ഷമാകും. തീർച്ചയായും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു മുന്നിൽ ഏറ്റവും വലിയ വിലങ്ങുതടി ഇതായിരുന്നുവെന്ന് നിങ്ങൾ പറയുമെങ്കിൽ, ഇതൊഴിവാക്കിക്കൊണ്ട് നാം വളരെ മുമ്പേ സ്വതന്ത്രരാകേണ്ടതായിരുന്നു. ഒരു ശക്തിക്കും മറ്റൊരു രാഷ്ട്രത്തെ

കൈയ്യടക്കാൻ സാധിക്കില്ലായിരുന്നു, പ്രത്യേകിച്ച് 400 ദശലക്ഷം മനുഷ്യാത്മാക്കളെ അടിമപ്പെടുത്താൻ, ആർക്കും തന്നെ നിങ്ങളെ കീഴ്പ്പെടുത്താനും കഴിയുമായിരുന്നില്ല. അങ്ങനെയാണ് സംഭവിച്ചതെങ്കിൽ തന്നെ ഇത്രകാലം അത് തുടർന്നു നിലനിർത്താനും സാധ്യമല്ലായിരുന്നു.

........... അതുകൊണ്ട് നാം ഇതിൽ നിന്നും ഒരു പാഠം പഠിക്കണം. നിങ്ങൾ തികച്ചും സ്വതന്ത്രരാണ്. ഈ പാകിസ്താൻ രാജ്യത്ത് നിങ്ങൾക്ക് അമ്പലത്തിൽ പോകാം. നിങ്ങൾക്ക് നിങ്ങളുടെ പള്ളികളിൽ പോകാം. നിങ്ങളുടെ ഏത് ആരാധനാലയങ്ങളിലും പോകാം. നിങ്ങൾക്ക് ഏത് മതവും, ജാതിയും, വിശ്വാസപ്രമാണങ്ങളും കൈക്കൊള്ളാം. അതൊന്നും തന്നെ രാഷ്ട്രത്തിന്റെ വിഷയമല്ല (സദസ്സിൽ നിന്നും സന്തോഷാരവം).

........... യാതൊരു പക്ഷപാതിത്വങ്ങളുമില്ലാത്ത ഈ സുദിനത്തിൽ നാം സമാരംഭിക്കുകയാണ്, ഒരു മത സമുദായത്തിൽ നിന്നും ഭിന്നമായി മറ്റൊരു സമുദായത്തോടോ ജാതികൾ തമ്മിലോ വിശ്വാസപ്രമാണങ്ങൾ തമ്മിലോ ഇവിടെ യാതൊരു പക്ഷപാതിത്വങ്ങളുമില്ല. ഒരു രാജ്യത്തിലെ തുല്യാവകാശമുള്ള പൗരന്മാർ എന്ന തത്വത്തെ അടിസ്ഥാനമാക്കി നമുക്ക് പ്രവർത്തിക്കാം. (കൈയ്യടി).

...... നമ്മുടെ മുമ്പിൽ സമർപ്പിക്കപ്പെട്ട ഈ ആദർശങ്ങൾ നാം മാതൃകയാക്കണം. അങ്ങനെയാണെങ്കിൽ കാലക്രമേണ ഹിന്ദു ഹി ന്ദുവല്ലാതാകുന്നതും മുസ്‌ലിം മുസ്‌ലിമല്ലാതെയാവുന്നതും നിങ്ങൾക്ക് കാണാം. മതപരമായ അർത്ഥത്തിലല്ല ഞാനിത് പറയുന്നത്. കാരണം മതം മനുഷ്യന്റെ വ്യക്തിപരമായ കാര്യമാണ്. രാഷ്ട്രീയാർത്ഥത്തിൽ നാമെല്ലാം ഒരു രാജ്യത്തിലെ പൗരന്മാരാണ് എന്ന അർത്ഥത്തിലാണ് ഞാനിത് പറയുന്നത്." (ഉദ്ധരണി: From Jinna to Zia - Muhammed Munir).

സെക്കുലറിസത്തോടും ജനാധിപത്യത്തോടുമുള്ള ജിന്നയുടെ അഗാധമായ അഭിനിവേശം പാകിസ്താൻ ഭരണഘടനാ നിർമ്മാണ സമിതിയുടെ ഉദ്ഘാടനവേളയിൽ ഭരണഘടനക്ക് ഒരു ദിശാബോധം നൽകിക്കൊണ്ട് അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി. 400 ദശലക്ഷം മനുഷ്യാത്മാക്കളെ സംബന്ധിച്ച അദ്ദേഹത്തിന്റെ പ്രസംഗത്തിലെ പരാമർശം ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ മൊത്തം ജനസംഖ്യയെപ്പറ്റിയായിരുന്നു. പാകിസ്താന്റെ 100 ദശലക്ഷം മുസ്‌ലിംകൾ മാത്രമായിരുന്നില്ല. ഈ 400 ദശലക്ഷം ഭാരതീയരായിരുന്നു ജിന്നയുടെ ഇന്ത്യൻ സമൂഹത്തെക്കുറിച്ചുള്ള സ്വാഭാവിക സങ്കല്പത്തിൽ നിറഞ്ഞുനിന്നത്. വിഭജിച്ച് രക്തം വാർന്നൊലിക്കുന്ന പാകിസ്താനിൽ വെച്ചും വൈദേശികശക്തിക്ക് അടിമപ്പെട്ടുപോയ 400 ദശലക്ഷം ഭാരതീയതരെക്കുറിച്ചാണ് അദ്ദേഹം സങ്കടപ്പെടുന്നതെങ്കിൽ ദ്വിരാഷ്ട്രവാദത്തിന്റെ മുഴുവൻ പാപഭാരവും അദ്ദേഹത്തിന്റെ തലക്കുമീതെ വെ ച്ചുകെട്ടാൻ കഴിയുമോ?

മുസ്‌ലിംകളുടെ ആത്മീയസ്ഥാപനമായ ഖിലാഫത്തിന്റെ പ്രാതിനിധ്യം വഹിച്ച തുർക്കി സാമ്രാജ്യത്തിന്റെ പുനഃസ്ഥാപനവുമായി ബന്ധപ്പെട്ട ഖിലാഫത്ത് പ്രക്ഷോഭണത്തെ ഇന്ത്യയുടെ ദേശീയ പ്രസ്ഥാനവുമായി കൂട്ടിക്കുഴച്ചതിന്റെ പഴി കോൺഗ്രസ് ഏറെ കേട്ടതാണ്. മുസ്‌ലിംകളുടെ തികച്ചും മതപരമായ ഈ വികാരത്തെ ഉദ്ദീപിപ്പിച്ചതിനുശേഷമാണ് ദേശീയ സ്വാതന്ത്ര്യസമരരംഗത്തേക്ക് മുസ്‌ലിം പ്രവാഹമുണ്ടായത്. ജിന്ന ഇതിനെ തിരായിരുന്നു. എന്ന ത് ജിന്നയുടെ സെക്കുലർ മനോഭാവത്തിന്റെ നിദർശനമാണ്. സാമുദായികത്വത്തിന്റെ പേരിൽ പ്രക്ഷുബ്ധവും രക്തപങ്കിലവുമായ സമരസംഘട്ടനങ്ങൾ നടത്തേണ്ടിവന്ന ഒരു ജനസമൂഹത്തിന്റെ രാഷ്ട്രീയ സാക്ഷാത്കാരവേളയിൽ മതപരമായ യാതൊരു പക്ഷപാതിത്വവും കാണിക്കാതെ ജിന്ന ചെയ്ത പ്രസംഗം അദ്ദേഹത്തിന്റെ സെക്കുലർ ബോധത്തെ അന്യാദൃശവും ഐതിഹാസികവുമാക്കിതീർക്കുന്നു.

പന്നിയിറച്ചിയും മദ്യവും കഴിക്കുകയും പാഴ്സി യുവതിയെ വിവാഹം ചെയ്യുകയും മതപരമായ അനുഷ്ഠാനങ്ങളിൽ പങ്കെടുക്കാതിരിക്കുകയും ചെയ്യുന്നതാണ് ജിന്നയുടെ ഏറ്റവും വലിയ മതേതര മൂല്യങ്ങളായി നാം ഇതുവരെ പറഞ്ഞു കേൾക്കാറ്. എന്നാൽ ആദർശനിഷ്ഠയുള്ള ഒരു ജനാധിപത്യവാദിയുടെ മുഖം ജിന്നക്കുണ്ടായിരുന്നു. ജിന്നയുടെ സെക്കുലർ പ്രതിബദ്ധതയുടെ മറ്റൊരുദാഹരണമായിരുന്നു പാക്കിസ്താന്റെ ദേശീയഗാനമെഴുതാൻ അദ്ദേഹം ലാഹോറിൽ താമസിച്ചിരുന്ന ജഗന്നാഥ് ആസാദ് എന്ന ഒരു ഹിന്ദുകവിയെ തിരഞ്ഞെടുത്തത്. ഹിന്ദുവായ അദ്ദേഹം എഴുതിയ വരികൾ ഇപ്രകാരമാണ്.

ഐ സർസമീനേ പാക്

സാരേ തേരെ ഹെം ആജ്

സിതാരോം സെ തബ്നക് റോഷൻ ഹെ

കഹ്കഷാൻ സെ കഹിം ആജ് തേരി ഖേക്

'അല്ലയോ പാക് ഭൂമീ, നിന്റെ ഓരോ അണുവും നക്ഷത്രത്താൽ ശോഭിച്ചുകൊണ്ടിരിക്കുന്നു. നിന്റെ പരാഗങ്ങൾ പോലും മഴവില്ലിനെ പോലെ പ്രശോഭിതമാക്കപ്പെട്ടിരിക്കുന്നു.' നിർഭാഗ്യകരമെന്ന് പറയട്ടെ ജിന്നയുടെ മരണത്തിനുശേ ഷം പാകിസ്താൻ ആ ദേശീയഗാനം ഉപേക്ഷിച്ചു. പിന്നീട് ഹാഫിസ് ജലന്തറി എന്ന ഉറുദുകവി എഴുതിയ ദേശീയഗാനമാണ് പാകിസ്താൻ സ്വീകരിച്ചത്.

അതുല്യപ്രഭാവവാനായ ജിന്നയുടെ ഉജ്വലമായ വ്യക്തിത്വത്തിന്നു മുമ്പിൽ മുല്ലായിസത്തിന്റേയും, മത രാഷ്ട്ര മൗലിക വാദത്തിന്റേയും കരിംഭൂതങ്ങൾക്ക് നില്ക്കക്കള്ളിയില്ലായിരുന്നു. പാകിസ്താന്റെ ഇരുട്ടുമാളങ്ങളിൽ അന്ന് ഒളിച്ചുകഴിഞ്ഞിരുന്ന അവർ മതാഭിനിവേശമുള്ള പാകിസ്താനിലെ മുസ്‌ലിം സമൂഹത്തെ ഒട്ടും ഗ്രസിച്ചില്ല എ ന്നത് അത്ഭുതകരമാണ്. രോഗഗ്രസ്ഥനായ ജിന്നക്ക് ഒരു വർഷത്തെ ജീവിതം മാത്രമേ പാക്കിസ്താനിൽ ദൈവം വിധിച്ചുള്ളു. 1948 സപ്ത. 11ന് മഹാനായ ആ മതേതരവാദി ലോകത്തോടു വിടപറഞ്ഞു. അവി ടെ നിന്നും ആറുമാസം കഴിഞ്ഞപ്പോൾ ജിന്നയുടെ സെക്കുലർ സങ്കല്പത്തിൽ വെള്ളം ചേർക്കുന്ന ആദ്യത്തെ കാൽവെപ്പുണ്ടായി. മുല്ലമാരുടെ നിർബന്ധത്തിന് വഴങ്ങി – പാകിസ്താൻ പ്രധാനമന്ത്രിയായിരുന്ന ലിയാക്കത്ത് അലി ഖാൻ പാകിസ്താന്റെ ഭരണഘടനയിലെ പരമാധികാരം 'ജനങ്ങളിൽ നിക്ഷിപ്തമായിരിക്കും' എന്ന വാചകം മാറ്റി 'പരമാധികാരം അല്ലാഹുവിനായിരിക്കും' എന്ന ഭേദഗതി കൊണ്ടുവന്നു. പാകിസ്താനിലെ മുല്ലായിസത്തിന്റെ കുടിലതന്ത്രമായിരുന്നു ഇത്. "അല്ലാഹുവിന്റെ പരമാധികാരം" എന്നു പറഞ്ഞ് മുസ്‌ലിം ജനസാമാന്യത്തെ പേടിപ്പിച്ചുനിർ ത്തി സങ്കുചിത മനസ്കരും അസഹിഷ്ണുക്കളുമായ മുല്ലമാർ തങ്ങളുടെ സ്വന്തം മതവ്യാഖ്യാനങ്ങൾ അടിച്ചേൽപിക്കാനുള്ള കുതന്ത്രമാണ് പ്രയോഗിച്ചത് എന്നു വ്യക്തം. അല്ലാതെ അല്ലാഹു വന്ന് രാജ്യം ഭരിക്കില്ല എന്ന് ആർക്കാണറിയാത്തത്?

ജിന്നക്ക് ശേഷമുള്ള പാകിസ്താൻ അടിക്കടി അധോഗതിയിലേക്ക് മുതലക്കൂപ്പ് കുത്തുകയായിരുന്നു. മതരാഷ്ട്രവർഗ്ഗീയ സംഘടനയായ ജമാഅത്തെ ഇസ്‌ലാമിയും, മറ്റു മതഭ്രാന്തന്മാരായ ജിഹാദിപ്രസ്ഥാനങ്ങളും അഴിമതി വീരന്മാരായ രാഷ്ട്രീയ കക്ഷികളുമാണ് ഇന്ന് പാകിസ്താന്റെ ഭാഗധേയം നിർണ്ണയിക്കുന്നത്. പാകിസ്താനിലെ ജമാഅത്തെ ഇസ്‌ലാമിയുടെ നേതാവ് ഖാസിഹുസൈൻ ഒരു മാസം മുമ്പാണ് ജിന്ന ഭരണഘടനാനിർമ്മാണസഭയിൽ ചെയ്ത പ്രസംഗത്തിന്റെ പേരിൽ അദ്ദേഹത്തെ രൂക്ഷമായി വിമർശിച്ചത് എന്ന കാര്യവും പ്രത്യേകം ശ്രദ്ധേയമാണ്. ഇക്കൂട്ടരുടെ ജുഗുപ്സാവഹമായ രാഷ്ട്രീയപ്രവർത്തനം കൊണ്ട് ഗതിമുട്ടിയ പാകിസ്താനിൽ ജനാധിപത്യം അരനൂറ്റാണ്ടു കഴിഞ്ഞിട്ടും വിജയിച്ചിട്ടില്ല. ഇന്ത്യയോടൊപ്പം സ്വാതന്ത്ര്യം നേടിയ പാകിസ്താനിൽ ജനാധിപത്യത്തേക്കാൾ കൂടുതൽ പട്ടാളഭരണമാണുണ്ടായത്. ഇന്നും പട്ടാളക്കാരൻ തന്നെയാണ് അവിടെ സസുഖം വാഴുന്നത്. പാകിസ്താനിൽ ജിന്നയുടെ സെക്കുലർ സങ്കല്പത്തിന്റെ തകർച്ച അവിടുത്തെ അഹ്മദികളുടെ പൗരാവകാശങ്ങളും മൗലികാവകാശങ്ങളും ഇല്ലാതാക്കി എന്ന കാര്യവും പ്രത്യേകം ശ്രദ്ധേയമാണ്.

ചുരുക്കത്തിൽ വർഗ്ഗീയ വികാരങ്ങൾ രക്തവർണ്ണം പൂണ്ട് ഭീകരമായി കൂലംകുത്തിയൊഴുകിയ ഒരു കാലത്ത് ആ ഭീഭത്സമായ പ്രവാഹങ്ങളിൽ നിന്നും പ്രവണതകളിൽ നിന്നും മുക്തനായിക്കൊണ്ട് സെക്കുലറിസവും ജനാധിപത്യമൂല്യങ്ങളും ഉയർത്തിപ്പിടിച്ച ഖായിദെ, അഅ്സം ജിന്നാസാഹിബ് എ.ജി. നൂറാനി അഭിപ്രായപ്പെട്ടതുപോലെ സത്യസന്ധമായ വിലയിരുത്തൽ അർഹിക്കുന്ന രാഷ്ട്രീയ പ്രതിഭയും പ്രതിഭാസവുമാണ്. യഥാർത്ഥ ജിന്ന പുനർജനിക്കുമ്പോൾ തീർച്ചയായും നമ്മുടെയും പാകിസ്താന്റെയും സെക്കുലർ സങ്കല്പങ്ങളും ജനാധിപത്യവും ശക്തിപ്പെടാതിരിക്കില്ല. ■

*(34-ൽ നിന്ന് തുടർച്ച)*

ക്കുള്ള മുസ്‌ലിംകളുടെ ശാസ്ത്രനേതൃത്വം എന്നും ലോകം വിസ്മയപൂർവ്വം അംഗീകരിച്ചു തന്നിട്ടുണ്ട്. മദ്ധ്യ നൂറ്റാണ്ടുകളിൽ ശാസ്ത്രത്തിന്റെ ഭാഷ തന്നെ അറബിയായിരുന്നു. 'ഹിസ്റ്ററി ഓഫ് സയൻസ്' എന്ന ഗ്രന്ഥത്തിൽ ജോർജ്ജ് ഡാർട്ടൺ, ലോകത്തിന്റെ ശാസ്ത്രചരിത്രത്തെ 50 വർഷം വീതമുള്ള ഖണ്ഡങ്ങളാക്കി വിഭജിച്ചു. ഓരോ ശാസ്ത്രഖണ്ഡവും ഓരോ ശാസ്ത്രപ്രതിഭയുമായി ബന്ധിപ്പിച്ചു. പ്ലാറ്റോ, അരിസ്റ്റോട്ടിൽ, യൂക്ലിസ്, ആർക്കമിഡീസ് തുടങ്ങിയ പൗരാണിക പ്രതിഭകൾക്കുശേഷം ക്രിസ്തുവർഷം 750 മുതൽ 1100 വരെയുള്ള 350 വർഷം മുസ്‌ലിംകളുടേതാണെന്നദ്ദേഹം എഴുതിയിട്ടുണ്ട്. ജാബിർ, ഖവാരിസ്മി, റാസി, മസ്ഊദി, അബുൽവഫാ, ഇബ്നുസീന, അൽ ബിറൂനി, ഒമർഖയ്യാം മുതലായവരുടെ കാലഘട്ടം, അത് ശാസ്ത്രത്തിന്റെ ഇസ്‌ലാമിക കാലഘട്ടമായി അറിയപ്പെടുന്നു. ■

## വാർത്തകൾ


# കേരളത്തിൽ നിയമിതരായ മേഖലാ അമീർമാർ




**യു. മൻസൂർ അഹ്മദ് സാഹിബ്**
(കണ്ണൂർ മേഖല)



**കെ.എം. അഹ്മദ് കോയ സാഹിബ്**
(കോഴിക്കോട് മേഖല)




**പി. മുഹമ്മദലി മാസ്റ്റർ**
(മലപ്പുറം മേഖല)



**പ്രൊഫ. അബ്ദുൽ കരീം സാഹിബ്**
(പാലക്കാട് മേഖല)



**ബി.ബി. അഹ്മദ് കബീർ സാഹിബ്**
(എറണാകുളം മേഖല)



**എ. അഹ്മദ് ശരീഫ് സാഹിബ്**
(തിരുവനന്തപുരം മേഖല)

***(28-ൽ നിന്ന് തുടർച്ച)***

രഹസ്യജ്ഞനുമായിരിക്കണം.

അങ്ങനെ നിങ്ങൾ നബി(സ)യുടെ അനന്തരാവകാശിയാവണം. സത്യത്തിന്റെ ജേതാവും ദൂതനുമാകണം. വിലായത്തുകൾ നിങ്ങളിൽ പൂർണമാവണം. എല്ലാ സേവകന്മാരും (അബ്ദാൻ) നിങ്ങളിലേക്ക് ചായണം. നിങ്ങളിലൂടെ എല്ലാ ഉത്കണ്ഠകളും നീങ്ങിപ്പോവണം. നിങ്ങളിലൂടെ ജലം വർഷിച്ച് കൃഷി വളരണം. വലിയവരും ചെറിയവരുമായ ജനങ്ങളുടെയും അപകടം നിറഞ്ഞ മേഖലകളിൽ വസിക്കുന്നവരുടേയും ഭരണാധികാരികളുടേയും ഭരണീയരുടേയും നേതാക്കളുടേയും സമൂഹത്തിന്റേയും ദുരിതങ്ങളും പ്രയാസങ്ങളും നിങ്ങളിലൂടെ വിപാടനം ചെയ്യപ്പെടണം.

നിങ്ങൾ രാജ്യത്തിന്റെ പ്രത്യേകാധികാരമായിരിക്കണം. ജനങ്ങൾ അവരുടെ ബഹുമതികളർപ്പിക്കാനും സമ്മാനങ്ങൾ നൽകാനും, നിങ്ങളെ സേവിക്കാനും നിങ്ങളിലേക്ക് ധൃതിയോടെ വരണം. എല്ലാ നാവുകളും എല്ലായ്പ്പോഴും നിങ്ങ

***(ശേഷം 41-ൽ)***

## വാർത്തകൾ

# കോഴിക്കോട് മേഖലാ സമ്പൂർണ്ണ സമ്മേളനവും സ്വാതന്ത്ര്യദിനാഘോഷവും

കോഴിക്കോട് : ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനത്തിൽ സ്വാതന്ത്ര്യ ദിനാഘോഷവും ജമാഅത്തിന്റെ കോഴിക്കോട് മേഖലാ സമ്മേളനവും നടന്നു. ബഹുമാനപ്പെട്ട കോഴി ക്കോട് എം.പി. എം.കെ. രാഘവൻ പങ്കെടുത്തു. രാവിലെ 9 മണിക്ക് കോഴിക്കോട് മേഖലാ അമീർ എം. എ. മുഹമ്മദ് സാഹി ബ് ദേശീയ പതാക ഉയർത്തിയതോടെ സ്വാത ന്ത്ര്യദിനാഘോഷ പരിപാടികൾ ആരംഭിച്ചു. പതാക ഉയർത്തിയതിനു ശേഷം മധുരപലഹാരങ്ങൾ വിത രണം ചെയ്യുകയും ദേശഭക്തിഗാനം ആലപിക്കുകയും ചെയ്തു. തുടർന്ന് 'ദേശസ്നേഹവും ഇസ് ലാമും' എന്ന വിഷയത്തെ അധിക രിച്ചു നടന്ന സെമിനാറിൽ കോഴി ക്കോട് അമീർ കെ.എം. അഹ്മദ് കോയ സാഹിബ് ആമുഖഭാഷണം നടത്തി. എം. അബ്ദുറഹ്മാൻ സാഹിബ്, പ്രൊഫ. മഹ്മൂദ് അഹ്മദ് എന്നിവർ പ്രസംഗിച്ചു. എ.എം. മുഹ മ്മദ് സലീം മോഡറേറ്ററായിരുന്നു. സെമിനാറിനും സമ്മേളനത്തിനും ആശംസകളർപ്പിച്ചുകൊണ്ട് ബഹു മാനപ്പെട്ട കോഴിക്കോട് എം.പി. എം. കെ. രാഘവൻ സംസാരിച്ചു. എല്ലാ വിഭാഗം ജനതകളോടും മതേതര ഭാരതം സമവീക്ഷണത്തോടെ പെ രുമാറുന്നു. മഹത്തായ ഈ രാജ്യ ത്തിന്റെ പൈതൃകമതാണെന്നും അദ്ദേഹം പറഞ്ഞു. അഹ്മദിയ്യാ ജമാഅത്തുമായി എനിക്ക് വളരെ



*സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗ മായി എം.എ. മുഹമ്മദ് സാഹിബ് ദേശീയ പതാക ഉയർത്തുന്നു.*

അടുത്ത പരിചയമുണ്ടെന്നും, അദ്ദേഹം പറഞ്ഞു. പി. മുഹമ്മദലി മാസ്റ്റർ (അമീർ, മലപ്പുറം), എൻ. കു ഞ്ഞഹമ്മദ് മാസ്റ്റർ (അമീർ, കണ്ണൂർ) യു. മൻസൂർ അഹ്മദ് സാഹിബ് (നിയുക്ത അമീർ, കണ്ണൂർ) ഡോ. പി. അബ്ദുൾ കരീം, (പ്രസി. കംബ ളക്കാട്) പി.എം. ബഷീർ അഹ്മദ് സാഹിബ് (പ്രസി. മാത്തോട്ടം), ജലീൽ സാഹിബ് (പ്രസി. അമ്പല വയൽ) അൽതാഫ് അഹ്മദ് സാ ഹിബ് (പ്രസി. വടകര) എന്നിവർ ആശംസകൾ നേർന്നു. 'അഹ്മ ദിയ്യാ ഖിലാഫത്തും നിസാമെ ജമാ അത്തും' എന്ന വിഷയത്തെ കുറിച്ച് മൗലവി മുഹമ്മദ് സലീം സാഹിബ് കൊടുങ്ങല്ലൂർ, ബഹുസ്വര സമൂ ഹവും മുസ്ലിം സാമൂഹിക ജീവി തവും' എന്ന വിഷയത്തെ സംബ ന്ധിച്ച് മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബും പ്രസംഗിച്ചു. തുടർന്ന് ഹുസൂർ തിരുമനസ്സി ന്റെ ജർമ്മൻ ജൽസയുടെ തൽസമയ സംപ്രേക്ഷ ണവും സദസ്സിൽ വൈഡ് സ്ക്രീനി ലൂടെ പ്രദർശിപ്പിച്ചു.

മേഖലാസമ്മേളനത്തോടനുബ ന്ധിച്ച് ഖുർആൻ ഓതി പൂർത്തിയാ ക്കിയവരേയും, മതവിദ്യാഭ്യാസരംഗ ത്തും ഭൗതികവിദ്യാഭ്യാസരംഗ



*ബഹുമാനപ്പെട്ട കോഴിക്കോട് പാർലമെന്റംഗം ശ്രീ. എം.കെ. രാഘവൻ ആശം സാപ്രസംഗം നടത്തുന്നു. എ.എം. മുഹമ്മദ് സലീം സാഹിബ്, കെ.എം. അഹ്മദ് കോയ സാഹിബ്, എം.എ. മുഹമ്മദ് സാഹിബ്, പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ്, എം. അബ്ദുറഹ്മാൻ സാഹിബ് എന്നിവരെ കാണാം.*

ത്തും, മറ്റു സാമൂഹിക കലാവൈജ്ഞാനിക രംഗത്തും മികവ് തെളിയിച്ച ജമാഅത്തിലെ പ്രതിഭകളെയും ഉപഹാരം നൽകി ആദരിക്കുകയും അവരുടെ നേട്ടങ്ങളുടെ ഹ്രസ്വവിവരണം നൽകുകയും ചെയ്തു. ■

# മലപ്പുറം മേഖലാ സമ്മേളനം

കരുളായി : അഹ്മദിയ്യാ ജമാഅത്ത് മലപ്പുറം മേഖലാ ജൽസ ഫസ്‌ലെ ഉമർ പബ്ലിക് സ്കൂളിൽ ആഗ്സ്ത് 1, 2 തിയ്യതികളിൽ നടന്നു. മേഖലാ അമീർ പി. മുഹമ്മദലി മാസ്റ്റർ പതാകയുയർത്തിയതോടെ ജൽസ ആരംഭിച്ചു. പിന്നീട് തഅ്ലിം തർബിയ്യത്ത് സെഷനുകൾ നടന്നു. വാഗ്ദത്ത മസീഹി(അ)ന്റെ നമ്മുടെ അദ്ധ്യാപനങ്ങൾ എന്ന കൃതിയെ ആസ്പദമാക്കി അഹ്മദിയ്യാ സ്റ്റുഡൻസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ചർ ച്ചകളും നടന്നു. ആധുനിക വിദ്യാഭ്യാസവും ഖലീഫാ തിരുമനസ്സിന്റെ നിർദ്ദേശങ്ങളും, ഇസ്‌ലാഹ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ, നമസ്കാ രം കുട്ടികളുടെ ശിക്ഷണം, മാതാപിതാക്കളുടെ കടമകൾ എന്നീ വിഷയങ്ങളിൽ യഥാക്രമം ടി.കെ. മഹ്മൂദ് സാഹിബ് (കരുളായ്) മുജീബ് മൗലവി (മഞ്ചേരി) ടി.കെ. മഹ്മൂദ് മൗലവി സാഹിബ് (കരുളായ്) കെ. സിദ്ദീക്ക് മൗലവി (വാണിയമ്പലം) എന്നിവർ ക്ലാസെടുത്തു.

ടി.കെ. മുഹമ്മദ് സാഹിബ്, ടി. യം. അബ്ദുൽ ജലീൽ സാഹിബ്, സി.കെ. മുഹമ്മദ് സാഹിബ്, സി.എച്ച്. സിദ്ദീക്ക് സാഹിബ് എന്നിവർ അദ്ധ്യക്ഷത വഹിച്ചു. പി. അബ്ദുന്നാസർ മൗലവി ജൽസയുടെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ചും സി.പി. മൊയ്തീൻ കുട്ടി മൗലവി ഖുർആനും ക്ലാസും നടത്തി. സമാപന സമ്മേളനത്തിൽ എറണാകുളം മേഖലാ അമീർ ജ: ബി.ബി. അഹ്മദ് കബീർ സാഹിബ് മുഖ്യപ്രഭാഷണം നടത്തി. ■




*മലപ്പുറം സോണൽ തർബിയ്യത്ത് ജൽസ, സോണൽ അമീർ, ജനാബ് മുഹമ്മദലി മാസ്റ്റർ ഉൽഘടനം ചെയ്യുന്നു. എറണാകുളം മേഖലാ അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് സമീപം.*

# ലജ്ന സമ്മേളനം

**എറണാകുളം:** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ലജ്ന ഇമായില്ലാ(വനിതാ സംഘടന)യുടെ എറണാകുളം മേഖലാ സമ്മേളനം സമാപിച്ചു. മസ്ജിദ് ഉമറിൽ നടന്ന സമ്മേളം സോണൽ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് ഉദ്ഘാടനം ചെയ്തു. സന്താനങ്ങളോടുള്ള വിവേകപൂർണമായ സ്നേഹമില്ലായ്മയും ദൈവഭയമില്ലായ്മയുമാണ് മക്കളുടെ നാശത്തിനു കാരണമായി തീരുന്നതെന്ന് അദ്ദേ ഹം പറഞ്ഞു. മൗലവി നാസർ അഹ് മദ് സാഹിബ് മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. സമ്മേളനത്തിൽ എറണാകുളം ലജ്ന പ്രസിഡന്റ് റാ ബിയ ഷൗക്കത്ത് സാഹിബ് ആശംസകൾ നേർന്നു. മേഖലാ സെക്രട്ടറി മുംതാസ് സഫറുല്ല സാഹിബ അധ്യക്ഷത വഹിച്ചു. വനിതകൾക്കായി വിവിധ മത്സരപരിപാടികളും സംഘടിപ്പിച്ചിരുന്നു. എറണാകുളം, തൃശൂർ, ആലപ്പുഴ ജില്ലകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. ■

**ടി.കെ. സെമിയാ നജീബ്,**
**എറണാകുളം**

***(39-ൽ നിന്ന് തുടർച്ച)***

ളെക്കുറിച്ച് നന്മ പറയണം. നിങ്ങളുടെ സ്തുതികൾ ഗാനമായി പൊഴിയണം. രണ്ട് വിശ്വാസികൾ തമ്മിൽ നിന്നെ സംബന്ധിച്ച് വിഭിന്നാഭിപ്രായങ്ങൾ ഉണ്ടാവരുത്. അത്തരം നന്മ നിറഞ്ഞവനെ, നിങ്ങൾ ഭൂമിയിൽ വസിക്കുക അല്ലെങ്കിൽ സഞ്ചരിക്കുക.

***'അത് അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു. താനുദ്ദേശിക്കുന്നവർ ക്ക് അവനത് നൽകുന്നു. അല്ലാഹു മഹത്തായ അനുഗ്രഹത്തിന്റെ നാഥനാണ്.' (62:5)*** ■

*(Canada Gazette, Feb. 2009)*




*2009 ആഗസ്റ്റ് 14, 15, 16 തിയ്യതികളിൽ ജർമ്മനിയിൽ നടന്ന അഹ്മദിയ്യാ ജമാഅത്ത് ദേശീയ സമ്മേളനം ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഉദ്ഘാടനം ചെയ്യുന്നു.*




*എറണാകുളം മേഖലാ മജ്ലിസ് അൻസാറുല്ലാഹ് ക്യാമ്പ് വി.എ. മുഹമ്മദ് മാസ്റ്ററുടെ തിലാവത്തോടെ ആരംഭിക്കുന്നു. അദ്ധ്യക്ഷൻ സുബൈർ സാഹിബ് (ആലപ്പുഴ ജമാഅത്ത് പ്രസിഡന്റ്) മേഖലാ നാസിം ഷാഹുൽ ഹമീദ് സാഹിബ് (ഉദ്ഘാടകൻ) അബ്ദു റഹ്മാൻ സാഹിബ് (ഐരാപുരം സഊം), മൗലവി നജീബ് ഖാൻ സാഹിബ് എന്നിവരേയും കാണാം.*

# അനുസ്മരണം



## സാഹിബ് സാദാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ്

*അഹ്മദിയ്യാ ജമാഅത്തിന്റെ ഔദ്യോഗിക ചരിത്രകാരനും പ്രഗത്ഭ പണ്ഡിതനുമായ സാഹിബ് സാദാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ് പാകിസ്താനിലെ റബ്വയിൽ വെച്ച് ആഗസ്റ്റ് 25-ന് ദിവംഗതനായി. ഇന്നാലില്ലാഹി..... 1994-ൽ അദ്ദേഹം കേരളം സന്ദർശിച്ചിരുന്നു.*